വാല്യം 40

ചമ്പക്കുളം ബ്ലോക്ക്

(ആലപ്പുഴ ജില്ല)

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

തലവടി ഗ്രാമ പഞ്ചായത്ത്



അധികാരം ജനങ്ങളിലേക്ക്

മഹാത്മാ ഗാന്ധിയുടെ ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കുന്നു. !

എഡിറ്റോറിയൽ ബോർഡ്

ശ്രീ. അനിയൻ പുന്നശ്ശേരി
ശ്രീ. ബാബു വലിയവീടൻ
ശ്രീ. എം. വേണുഗോപാൽ
ശ്രീമതി. ബേബി ചാണ്ടി
ശ്രീ. പി. ജയപ്രകാശ്
ശ്രീ. ജോജി. ജെ. വൈലപ്പള്ളി


ALAPPUZHA DISTRICT
ALAPPUZHA MUNICIPALITY
THALAVADY

ശ്രീമതി. ലാലി അലക്സ്
പ്രസിഡന്റ്, 1-ാം വാർഡ് മെമ്പർ



പ്രൊഫ. ഉമ്മൻ മാത്യു
എക്സ് എം. എൽ. എ., മുൻ പ്രസിഡന്റ്
3-ാം വാർഡ് മെമ്പർ

ശ്രീമതി. ചിന്നമ്മ മാത്യു
സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ
10-ാം വാർഡ് മെമ്പർ

ശ്രീമതി. മറിയാമ്മ സ്കറിയ
വൈസ് പ്രസിഡന്റ്
4-ാം വാർഡ് മെമ്പർ



ശ്രീ. മാത്യു ചാണ്ടി
6-ാം വാർഡ് മെമ്പർ



ശ്രീ. അനിയൻ പുന്നശ്ശേരി
5-ാം വാർഡ് മെമ്പർ



ശ്രീ. ബാബു വലിയവീടൻ
2-ാം വാർഡ് മെമ്പർ

ശ്രീ. എം. വേണുഗോപാൽ
9-ാം വാർഡ് മെമ്പർ



ശ്രീ. പി. കെ. ചെല്ലപ്പൻ
8-ാം വാർഡ് മെമ്പർ

ശ്രീമതി. ബേബി ചാണ്ടി
7-ാം വാർഡ് മെമ്പർ

ആമുഖം

സ്വാതന്ത്ര്യ ലബ്ധിയ്ക്കു ശേഷം നിലവിൽ വന്ന പഞ്ചായത്തു സമിതികൾക്ക് ഭരണരംഗത്തും വികസനരംഗത്തും ജനകീയ പുനഃസംവിധാനം ഫലപ്രദവും കാര്യക്ഷമവുമായി നടപ്പിലാക്കുവാൻ പല കാരണങ്ങളാലും കഴിഞ്ഞില്ല. '' ഗ്രാമ പഞ്ചായത്തുകൾ '' നടപ്പാക്കുവാനുള്ള ''നിർദ്ദേശക തത്വം'' പോലും 1994 ൽ മാത്രമാണ് നടപ്പിലാക്കുവാൻ കഴിഞ്ഞത്. അധികാരവും ആസൂത്രണവും മുകളിൽനിന്ന് എന്ന രീതിയ്ക്ക് ജനകീയ ആവശ്യങ്ങളെ ഉൾകൊള്ളുവാൻ കഴിഞ്ഞിരുന്നില്ല. തീരുമാനം എടുക്കുവാനും നടപ്പാക്കുന്നതിൽ പങ്കുവഹിക്കുവാനും സാധാരണക്കാരന് അവസരം നൽകുവാൻ നിലവിലുള്ള ആസൂത്രണ പ്രക്രിയ നേരെതിരിച്ചായാലേ പറ്റൂ. ആസൂത്രണത്തിന്റെ ദിശ അടിത്തട്ടിൽ നിന്ന് മേൽ തട്ടിലേക്ക് എന്ന് മാറ്റിക്കൊണ്ടാണ് കേരളാ ഗവൺമെൻ ഇപ്പോൾ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുള്ളത്. ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും എല്ലാവർക്കും തുല്യ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയും എന്നുള്ളത് ഉറപ്പാണ്. ജനകീയ പദ്ധതിയായി 9-ാം പഞ്ചവത്സര പദ്ധതിയെ കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത് വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തുകൾക്ക് ഉള്ള സർക്കാർ വിഹിതം 40 ശതമാനം, കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്ന ചില ഫണ്ടുകൾ, വികസന ഏജൻസികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം, പുതിയ വിഭവസമാഹരണ ശ്രോതസ്സുകൾ എല്ലാറിനും പുറമേ അദ്ധ്വാനമായും പണമായും ഉള്ള ജനകീയസംഭാവനകൾ തുടങ്ങിയവ ഗ്രാമപഞ്ചായത്തുകൾ മുഖേനയുള്ള വികസന പ്രക്രിയയെ ത്വരിതപ്പെടുത്തും. ജനകീയ പങ്കാളിത്തം വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിനെ കൂടുതൽ ശീഘ്രവും, തൃപ്തികരവും, കാര്യക്ഷമവും ആക്കുമെന്നു മാത്രമല്ല അഴിമതിയെ നിയന്ത്രിക്കുന്നതിനും സഹായിക്കും. ജനകീയ ആസൂത്രണ പ്രവർത്തനം തലവടി പഞ്ചായത്തിൽ വിവിധ വാർഡുകളിൽ നടന്ന വിശേഷാൽ ഗ്രാമ സഭകളോടുകൂടിയാണ് ആരംഭിച്ചത്. അതിനു ശേഷം പഞ്ചായത്ത് അടിസ്ഥാനത്തിൽ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ ഭവനങ്ങളും, സ്ഥാപനങ്ങളും സന്ദർശിച്ച് സർവ്വേ നടത്തുകയുണ്ടായി. ഈ സർവ്വേകളുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് തയ്യാറായി കഴിഞ്ഞിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ നടന്ന പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്നും 9 ആളുകൾ പങ്കെടുത്തിരുന്നു. ഈ രംഗത്ത് 100 സന്നദ്ധ പ്രവർത്തകരുടെ സേവനം രണ്ടാഴ്ചയോളം ലഭിച്ചിട്ടുണ്ട്. ധാരാളം വനിതാ വോളൻറിയർമാരുടെ സഹകരണം മുൻപ് ഉണ്ടായിട്ടില്ലാത്ത വിധം ഈ പ്രവർത്തനത്തിൽ ലഭിച്ചു. ജപ്പാൻപനിയ്ക്കെതിരേയും, കോളറായ്ക്കെതിരേയും, കൊതുകുനശീകരണത്തിനും വേണ്ടി ഈ പഞ്ചായത്തിലെ പത്തു വാർഡുകളിലും മെഡിക്കൽ ക്യാമ്പുകൾ നടത്തുകയുണ്ടായി. കേരള പിറവിദിനത്തോടനുബന്ധിച്ച് വിവിധ വാർഡുകളിലായി പത്തു പുതിയ റോഡുകളുടെ നിർമ്മാണം ജനകീയ പങ്കാളിത്തത്തോടുകൂടി ഏറ്റെടുത്തു നടത്തി. 2,17000/- രൂപാ പഞ്ചായത്ത് ഇതിനുവേണ്ടി ചിലവഴിച്ചപ്പോൾ ഈ ജോലികൾക്ക് ആവശ്യമായ അദ്ധ്വാനവും ജനകീയ സംഭാവനകളും ഉൾപ്പടെ ഒരു ലക്ഷത്തിലധികം രൂപാ ലഭിക്കുകയുണ്ടായി. തുടർന്നും നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് സുതാര്യതയും, ജനകീയ പങ്കാളിത്വവും ഉറപ്പാക്കുവാൻ പഞ്ചായത്തു സമിതി പ്രതിജ്ഞാബദ്ധമാണ്. അയൽക്കൂട്ട സംവിധാനം എന്ന ജനകീയ ശക്തിയെ ഉപയോഗിച്ചുകൊണ്ട് ജനകീയ ആസൂത്രണവും നിർവ്വഹണവും യഥാർത്ഥവും കാര്യക്ഷമവും ആക്കുവാൻ ഉള്ള വെല്ലുവിളി നേരിടുവാനുള്ള ആഹ്ളാദത്തോടെ തലവടി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ ഞങ്ങൾ സമർപ്പിക്കുന്നു.

പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിന്റെ പേര് :
തലവടി ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ്	: തലവടി
ബ്ലോക്കു പഞ്ചായത്ത്	: ചമ്പക്കുളം
താലൂക്ക്	: കുട്ടനാട്
അസംബ്ലി മണ്ഡലം	: കുട്ടനാട് 11-84
വിസ്തീർണ്ണം	: ~~15.76~~ ച. കി. മീ.
അതിരുകൾ	: കിഴക്ക് പമ്പയാറും, പത്തനംതിട്ട ജില്ലയും, വടക്ക് മുട്ടാർ പഞ്ചായത്തും, പടിഞ്ഞാറ് എടത്വാ പഞ്ചായത്തും, തെക്ക് നിരണം പഞ്ചായത്തും
ജനസംഖ്യ	: 26173 24733
പുരുഷന്മാർ	: 13160
സ്ത്രീകൾ	: 13013
ജനസാന്ദ്രത	: 1667
അക്ഷരാഭ്യാസമുള്ളവർ	: 25388
വാർഡുകൾ	: 10

പ്രസിഡൻറിന്റെ പേര് :
ശ്രീമതി ലാലി അലക്സ്

വൈസ് പ്രസിഡൻറിന്റെ പേര്
ശ്രീമതി മറിയാമ്മ സ്കറിയ

സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺ
ശ്രീമതി ചിന്നമ്മ മാത്യു

ചരിത്രം

കുട്ടനാട് താലൂക്കിലെ ചരിത്ര പ്രസിദ്ധമായ ഒരു ഗ്രാമമാണ് തലവടി. കിഴക്ക് പമ്പാനദിയുടെ ഒരു കൈവഴി കോക്കനടിത്തോട്, തെക്ക് അരീത്തോട്, പടിഞ്ഞാറ് മണക്കുതോട്, വെട്ടുതോട്, കളങ്ങരത്തോട്, വടക്ക് പമ്പാനദി, കൈതത്തോട്, എന്നിങ്ങനെ പ്രകൃതിദത്തമായ അതിരുകളോടുകൂടിയതാണ് ഈ പഞ്ചായത്ത്. മദ്ധ്യത്തിലൂടെ പമ്പയുടെ ഒരു കൈവഴി കടന്നുപോകുന്നുമുണ്ട്.

തിരുവിതാംകൂർ രാജ്യത്തിന് രൂപം കൊടുക്കുന്നതിനുമുമ്പ് ഇവിടെ പല നാട്ടുരാജ്യങ്ങളും നാടുവാഴികളും ഉണ്ടായിരുന്നു. തലവടി ഗ്രാമം ചെമ്പകശ്ശേരി രാജാവിന്റെ ഭരണത്തിൻകീഴിലായിരുന്നു. ഇന്നത്തെ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട് എന്നീ താലൂക്കുകൾ ചേർന്നതായിരുന്നു ചെമ്പകശ്ശേരി രാജ്യം.

രാജാവ് മാസംതോറും തലവടിയിലേക്ക് എഴുന്നെള്ളാറുണ്ടായിരുന്നു. അദ്ദേഹത്തിന് വിശ്രമത്തിനുവേണ്ടിയുള്ള കൊട്ടാരം ഇന്നത്തെ ഗവൺമെൻറ് ഹൈസ്കൂൾ നിലകൊള്ളുന്ന സ്ഥലത്തായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഡോക്ടർ മിച്ചൽ സായ്പ്പിന്റെ പ്ലാൻ അനുസരിച്ചു നിർമ്മിച്ചതാണ് ഇപ്പോഴുള്ള സ്കൂൾ കെട്ടിടം. രാജാവിനു തേവാരത്തിനുവേണ്ടി ഒരു ഗണപതികോവിലും സർപ്പാരാധനയ്ക്കുവേണ്ടി ഒരു സർപ്പക്കാവും കൊട്ടാരത്തോടു ചേർന്നുണ്ടായിരുന്നു. ഇവ രണ്ടും ഇന്നും നിലകൊള്ളുന്നുണ്ട്.

ചെമ്പകശ്ശേരി രാജാവിന്റെ പടനിലവും, കളരിയും, കളരിപ്പയറ്റും ഇവിടെ ഉണ്ടായിരുന്നു എന്നാണ് ഐതിഹ്യം.

ജനസാന്ദ്രതയിലും സംസ്കാരത്തിലും വിദ്യാഭ്യാസത്തിലും കുട്ടനാടിന്റെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ഏറ്റവും മുൻപന്തിയിലാണ് തലവടി. വിദ്യാഭ്യാസത്തിന് അഭിമാനകരമായ ഒരു പാരമ്പര്യമാണ് ഈ പഞ്ചായത്തിനുള്ളത്. അനേകം പ്രൈമറി സ്കൂളുകൾക്കുപുറമേ അഞ്ചു ഹൈസ്കൂളുകളും, വനിതകൾക്ക് മാത്രമായി ഒരു പ്രൊഫഷണൽ ട്രെയിനിംഗ് സ്കൂളും ഇന്ന് പ്രവർത്തനരംഗത്തുണ്ട്. ആനപ്രാമ്പാൽ ദേവസ്വം വക ഹൈസ്കൂളും കുന്നപ്പള്ളിൽ ശ്രീ. വാസുപിള്ളയുടെ മാനേജ്മെൻറിൽ നടത്തിയിരുന്ന സംസ്കൃത ഹൈസ്കൂളും നേരത്തെ തന്നെ നിർത്തലാക്കപ്പെട്ടു. എന്നാൽ ക്രിസ്തീയ സമുദായവും ക്രിസ്തീയസഭകളും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയെ മുൻപന്തിയിൽ എത്തിച്ചിരിക്കുകയാണ്. അഞ്ച് ഹൈസ്കൂളുകളിൽ ഒരെണ്ണം മാത്രമാണ് ഗവൺമെൻറ് ഉടമയിലുള്ളത്. മറ്റുനാലെണ്ണവും ക്രിസ്ത്യൻ മാനേജുമെൻറിലുള്ളതാണ്. പ്രൈമറി സ്കൂളുകളുടെ കാര്യത്തിലും മറിച്ചുപറയാ

നില്ല. വിശ്വസാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ളയുടെ ആദ്യകാല ഗുരു തലവടി തെക്കേക്കരയിൽ ചുടുകാട്ടിൽ വീട്ടിൽ ശ്രീ ഉമ്മനാശാൻ എന്നയാളായിരുന്നു.

ഒരു നാടിന്റെ സംസ്കാര കേദാരങ്ങളാണ് ആരാധനാലയങ്ങൾ. പമ്പയാറിന്റെ വടക്കുവശം ആനപ്രാമ്പാൽ ശ്രീ ധർമ്മ ശാസ്താക്ഷേത്രം മുതൽ കിഴക്കോട്ട് നീരേറ്റുപുറം ശ്രീവ്യാസ ക്ഷേത്രം വരെ ഏഴ് ക്ഷേത്രങ്ങളും, തെക്കേക്കര മാണത്താറ ശ്രീ സുബ്രഹ്മണ്യക്ഷേത്രം മുതൽ പടിഞ്ഞാട്ട് പുതുപ്പറമ്പിൽ ശ്രീ ഭഗവതിക്ഷേത്രം വരെ മൂന്നുക്ഷേത്രങ്ങളുമുണ്ട്. കൂടാതെ പഴയകാല സംസ്കാരത്തിന്റെ തനിമ വിളിച്ചറിയിക്കുന്ന നിരവധി കാവും കുളവും കുര്യാലയും നമ്മുടെ നാട്ടിലുണ്ട്. ഈ ക്ഷേത്രങ്ങളും എല്ലാം തന്നെ അതിപുരാതനവും പ്രമുഖവുമാണ്. ചക്കുളത്തുകാവു ശ്രീ ഭഗവതിക്ഷേത്രം ഇന്ന് സാർവ്വത്രിക പ്രസിദ്ധിയാർജ്ജിച്ചിരിക്കയാണ് ശ്രീനാരായണ ഗുരുസ്വാമികളുടെ പ്രവചനങ്ങളെ പ്രചരിപ്പിക്കുവാൻ പോരുന്ന ആറുഗുരുമന്ദിരങ്ങളും ഇവിടെയുണ്ട്. ഹൈന്ദവദേവാലയങ്ങളെക്കാൾ ഏറെ ക്രിസ്ത്യൻ ദേവാലയങ്ങളും ഇവിടെയുണ്ട്. വിശേഷിച്ച് 1839 ൽ റവ. തോമസ് നോർട്ടനാണ് കുന്തിരിക്കൽ സി. എം. എസ്. പള്ളി സ്ഥാപിച്ചത് എന്ന വിശേഷത കൂടിയുണ്ട്. കൂടാതെ അനേകം വായനശാലകളും ക്ലബുകളും സാംസ്കാരികതയെ വളർത്തുന്നു.

ഇവിടെ ഹരിജൻകോളനി, സെറ്റിൽമെന്റ് കോളനി, ലക്ഷം വീട് കോളനി, സാംബവകോളനി എന്നീ നിലകളിലുള്ള കോളനികളുണ്ട്

പഞ്ചായത്തു സമിതികൂടി വരുന്നതിനു മുമ്പായി 1948ൽ വില്ലേജ് യൂണിയൻ നിലവിൽ വന്നു. അന്നത്തെ വില്ലേജ് ആഫിസ്. (പ്രവൃത്തിക്കുന്നേരി) ആറിനു തെക്കേക്കരയിൽ കുന്നപ്പള്ളിൽ കെട്ടിടത്തിലാണു പ്രവർത്തിച്ചിരുന്നതെങ്കിലും വില്ലേജ് യൂണിയന്റെ ആസ്ഥാനം തലവടിഗവ. ഹൈസ്കൂളിനു വടക്കേക്കര പുത്തൻപുര വക കെട്ടിടത്തിലായിരുന്നു. യൂണിയനിൽ അഞ്ച് അംഗങ്ങളാണ് ഉണ്ടായിരുന്നത്. പൂണുതുറ ശ്രീ R. പരമേശ്വരപ്പണിക്കർ പ്രസിഡന്റും കുറിയിൽ ശ്രീ. T K. നൈനാൻ, തയ്യിൽ ശ്രീ T.M. കുരുവിള പുന്നശ്ശേരിൽ ശ്രീ P.K. ഗോവിന്ദൻ, നാലാങ്കൽ വള്ളപ്പുരയിൽ ശ്രീ T.N. സോമസുന്ദരൻപിള്ള എന്നിവർ കമ്മറ്റി അംഗങ്ങളുമായിരുന്നു. കല്ലൂർമഠം ശ്രീ K. കേശവൻ നമ്പൂതിരി നോമിനേറ്റഡ് മെമ്പറുമായിട്ടാണ് വില്ലേജ് യൂണിയൻ പ്രവർത്തിച്ചിരുന്നത്. ഇതിനു അഞ്ഞൂറുരൂപ ഗ്രാൻറുലഭിച്ചിരുന്നു.

വില്ലേജ് യൂണിയന്റെ പ്രവർത്തനം രണ്ടു കൊല്ലംതികയുന്നതിനു മുമ്പായി വില്ലേജ് യൂണിയനെ വില്ലേജ് അപ്പ്ലിഫ്റ്റ് സെൻറർ എന്നപേരിൽ ഉയർത്തി. വികസന പ്രവർത്തനത്തിനു വേണ്ടി ഗവൺമെൻറിൽ നിന്നും ഇരുപത്തയ്യായിരം രൂപ ഗ്രാൻറുലഭിച്ചു. ഇപ്രകാരമുള്ള ഒരു ഗ്രാന്റോ സ്ഥാനമോ മറ്റൊരു പഞ്ചായത്തിനും ലഭിച്ചിട്ടില്ല. അന്നത്തെ M. L. A. ആയിരുന്ന ശ്രീ നാരായണക്കുറുപ്പിന്റെ പ്രയത്നഫലമായിലഭിച്ചതാണ് ഈ തുക.

ഗ്രാൻറുകിട്ടിയതുകൊണ്ട് ഇന്നത്തെ പഞ്ചായത്താഫീസ് നിലകൊള്ളുന്നസ്ഥലത്ത് ഗ്രാൻറിന്റെ പകുതികൊണ്ട് പഞ്ചായത്തിനുവേണ്ടിഒരു കെട്ടിടം നിർമ്മിച്ചു. പഞ്ചായത്താഫീസ്നിലകൊള്ളുന്നസ്ഥലം വാര്യത്തുകുടംബത്തിലെ ശ്രീ കൊച്ചുകുട്ടനാശാൻ സംഭാവനചെയ്തതാണ്. ഇപ്പോഴുള്ളകെട്ടിടം 1982 ൽ നിർമ്മിച്ചതാണ്. 1951 ൽ പഞ്ചായത്തു സമിതി നിലവിൽ വന്നതോടുകൂടി വില്ലേജ് യൂണിയനും അപ്ലിഫ്റ്റ് സെൻററും പിരിച്ചുവിട്ടു.

ആദ്യത്തെ പഞ്ചായത്തുസമിതി ജനായത്തപരമായിത്തന്നെ തെരഞ്ഞെടുക്കപ്പെട്ടതായിരുന്നു, അതിലെ അംഗങ്ങൾ :-

1. ശ്രീ പി.കെ വാസുദേവൻനായർ
പ്രസിഡൻറ്(പട്ടരുമഠം)
2. ശ്രീ എ.കെ വർക്കി വൈസ്
പ്രസിഡൻറ്(അമ്പയിൽ)
3. ശ്രീ സി. എസ് കൊച്ചുണ്ണിക്കൈമൾ
പൂണുതുറപുത്തൻപുര
4. ശ്രീ കെ. ഈ. ഈപ്പൻ കളത്തിൽ

5. ശ്രീ. R. പരമേശ്വരപ്പണിക്കർ പൂണുതുറ
6. ശ്രീ. A. M. മാമ്മൻ അമ്പയിൽ
7. ശ്രീ. തോമസ് ഇട്ടിച്ചെറിയ മാടവന
8. ശ്രീ. T. N. ഗോപിനാഥൻ പിള്ള നാലാങ്കൽ
9. നോമിനേറ്റഡ് ഹരിജൻ മെമ്പർ
   ശ്രീ. കാളിദാസൻ

പട്ടരുമഠം ശ്രീ P.K. വാസുദേവൻ നായർ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടെങ്കിലും രോഗ ശയ്യയിലായിരുന്ന അദ്ദേഹത്തിനു് ആഫീസിൽ വന്നു് ചാർജ്ജെടുക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ മരണശേഷം ശ്രീ ഏ. കെ. വർക്കിയെ പ്രസിഡൻറായി തിരഞ്ഞെടുത്തു.

പിന്നീടുള്ള പ്രസിഡൻറുമാർ.

1. M. A. മുരളീധരൻ പിള്ള
2. K. ദിവാകരപ്പണിക്കർ
3. ജോർജ് വർഗ്ഗീസ്
4. M. I. ഈപ്പൻ
5. പ്രൊഫ. ഉമ്മൻ മാത്യു
6. അഡ്വ. ചെറിയാൻ കുരുവിള
7. ലാലി അലക്സ്

തിരുവിതാംകൂർ സംസ്ഥാനത്ത് 19-ാം നൂറ്റാണ്ടിനു മുമ്പുവരെ നിലനിന്നിരുന്ന ഉച്ച നീചത്വ സമ്പ്രദായവും, ജാതി വ്യവസ്ഥയും ജന്മിത്വവും തലവടിയിലും നിലനിന്നിരുന്നു. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയും സ്വാധീനവും ശ്രീനാരായണ ഗുരുദേവൻ, മഹാകവി കുമാരനാശാൻ, Dr. പൽപ്പു, അയ്യൻകാളി മുതലായ സാമൂഹ്യ പരിഷ്കർത്താക്കളുടെ പ്രവർത്തനവും സാമൂഹ്യ വ്യവസ്ഥയിൽ വമ്പിച്ച മാറ്റങ്ങളും ഉണ്ടാക്കിയിട്ടുണ്ട്.

ഭൂപ്രകൃതി, ജനപ്രകൃതി, ജലം

ഭൂപ്രകൃതി

പശ്ചിമഘട്ടത്തിൽ നിന്നും പടിഞ്ഞാറോട്ട് ഒഴുകി വേമ്പനാട്ട് കായലിൽ പതിക്കുന്ന പമ്പയാറും, മണിമലയാറും വേമ്പനാട്ടു കായലിന്റെ തെക്കുകിഴക്കേ മൂലയിൽ നൂറ്റാണ്ടുകളായി നിക്ഷേപിച്ച എക്കൽഅടിഞ്ഞുണ്ടായ പ്രദേശമാണ് തലവടിപഞ്ചായത്ത്. "God created the Country side but man Created the cities" എന്നു് വിശ്വസാഹിത്യകാരനായ Carlyle പറഞ്ഞിട്ടുള്ളതുപോലെ ഒരർത്ഥത്തിൽ തലവടി ഗ്രാമത്തിൽ കാണുന്ന കരപ്രദേശംമുഴുവൻ, കാലാകാലങ്ങളിൽ കായികാദ്ധ്വാനത്തിലൂടെ മനുഷ്യൻ സൃഷ്ടിച്ചതാണ്. പമ്പയാറും മണിമലയാറും ഒന്നായിചേർന്നു് ഈ പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെയും, അതിരുകളിലൂടെയും ഒഴുകുന്നു. പത്തിൽ കൂടുതൽ മീറ്റർ താഴത്തേക്കു് കുഴിക്കുമ്പോഴും കക്കയുടെ അവശിഷ്ടം ഭൂമിയ്ക്കടിയിൽ ഉള്ളതു്, ചരിത്രാതീതകാലത്തു് ഈ ഗ്രാമം വെള്ളം കയറി കിടന്ന കായലിന്റെ ഭാഗമാണെന്നു് വ്യക്തമായി തെളിയിക്കുന്നു. പാടശേഖരങ്ങളും, പാടശേഖരങ്ങളിൽ നിന്നും മനുഷ്യൻ ഉയർത്തിയ കരഭൂമികളും, ആറുകളും, കൈത്തോടുകളും മാത്രമേ ഈ പഞ്ചായത്തിൽ ഉള്ളൂ.

മൊത്ത വിസ്തീർണ്ണം 1557.6 ഹെക്ടർ മാത്രമുള്ള ഈ പഞ്ചായത്തിൽ 1020 ഹെക്ടർ പുഞ്ചനിലവും, 537 ഹെക്ടർ കരഭൂമിയുമാണ്. ആണ്ടുതോറും വയലുകളെ കര ഭൂമിയായി മാറ്റപ്പെടുന്നതു മൂലം പാടശേഖരത്തിന്റെ വിസ്തീർണ്ണം ക്രമേണ കുറഞ്ഞു് കരപ്രദേശം കൂടിക്കൊണ്ടിരിക്കുകയാണ്. പുഞ്ചനിലങ്ങളെല്ലാം ജലനിരപ്പിനു താഴെയാണ്. ഒക്ടോബർ നവംബർമാസമാകുമ്പോഴേക്കും പുഞ്ചനിലങ്ങളെക്കു് ചുറ്റുമുള്ള ബണ്ടുകളെ ബലപ്പെടുത്തി വെള്ളം പുറത്തേക്കു് പമ്പ് ചെയ്തു് നെൽകൃഷി ചെയ്തുവരുന്നു. മേയ് മാസം അവസാനത്തോടെ ആരംഭിയ്ക്കുന്ന കാലവർഷം മൂലം കരഭൂമി ഉൾപ്പെടെ വെള്ളത്തിനടിയിൽ ആകുന്നതുകൊണ്ടും അതിശക്തമായ വെള്ളപ്പൊക്കത്തെ തടഞ്ഞുനിർത്തുന്നതിനു് യോജിച്ച പുറംബണ്ടുകളെ ഇല്ലാത്തതിനാലും ഈ പ്രദേശത്തെ പുഞ്ചനിലങ്ങളെ ഒരു കൃഷിയിൽ മാത്രം

ഒതുങ്ങുകയാണ്. പുഞ്ചകൃഷി പണി ആരംഭിക്കേണ്ട അനുയോജ്യമായസമയം ഒക്ടോബർ നവമ്പർ മാസങ്ങളാണെങ്കിൽ പോലും അവിചാരിതമായി ഉണ്ടാകുന്ന തുലാവർഷവും, വെള്ളപ്പൊക്കവും മൂലം പലപ്പോഴും ദുർബലമായ പുറംബണ്ടുകൾ പൊട്ടിവെള്ളം കയറി കൃഷിനാശവും തൽഫലമായി കൃഷിഇറക്കുവാൻ താമസവും ഉണ്ടാകാറുണ്ട്. പുഞ്ചകൃഷിക്കുവേണ്ടിഉപയോഗിക്കുന്നടൺകണക്കിന് വളവും, കീടനാശിനിയും പുഴകളിലേക്ക് ഒഴുകി ചുറ്റുപാടുള്ള തോടുകളെ വിഷലിപ്തമാക്കുന്നതു മൂലം ഗുരുതരമായ പരിസ്ഥിതി പ്രശ്നത്തേയും, ശുദ്ധജല ദൗർലഭ്യത്തേയും ഈ ഗ്രാമം നേരിടുന്നു. ‹‹വെള്ളം വെള്ളം സർവ്വത്ര! കുടിക്കാൻ ഒരുതുള്ളി വെള്ളം ലഭ്യമല്ലാ,, എന്ന അവസ്ഥയാണ് ഇവിടെയുള്ളത്.

ജലമലിനീകരണം മത്സ്യസമ്പത്തിനേയും, താറാവ്കൃഷിയേയും വളരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. കര പ്രദേശത്തെ മുഖ്യകൃഷി തെങ്ങാണ്. പക്ഷേ ആകെയുള്ള 537 ഹെക്ടർ കര പ്രദേശത്തായി തിങ്ങിപാർക്കുന്ന 5500-ൽപരം കുടുംബങ്ങളിൽ 26000-ൽപരം ജനങ്ങൾ അധിവസിക്കുന്നു. അതായത് അധിവാസയോഗ്യമായ കര പ്രദേശങ്ങളിലെ ജനസാന്ദ്രത ഒരു ചതുരശ്രകിലോമീറ്ററിന് 5000-മാണ് ജനസംഖ്യ. അങ്ങനെ കണക്കാക്കിയാൽ ഈ ഗ്രാമത്തിലെ ജനസാന്ദ്രത വൻകിട പട്ടണങ്ങൾക്ക് തുല്യമാണ്.

ജന പ്രകൃതി

ഇപ്പോൾ ആകെ ജനസംഖ്യ 26000 ത്തിൽ പരമുണ്ടെങ്കിലും 1991 ലെ കനേഷുമാരി കണക്കു പ്രകാരം തലവടി പഞ്ചായത്തിലെ ജനസംഖ്യ 22166 ആണ്. ഇതിൽ പുരുഷൻമാർ 10760, സ്ത്രീകൾ 11406 ആണ്. സ്ത്രീകൾ പുരുഷൻമാരെക്കാൾ 646 പേർ കൂടുതലാണ്. പട്ടികജാതി വർഗ്ഗക്കാരുടെ എണ്ണം 942 ആണ്. ഈ പഞ്ചായത്തിലെ ജനങ്ങൾ സാക്ഷരരാണ്.

ഗൾഫ് പണത്തിന്റെ അതിപ്രസരമുള്ള പ്രദേശങ്ങളിലൊന്നാണിത്. ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്ന നിരവധി യുവതിയുവാക്കൾ ഈ പഞ്ചായത്തിലുണ്ട്. പ്രതുല്പാദനപരമല്ലാത്ത മേഖലകളിൽഈസമ്പത്ത്ചിലവഴിക്കുന്നതുമൂലം ഗ്രാമപ്രദേശമാണെങ്കിൽപോലും കരഭൂമിക്ക് അമിത വിലയാണ്. പക്ഷേ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ നിരവധി ആളുകൾ ഈ ഗ്രാമത്തിലുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങളൊന്നുംതന്നെ ഈ മേഖലയിലില്ല. ജനങ്ങളുടെ മുഖ്യവരുമാനമാർഗമായ കാർഷികരംഗം ആദായകരമല്ലാതായതോടെ മറ്റുതൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. മനുഷ്യവിഭവസമാഹരണ രംഗത്ത് ഈപഞ്ചായത്ത് പിന്നോക്കാവസ്ഥയിലാണ്. പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുകയും, തൊഴിൽപരിശീലനം നൽകുകയും ചെയ്താൽ മാത്രമേ രൂക്ഷമായി അനുഭവപ്പെടുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയുകയുള്ളു.

ജല പ്രകൃതി

ഈപഞ്ചായത്തിന്റെ എല്ലാഭാഗങ്ങളും പുഴകളാലും, തോടുകളാലും വേർതിരിക്കപ്പെട്ട പ്രദേശമാണ്. വലിയവെള്ളപ്പൊക്ക കാലത്ത് ഗ്രാമം മുഴുവൻ വെള്ളത്തിനടിയിലാണ്. വളരെ കുറച്ച് വീടുകൾ ഒഴികെയുള്ള എല്ലാ ഭവനങ്ങളും വെള്ളപ്പൊക്ക ഭീഷണിയെ നേരിടുന്നു. തൻമൂലം വെള്ളപൊക്ക കാലത്ത് ആളുകളെ സ്ക്കൂൾകെട്ടിടം പോലെയുള്ള സ്ഥലങ്ങളിൽ മാറ്റിപാർപ്പിച്ച് ഗ്രൂവൽ സെൻറർ തുടങ്ങുക എന്നത് എല്ലാവർഷങ്ങളിലും നടന്നുവരുന്ന പ്രക്രിയയാണ് പുഴകൾ ധാരാളം ഉണ്ടെങ്കിലും ശുദ്ധജലം ലഭ്യമല്ലാത്തതിനാലും ജനങ്ങൾ ആശ്രയിക്കുന്നത് കുട്ടനാട് ശുദ്ധജല വിതരണപദ്ധതിപ്രകാരം മണിമലയാറ്റിൽ നിന്ന് പൈപ്പിലൂടെ എത്തിച്ചേരുന്ന ജലത്തെയാണ്. മിക്കവീടുകളിലും കിണറുകൾ ഉണ്ടെങ്കിലും കിണറുകളിലെ ജലവും കുടിക്കുവാൻ അനുയോജ്യമല്ല. ജനങ്ങൾ ആശ്രയിക്കുന്നത് പൈപ്പുവെള്ളം മാത്രമാണെങ്കിലും ജലവിതരണം തൃപ്തികരമല്ല. ആവശ്യമായ ടാങ്കുകൾ സ്ഥാപിച്ച് കൂടുതൽ സ്ഥലത്തേക്ക് പൈപ്പുകൾ വലിച്ച് ടാപ്പുകൾ സ്ഥാപിച്ചാൽ മാത്രമേ കുടിവെള്ളം ക്ഷാമം പരിഹരിക്കുവാൻ സാധിക്കുകയുള്ളു.

കൃഷിയും ജലസേചനവും

കുട്ടനാട് താലൂക്കിൽ പെട്ട അതിവിസ്തൃതമായ ഒരുഗ്രാമമാണ് തലവടി. ഈ ഗ്രാമത്തെ പമ്പാ-മണിമല എന്നീ നദികളുടെ കൈവഴികളും ചേർന്ന് രണ്ട് അർദ്ധഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. നദിയുടെ തെക്കൻമേഖല ഉൾക്കൊള്ളുന്ന പ്രദേശത്തെ തെക്കൻ തലവടിയെന്നും വടക്കൻ മേഖല ഉൾക്കൊള്ളുന്ന പ്രദേശത്തെ വടക്കൻ തലവടി എന്നറിയപ്പെടുന്നു. ഈഗ്രാമത്തിലെ മുഖ്യകൃഷി കൃഷി നെല്ലും, തെങ്ങുമാണ്. ഇടവിളയായി വാഴ, പച്ചക്കറി എന്നിവ വ്യാപകമായും, മരച്ചീനി തുടങ്ങിയ കിഴങ്ങ് വർഗങ്ങളും നേരിയതോതിലും കൃഷി ചെയ്തുവരുന്നു, തെക്കേതലവടിയിൽ ചുരുങ്ങിയതോതിൽ കൃഷി ചെയ്തിരുന്ന കരിമ്പ്കൃഷി ഇന്ന്പാടെ നിലച്ചിരിക്കുകയാണ്.

തെക്കേതലവടി താരതമ്യേന ഉയർന്ന പ്രദേശമാണ് എങ്കിലും വെള്ളപ്പൊക്കക്കെടുതികളും ഇരുപ്രദേശത്തും ഒരുപോലെ ബാധിക്കുന്നു. 29 പാടശേഖരങ്ങളിലായ് 1020 ഹെക്ടർ നെൽവയലുകളും, തീർത്തും മനുഷ്യപ്രയത്നത്താൽ രൂപപ്പെടുത്തിയ 450 ഹെക്ടർ കരഭൂമിയും കൂടാതെ നിരവധി തോടുകളും, കുളങ്ങളും, റോഡുകളും അടങ്ങിയതാണ് ഈ പ്രദേശം.

ക്രമ നമ്പർ	പാടശേഖരങ്ങളുടെ പേര്	കൃഷിക്കാരുടെ എണ്ണം	ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ
1.	കണ്ണംകരി കടമ്പങ്കരി	149	112.14
2.	വട്ടടി കൊച്ചാലുംചുവട്	75	52.00
3.	ഇട്ടിയാര് മുട്ടുംപാടം കോനാകേരി	105	90.02
4.	മകരച്ചാലിൽ	62	33.67
5.	വയലാറുമാലി	35	16.26
6.	ചാലിയാടി	44	27.68
7.	പാടയ്ക്കകം	42	14.45
8.	ആനക്കിടാവിരുത്തി	180	122.00
9.	വേഴപ്രം	48	29.06
10.	മാരങ്കരി	48	29.06
11.	ചക്കംകരി	66	49.90
12.	പുതിയോരം	25	10.81
13.	എഴുനൂറും പാടം	103	64.14
14.	പുല്ലാടി മംഗലത്താടി	42	32.00
15.	പുത്തൻവാട	23	15.76
16.	ഉദയൻചാത്തൻ	86	63.72
17.	വാഴക്കുഴുവേലി	16	8.38
18.	ചൂട്ടുമാലി	63	55.04
19.	ഒറ്റതെങ്ങിൽ ബ്ലോക്ക്	4	6.06

20.	ആറ്റുപുറം	19	7. 4
21.	കുമ്പന്താനംഎരുമക്കരി	12	5.76
22,	കരുവേലിചിറക്കുഴി	36	24.05
23.	അർത്തിശ്ശേരി പേരില്ലാമരം	41	32.24
24.	മടയാടി	24	12.63
25.	തടത്തിൽ	12	7. 4
26.	കുറുവേലി	15	6. 8
27.	ചങ്ങനടി	25	12.97
28.	ചെറിയ പട്ടത്താനം	42	32.00
29.	ദേവസ്വം തുരുത്ത്	13	9.35
	രജിസ്റ്റർ ചെയ്യാത്ത പാടശേഖരങ്ങൾ	145	37.25
	ആകെ	1600	1020.00

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ചു കുടുംബം പുലർത്തിയിരുന്നു. എന്നാൽ ഇന്ന് കൃഷിഭൂമിയുടെ ആളോഹരി വിഹിതം കുറവും കൃഷിചിലവിലെ വർദ്ധനവും മൂലം വിദേശത്തും മറ്റു മേഖലകളിലും തൊഴിൽ തേടാൻ ജനങ്ങളെ നിർബന്ധിതമാക്കി. ഇത് ജനങ്ങളുടെ കൃഷിയോടുള്ള ആഭിമുഖ്യം കുറയാൻ ഇടയാക്കി.

കൃഷിഭൂമിയെ സംബന്ധിച്ച ചില വിവരങ്ങൾ താഴെ കൊടുക്കുന്നു.

1.	പഞ്ചായത്തിലെ ആകെ വിസ്തീർണ്ണം	11.8 ച.കി
2.	നെൽകൃഷിയ്ക്ക് ഉപയോഗിക്കുന്ന ഭൂമി	1020 ഹെക്ടർ
3.	പാടശേഖരങ്ങളുടെ എണ്ണം	29
4.	നെൽകർഷകരുടെ എണ്ണം	1600
5.	ശരാശരി ആളോഹരി കൃഷിഭൂമി	0.64 ഹെക്ടർ
6.	തെങ്ങുകൃഷിചെയ്യുന്ന ഭൂമി	450 ഹെക്ടർ
7.	വാഴ കൃഷിചെയ്യുന്ന ഭൂമി	75 ഹെക്ടർ
8,	പച്ചക്കറി കൃഷിചെയ്യുന്ന ഭൂമി	7 ഹെക്ടർ

നെൽകൃഷി

ഈ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ എല്ലാം തന്നെ ഏകദേശം 30 വർഷങ്ങൾക്കു മുൻപു വരെ രണ്ടു കൃഷി ചെയ്തിരുന്നു. പുഞ്ചയും കന്നികൊള്ളപ്പാല കൃഷിയുമായിരുന്നു അക്കാലത്ത് ചെയ്തു വന്നിരുന്നത്. പരമ്പരാഗതമായ വിത്തിനങ്ങൾ ആണ് ഉപയോഗിച്ചിരുന്നത്. അത്യുൽ

പാദന ശേഷിയുള്ള വിത്തിനങ്ങളും വ്യാപകമായതോടെ കൃഷി ചെലവിലും ഉത്പാദനത്തിലും വർദ്ധനവ് ഉണ്ടായി. പഞ്ചായത്തിലെ 29 പാടങ്ങളിൽ മുഴുവനും പുതിയ വിത്തിനങ്ങളും പുഞ്ച കൃഷി ചെയ്തിരുന്നു എങ്കിലും, രണ്ടാം കൃഷി വെള്ളം വറ്റിച്ചു കൃഷി ഇറക്കിയിട്ടുള്ള പാടശേഖരങ്ങളും നാളിതുവരെ 10 ൽ താഴെ മാത്രമാണ്. ഇന്ന് അത് ഏതാണ്ട് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. പമ്പിംഗ്, ചെലവ്, കൂലി, ഉത്പാദന ഉപാധികളുടെ വില തുടങ്ങിയവയിൽ ഉള്ള വർദ്ധനവിന് പുറമെ വെള്ളപ്പൊക്കത്തിന്റെ നിരന്തര ഭീഷണിയെ നേരിടാൻ പാടശേഖരങ്ങൾക്കുള്ള അഭാവം, തൊഴിലാളികളുടെ ദൗർലഭ്യത, രണ്ടാം കൃഷിയ്ക്ക് പമ്പിംഗ് സബ്സിഡിതുടങ്ങിയ ആനുകൂല്യം നൽകുന്നതിനുള്ള അശാസ്ത്രീയമായ കാഴ്ചപ്പാട് തുടങ്ങിയ നിരവധി കാരണങ്ങളും ഇതിന്റെപിന്നിലുണ്ട്. പുഞ്ചകൃഷിപോലും യഥാസമയത്ത് നടത്തുവാൻകഴിയുന്ന സൗകര്യങ്ങളുള്ള പാടശേഖരങ്ങളും വിരളമാണ്. കാലവർഷത്തിന്റെ ഭീഷണിയെ നേരിട്ടുകൊണ്ട് കൃഷിയിറക്കത്തക്കവിധത്തിലുള്ള ബണ്ടുകളുടെയും മോട്ടോർ തറകളുടെയും ആവശ്യമുള്ള കപ്പാസിറ്റിയോടുകൂടിയ മോട്ടോറുകളുടെയും അഭാവമാണ് ഇതിന്റെ കാരണങ്ങളും ഇക്കാരണത്താൽ തന്നെ കുട്ടനാട്ടിൽ മറ്റു പ്രദേശങ്ങളിൽ ഹെക്ടറിൽ 5 മുതൽ 6 ടൺവരെ വിളവുലഭിക്കുമ്പോൾ തലവടി പ്രദേശത്ത് 3മുതൽ 3.5ടൺ ആയി കുറയാൻ ഇടയായിട്ടുണ്ട്. ഗുണനിലവാരമുള്ള വിത്തിനങ്ങളുടെ ലഭ്യതകുറവും ഇതിനുകാരണമാകാറുണ്ട്. ഉത്പന്നത്തിന് ന്യായവില ലഭിക്കാനുള്ള സാദ്ധ്യതയും നിലവിലില്ല.

തെങ്ങ് കൃഷി

നൂറാണ്ടിന്റെ പഴക്കമുള്ള കാറ്റുവീഴ്ച രോഗം ബാധിച്ച പ്രദേശമെന്ന നിലയിൽ തെങ്ങ് കൃഷിയ്ക്ക് പ്രതിബന്ധങ്ങൾ ഉണ്ടെങ്കിൽ തന്നെ ഏതാണ്ട് 25 വർഷം മുൻപ് വരെ തെങ്ങിൽ നിന്നുള്ള ആദായം ഈ പ്രദേശത്തെ കർഷകർക്ക് വലിയ അനുഗ്രഹമായിരുന്നു. ഇക്കാലയളവിൽ ശരാശരി 200 തേങ്ങ വരെ ഒരു വർഷത്തിൽ ലഭിച്ചിരുന്നു. ഇന്ന് ഇത് 50 ൽ താഴെയായി കുറഞ്ഞിരിക്കുന്ന സ്ഥിതിവിശേഷമാണ്. ഇതിന് ആസ്പദമായ കാരണങ്ങളും പലതാണ് കാറ്റുവീഴ്ച പ്രതിരോധിക്കാൻ കഴിയുമാറ് ശരിയായ പരിചരണ മുറകളും നൽകുവാനും അതിന് ആവശ്യമായ ഉത്പാദന ഉപാധികളും കൃത്യമായി നൽകുവാനും സാധിക്കാത്തത് ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രദേശത്ത് തെങ്ങിന് ആവശ്യമായ ചരൽ നൽകുന്നതിനും, വളം പ്രയോഗിക്കുന്നതിനും ഓലരോഗം, കൂമ്പുചീയൽ, ചെമ്പൻചെല്ലി, കൊമ്പൻചെല്ലി തുടങ്ങിയ രോഗബാധകൾക്കെതിരെ സസ്യസംരക്ഷണ നടപടികളും സ്വീകരിക്കുന്നതിനും ഇന്ന് സാധിക്കുന്നില്ല. ചെളിമണ്ണിലും ബണ്ടുകളിലും നിൽക്കുന്ന തെങ്ങുകളും 6 മാസക്കാലം കടുത്തജലക്ഷാമത്തെ നേരിടുന്നതും ഉത്പാദനത്തെ കാര്യമായി ബാധിക്കുന്നു.

പച്ചക്കറി

വെള്ളപ്പൊക്കഭീഷണിയുള്ള ഈ പ്രദേശത്ത് പച്ചക്കറി കൃഷിയുടെ സാധ്യത വേനൽക്കാലത്തു മാത്രമാണ്. ഒക്ടോബർ നവംബർ മാസം മുതൽ ഏപ്രിൽ മെയ് മാസം വരെയുള്ള കാലയളവിൽ മാത്രം ഈ കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ ഏതാണ്ട് 70 ലക്ഷം രൂപയുടെ വിളവ് ഉത്പാദിപ്പിക്കുവാനുള്ള സാദ്ധ്യത ഈ പഞ്ചായത്തിനുണ്ട്.

പച്ചക്കറി കൃഷി പ്രധാനമായും രണ്ടു രീതിയിൽ നടക്കുന്നു.

1 വീട്ടുവളപ്പിൽ വീട്ടാവശ്യത്തിനായുള്ള കൃഷി
2. ലഭ്യമായ സ്ഥലങ്ങളിൽ വിപണനത്തിനായ്, അദ്ധ്വാനവും മുടക്കുമുതലും ഉപയോഗിച്ചുള്ള കൃഷി. ഇതിൽ വീട്ടുവളപ്പിൽ ഉള്ള കൃഷി നാമമാത്രമായി മാത്രമെ നടക്കുന്നുള്ളൂ. നമ്മുടെ പഞ്ചായത്തിൽ വിപണനത്തിനായുള്ള കൃഷി ഇന്നും അപര്യാപ്തമാണ്. ഉയർന്ന കൂലി, ഉത്പാദന ഉപാധികളുടെയും ജലസേചനസൗകര്യങ്ങളുടെയും അപര്യാപ്തത, കൂടാതെ കർഷകന്റെ മനോഭാവക്കുറവ്. തന്മൂലം വിവിധ ഇനം പച്ചക്കറി ഇനങ്ങൾക്കും സ്വയം പര്യാപ്തത കൈവരി

ക്കാൻ കഴിയാതെ വന്നിട്ടുള്ളതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലേക്ക് നയിക്കുന്നു.

ഫലവർഗ്ഗ കൃഷി

പുരയിടങ്ങളിൽ ലഭ്യമായ സ്ഥലത്ത് മാവ്, പ്ലാവ്, തുടങ്ങി നിരവധി ഫലവർഗ്ഗങ്ങൾ ആവശ്യാനുസരണം നട്ടുപിടിപ്പിക്കാൻ കർഷകർക്ക് മടിയില്ല. എന്നാൽ ഒരു പ്രധാന ഫലവർഗ്ഗമായ വാഴപ്പഴത്തിന്റെ കാര്യത്തിൽ ഒരു വികസനോന്മുഖമായ കാഴ്ചപ്പാട് ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രധാനമായും വീട്ടുവളപ്പിലെ വാഴക്കൃഷി, വാണിജ്യാടിസ്ഥാനത്തിൽ ഉള്ള നേന്ത്രവാഴക്കൃഷി, എന്നിങ്ങനെ രണ്ടുരീതിയിൽ നടക്കുന്നു. വാണിജ്യാടിസ്ഥാനത്തിലുള്ള വാഴക്കൃഷിക്ക് ഭൂമിയുടെ ലഭ്യത, മുടക്കുമുതലിനുള്ള സാദ്ധ്യതകൾ, എന്നീ പ്രതിബന്ധങ്ങൾ ഉണ്ട്. വീട്ടുവളപ്പിലെ കൃഷിയ്ക്ക് പ്രത്യക്ഷത്തിൽ തടസ്സങ്ങൾ ഇല്ലെങ്കിലും പ്രത്യേക പരിചരണങ്ങൾ ആവശ്യമില്ലാത്ത പാളയൻതോടൻ മാത്രമാണ് വ്യാപകമായി കൃഷി ചെയ്യുന്നത്. ഈ കൃഷി സമ്പദ്ഘടത്തിലും രോഗ കീട ബാധകൾ പ്രത്യേകിച്ച് നണ്ടുതുരപ്പൻ, വണ്ട് പോലെയുള്ള പുതിയ കീട ബാധകൾ മൂലം ഉത്പാദനക്കുറവ് ഉണ്ടാകുന്നു. വെള്ളപ്പൊക്കം, കാറ്റ്, തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ വാഴക്കൃഷിക്ക് ഭീഷണിയാണ്. എങ്കിലും പാളയൻതോടൻകൃഷി പ്രകൃതിയെ ഒരു പരിധി വരെ സംരക്ഷിക്കപ്പെടുന്നതായി കാണാം.

മറ്റു കൃഷികൾ

തെങ്ങിൻ തോട്ടത്തിൽ ഇടവിളയായി കൊക്കോ, കമുക്, കുരുമുളക്, ഗ്രാമ്പൂ, തുടങ്ങിയ വിളകൾ നടാറുണ്ടെങ്കിലും വളരെ പരിമിതമായ തോതിലെ ഇവ കൃഷി ചെയ്യാൻ സാധിക്കുന്നുള്ളൂ. സ്ഥലത്തിന്റെ അപര്യാപ്തത തന്നെ പ്രധാനപ്രശ്നം. കൊക്കോകൃഷി വ്യാപകമായി ഉണ്ടായിരുന്നു എങ്കിലും അപ്രതീക്ഷിതമായ കൊക്കോയുടെ വിലയിടിവ് ഈ കൃഷിയിൽ നിന്നും കർഷകരെ പിൻതിരിപ്പിച്ചു. വിലനിലവാരം ഉറപ്പാക്കിയാൽ ഈ കൃഷിയെ പുനരുജ്ജീവിപ്പിക്കാൻ സാധ്യതയേറെയാണ്. ലഭ്യമായ ഭൂമിയിൽ കൃഷിയിടങ്ങൾ മണ്ണിട്ടുയർത്തി പൂവരശ് താങ്ങുമരമായ് കുരുമുളക് കൃഷി ചെയ്താൽ കുരുമുളകിൽ നിന്നും ആദായം വർദ്ധിപ്പിക്കാൻ സാധിക്കും. പുഷ്പകൃഷി വിജയകരമായി രണ്ട് കർഷകർ ചെയ്യുന്നുണ്ടെങ്കിലും വ്യാപകമായിട്ടില്ല. ചെറിയ തോതിൽ മൽസ്യകൃഷി നടത്തുന്നുണ്ടെങ്കിലും അതും വ്യാപകമായിട്ടില്ല.

ഭൂവിനിയോഗവും മണ്ണിന്റെ ഗുണനിലവാരവും

നെൽ പാടങ്ങൾ ഫലത്തിൽ 6, 7 മാസക്കാലം തരിശായി കിടക്കുകയാണ് ഭൂപ്രകൃതിയുടെ പ്രത്യേകത മൂലം അവ പൂർണ്ണമായും വിനിയോഗിക്കപ്പെടാൻ സാധിക്കുന്നില്ല.

തലവടിയിലെ മണ്ണ് പൊതുവേ Clay loam ഇനത്തിൽപ്പെടുന്നു. ഇവിടുത്തെ മണ്ണിലെ പോഷക മൂല്യത്തെപ്പറ്റി പഠിച്ചതിൽ നിന്നും ഓർഗാനിക് കാർബൺ -1.45 % ഭാവഹം (kg/ha 19.4, ക്ഷാരം (kg/ha) 326 ആണെന്ന് തെളിഞ്ഞിട്ടുണ്ട്. നീർവാർച്ച തീരെയില്ലാത്ത ഇവിടുത്തെ മണ്ണ് പൊതുവേ അമ്ള സ്വഭാവമുള്ളതാണ്(PH-4.5-5)

ഉത്പാദന ഉപാധികൾ

1. വളം. രാസവള വിൽപ്പന സഹകാര്യമേഖലയിലും സഹകരണമേഖലയിലുമാണ് നടക്കുന്നത്. സഹകരണമേഖലയിൽ ഒരു സഹകരണസംഘവും സഹകാര്യമേഖലയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന 5 ഡീലർമാരുമാണ് ഇവിടെയുള്ളത്. വള പ്രയോഗം പൂർണ്ണമായും മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. നെൽകൃഷിക്ക് ആവശ്യമായ നീറുകക്കയുടെ ഉപയോഗം ഗവൺമെന്റ് സബ്സിഡി നിർത്തലാക്കിയതിൽ പിന്നെ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ജൈവ വള പ്രയോഗം ഇനിയും വ്യാപകമായിട്ടില്ല. ജൈവ വളങ്ങളുടേയും ജീവാണു വളങ്ങളുടേയും

ഉപയോഗം മെച്ചപ്പെട്ട രീതിയിൽ ഇവിടുത്തെ കൃഷിക്ക് പ്രയോജനപ്പെടുത്താവുന്നതേയുള്ളൂ. നെൽ പാടങ്ങളിലെ ചുവടുകച്ചി ഒരു പരിധി വരെ ജൈവ വളമായി കൃഷിക്ക് പ്രയോജനപ്പെടുന്നുണ്ട്.

കീടനാശിനികൾ

അശാസ്ത്രീയമായ കീടനാശിനി പ്രയോഗം കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. സംയോജിത സസ്യസംരക്ഷണത്തിന്റെ അഭാവവും കീടനാശിനികളുടെ അമിത ഉപയോഗവും പുതിയ കീടങ്ങളുടെ ആക്രമണം രൂക്ഷമാകാൻ സഹായിക്കുന്നു. ഏറ്റവും ഭയാനകമായ പരിസ്ഥിതി മലിനീകരണവും ഇതിന്റെ ഫലമായി ഉണ്ടായിരിക്കുന്നു. ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒന്നും സ്വകാര്യമേഖലയിൽ അഞ്ചും കീടനാശിനി വില്പനശാലകളുണ്ട്.

വായ്പ

തലവടി S C S 805 മാത്രമാണ് സഹകരണ മേഖലയിൽ കാർഷിക വായ്പക്കുള്ള ഏക ആശ്രയം. കൂടാതെ തലവടി ഫെഡറൽ ബാങ്ക്, നീരേറ്റുപുറം IOB അർത്തിശ്ശേരിയിലെ S. B. T, എന്നീ ബാങ്കുകളും എടത്വാ S. B. I തുടങ്ങിയ ബാങ്കുകളിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നു. എങ്കിലും വായ്പ സൗകര്യങ്ങൾ കർഷകർ പൂർണ്ണമായും വിനിയോഗിക്കുന്നില്ല എന്നു കാണാം. വായ്പ സൗകര്യങ്ങളുടെ സങ്കീർണ്ണതയും കർഷകരുടെ അജ്ഞതയും ഇതിന് കാരണമാണ്. നെൽ കൃഷിയ്ക്ക് വായ്പയുമായി ബന്ധപെടുത്തിയുള്ള ഇൻഷുറൻസ് സംവിധാനവും പൂർണ്ണമായും പ്രയോജന പ്രദമല്ല

കാർഷിക ഉപകരണങ്ങൾ

നെൽ കൃഷിയ്ക്കായി സ്വകാര്യ മേഖലയിൽ ഒരു ട്രാക്ടറും നെൽ ഉത്പാദക സമിതികളുടെ നാലു ട്രില്ലറുകളും പ്രവർത്തിക്കുന്നുണ്ട്. അവ. കാശഉഴവു നടത്തുന്ന ഉഴവുതൊഴിലാളികൾക്ക് പോസ് കലപ്പകൾ ഉണ്ടെന്നത് ഒഴിച്ചാൽ കർഷകരുടെ പക്കൽ കലപ്പകൾ ഇല്ല.

നിലമുഴവ് പ്രധാനമായും നടക്കുന്നത് ട്രാക്ടറും ട്രില്ലറും ഉപയോഗിച്ചാണ്. സ്വന്തമായി മോട്ടോർ, പെട്ടി, പറ, മുതലായ ഉപകരണങ്ങൾ ഒരു പാടശേഖരത്തിനും ഇപ്പോൾ ഇല്ല. സ്വകാര്യ വ്യക്തികളിൽ നിന്നും വാടകയ്ക്ക് എടുത്തു ഉപയോഗിക്കുന്നു. മരുന്നു തളിക്കുന്നതിനുള്ള പൗച്ചർസ് പ്രെയർ ഇപ്പോൾ ഉപയോഗിക്കുന്നില്ല. കർഷകർക്കും തൊഴിലാളികൾക്കും ഉള്ള സ്പ്രെയറുകളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. തലവടിയിലെ പട്ടിക ജാതി, പട്ടിക വർഗ്ഗ സഹകരണ സംഘത്തിന് മെതി യന്ത്രങ്ങൾ നൽകിയിട്ടുണ്ട് എങ്കിലും അശാസ്ത്രീയമായ രൂപകൽപന മൂലം യന്ത്രം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. തൊഴിലാളിക്ഷാമമുള്ള ഈ കാലയളവിൽ യന്ത്രോപകരണങ്ങളുടെ അഭാവം പ്രകടമാണ്. നെല്ല് പതിര് പിടിക്കുന്നതിന് സ്വകാര്യ മേഖലയിൽ ഉള്ള പാറ യന്ത്രമാണ് ഉപയോഗിക്കുന്നത്. തെങ്ങിന് മരുന്നു തളിക്കുന്നതിനുള്ള സ്പ്രെയർ, തെങ്ങു കയറ്റയന്ത്രം, എന്നിവ നാമമാത്രമായി മാത്രമെ കർഷകരുടെ പക്കൽ ഉള്ളൂ. തെങ്ങിന് ജലസേചനം നടത്താൻ നാമമാത്ര മായ പമ്പുകൾ കൃഷി ഭവൻ വഴി സബ്സിഡിയിൽ നൽകിയിട്ടുള്ളൂ.

വിത്തുകളും മറ്റ് നടീൽ വസ്തുക്കളും

പുഞ്ചകൃഷിക്ക് ആവശ്യമായ വിത്ത് ആദ്യന്തമായി ലഭ്യമല്ല. N S C, മറ്റു പഞ്ചായത്തിലെ കൃഷിക്കാർ എന്നിവരെ ആശ്രയിച്ചാണ് വിത്ത് ലഭ്യമാക്കുന്നത്.

തെങ്ങിൻ തൈകൾ കൃഷി ഭവൻ വഴി ലഭ്യമാക്കുന്നുണ്ട്. നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്ന ഗവ: അംഗീകൃത നെഴ്സറികൾ ഈ പഞ്ചായത്തിൽ ഇല്ല.

ജല വിനിയോഗം

29 പാടശേഖരങ്ങളും 32 മോട്ടോർ തറകളി ലൂടെ ജല നിർഗ്ഗമനം നടത്തിയാണ് പുഞ്ച കൃഷിയിറക്കുന്നത്. ജലവിനയോഗം ക്രമീകരിച്ച് കളനശീകരണം നടത്തുവാൻ എല്ലാ പാടശേഖരത്തി നും കഴിയുന്നില്ല. പമ്പിംഗ് സബ്സിഡി സർ ക്കാർ നൽകുന്നു. എങ്കിൽ തന്നെയും സബ്സിഡി തുകയിൽ കൂടുതൽ, കൃഷിക്കാർ വഹിക്കേണ്ടതായ നിലയിലാണ് ഇന്നത്തെ സബ്സിഡി സംവി ധാനം. അശാസ്ത്രീയമായ പമ്പിംഗ് സംവിധാ നമാണ് ഇതിന് കാരണം.

കൃഷിവകുപ്പ് സ്ഥാപനങ്ങൾ

1970 കളിൽ നിലവിലുണ്ടായിരുന്ന ഏലാ ഓഫീസ് 1980-ൽ നിർത്തലാക്കിയെങ്കിലും 1987 ൽ തലവടിയിൽ കൃഷി ഭവൻ നിലവിൽ വന്നു. കൃഷി വികസന സ്ഥാപനത്തിന്റെ പ്രവർത്തന ങ്ങളും കീടരോഗനിരീക്ഷണത്തിനു്. ഇന്നത്തെ കൃഷിഭവന്റെ സംവിധാനം അപര്യാപ്തമാണ്. കൃഷിഭവൻ വഴിനടപ്പിലാക്കുന്ന പ്രവർത്തനങ്ങളും മുൻകാലത്തെ അപേക്ഷിച്ച് വർദ്ധിച്ചിരിക്കു ന്നു. എന്നാൽ അതിന് അനുസൃതമായ ഉദ്യോഗ സ്ഥ സംവിധാനം നിലവിലില്ല. കൂടാതെ കൃഷിഭവനു് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കേണ്ടതു് അത്യന്താപേക്ഷിതമാണ്.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. പുറംബണ്ടുകളുടെ അപര്യാപ്തത. പുറം ബണ്ടുകളും കരിങ്കല്ലുകെട്ടി പുറത്തെ കുറഞ്ഞ ജല നിരപ്പിൽ നിന്നും 2.5 മീറ്റർ ഉയർത്തി 3 മീറ്റർ വീതിയിൽ സ്ഥിരമായ ബണ്ടു നിർമ്മിക്കുക. (എല്ലാ പാടശേഖരങ്ങളിലും)

2. ജലനിർഗമന മാർഗ്ഗങ്ങളും. എല്ലാ പാടശേഖര ങ്ങൾക്കും രണ്ടിൽ കുറയാത്ത കരിങ്കല്ലുമടയ്ക്കൽ ഷട്ടറുകളും ഉൾപ്പെടെ നിർമ്മിക്കുക. പാടശേഖര ങ്ങളുടെ വാച്ചാലുകളും വീതി കുറയ്ക്കാതിരിക്കു ന്നതിലേയ്ക്കായി, ഇരു വശങ്ങളും കല്ലു കെട്ടി ബലപ്പെടുത്തുക. പാടശേഖരങ്ങൾക്ക് സ്ഥിരം മോട്ടോർ തറകളും സ്ഥിരം മോട്ടോറും, പെട്ടിയും പറയും കണക്ഷനും ലഭ്യമാക്കുക. H. P കൂടിയ മോട്ടോറുകളും ലഭ്യമാക്കണം.

3. വിള പരിപാലനം

പുളിരസം കൂടുതൽ ഉള്ളതിനാൽ സബ്സി ഡി നിരക്കിൽ നൽകിട്ടുള്ള നീറുകക്കാവിതരണം പുന:സ്ഥാപിക്കുക. ഗുണനിലവാരമുള്ളവിത്തി ന്റെ ലഭ്യത സബ്സിഡി നിരക്കിൽ ഉറപ്പാക്കുക. കാർഷിക മേഖലയിൽ സ്തംഭനാവസ്ഥ ഒഴിവാ ക്കാൻ കർഷക തൊഴിലാളി വേതനനിരക്കുകളും കൃഷിയ്ക്ക് മുൻപായി വ്യവസ്ഥാപിതമായി നിശ്ചയിക്കുക, പമ്പിംഗ് സബ്സിഡി, പ്രൊ ഡക്ഷൻ ഇൻസെന്റീവ് തുടങ്ങിയ ആനുകൂല്യ ങ്ങളും കൃഷിഭവൻ വഴി കാലകാലങ്ങളിൽ ലഭ്യമാ ക്കുക, കീടരോഗ നിരീക്ഷണത്തിനും സസ്യ സം രക്ഷണത്തിനുമായി, കൃഷിഭവനിൽ അടിസ്ഥാ ന സാങ്കേതിക സൗകര്യങ്ങളും വർദ്ധിപ്പിക്കുക.

സംഘടനാപരമായ കാരണങ്ങൾ

നെല്ലുൽപാദക സമിതികളും വ്യവസ്ഥാപിത മായി പ്രവർത്തിക്കാൻ വേണ്ട സാഹചര്യങ്ങളും ഒരുക്കുക.

ഉത്പാദന ഉപാധികൾ

പുഞ്ച കൃഷിക്കുള്ള വിത്ത് പ്രദേശികമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. വായ്പാ സംവിധാനങ്ങളും ലഘൂകരിക്കുകയും, കൂടുതൽ വ്യാപിപ്പിക്കുകയുംചെയ്യണം. വിള ഇൻഷ്വറൻസ് എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കണം. തെങ്ങിന് ആവശ്യമായ ചരൽ, വളം തുടങ്ങിവയയുടെ ലഭ്യത ഉറപ്പാക്കുകയും സസ്യ സംരക്ഷണ നടപടികളും ചിട്ടയായി നടപ്പാക്കുകയുംവേണം. കൂടാതെ തെങ്ങു കൃഷിക്ക് ദീർഘകാലഅടിസ്ഥാനത്തിൽ വായ്പ നൽകണം.

പൊതു നിർദ്ദേശങ്ങൾ

പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കാൻ വിപുലമായ പദ്ധതി നടപ്പാക്കണം. വീട്ടുവളപ്പിൽ

സമ്മിശ്ര കൃഷി സമ്പ്രദായം വിപുലീകരിക്കണം. തരിശായി 6 മാസം കിടക്കുന്ന പാടശേഖരങ്ങളിൽ മത്സ്യക്കൃഷി താറാവു കൃഷി തുടങ്ങിയ വരുമാന മാനമാർഗ്ഗങ്ങളും നടപ്പിലാക്കണം. ഉത്പാദന വിപണനം കാര്യക്ഷമമാകുവാൻ മോഡേൺ റൈസ് മിൽ, കൊപ്ര സംഭരണം, വൈക്കോൽ സംസ്ക്കരണ വ്യവസായങ്ങളും, പുഷ്പ ഫല കൃഷിസംഘടനകളും വിപണന കേന്ദ്രങ്ങളും തുടങ്ങിയവ ഉണ്ടാക്കണം. എല്ലാ പാടശേഖരങ്ങൾക്കും കാർഷിക യന്ത്രോപകരണങ്ങൾകൊയ്ത്തുമെതിയന്ത്രം ഉൾപ്പെടെ ലഭ്യമാക്കുകയും അവയുടെപോക്കുവരവിനായി, കരഗതാഗത സൗകര്യങ്ങളും പാടശേഖരങ്ങളിൽ ഉണ്ടാക്കുകയും ചെയ്യണം. പുഷ്പക്കൃഷി പച്ചക്കറികൃഷി, മറ്റു കൃഷികൾക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കാനുള്ള നെഴ്സറികളും സ്ഥാപിക്കണം. ജൈവ ജീവാണു വള പ്രയോഗം കാര്യക്ഷമമാക്കാൻവേണ്ട നടപടികളും ഉണ്ടാക്കണം.

കാർഷിക പാരമ്പര്യം വേണ്ട പ്രകാരമുള്ള തലവടി പഞ്ചായത്തിലെ ഓരോ വിളകളുടെയും വികസനത്തിനും കുടുംബങ്ങളുടെ കാർഷികാദയം വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികളും കൃഷിവേനൽ ബഡ്ജറിലുള്ള പണവും പ്രാദേശികമായിട്ടുള്ള വിഭവസമാഹരണവും വഴി നടപ്പാക്കുവാൻ വേണ്ടി ആസൂത്രണത്തിൽ വേണ്ട നിർദേശങ്ങളും നൽകണം.

വേനൽക്കാലത്ത് പമ്പയാറിൽ നിന്നു ചേറിതോട്ടിലേക്ക് കോൺക്രീറ്റ് ടണൽ വർഷകാലത്ത് അടക്കത്തക്കരീതിയിൽ സ്ഥാപിക്കണം.

മൃഗസംരക്ഷണം

ആമുഖം

24,733 ജനങ്ങൾ വസിക്കുന്ന ഒരു പഞ്ചായത്താണ് തലവെടി. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. താഴ്ന്ന പ്രദേശമായതു കൊണ്ട് നെൽകൃഷി പല പാടങ്ങളിലും വർഷത്തിൽ ഒരു തവണ മാത്രമേ നടക്കുന്നുള്ളൂ. ബാക്കി സമയം ഫലപ്രദമായി ഉപയോഗിക്കുന്നതിനും, ജനങ്ങളുടെ വരുമാനത്തിൽ കൃത്യമായ വർദ്ധനവുണ്ടാക്കുന്നതിനും മൃഗസംരക്ഷണ മേഖലയ്ക്ക് കഴിയും. ഈ മേഖലയുടെ വികസനത്തിന് ഇപ്പോഴും കൃത്യമായ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല.

പാൽ, മുട്ട, മാംസം, എന്നിവയുടെ ഉല്പാദനം ആവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ തീരെ കുറവാണ്. പശു, ആട്, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. പക്ഷികളുടെ കാര്യത്തിൽ കോഴികൾ തന്നെ മുമ്പിൽ. എന്നാൽ താറാവ് കൃഷിയും കാര്യമായി നടക്കുന്നുണ്ട്. പോത്ത്, എരുമ, പന്നി, കാട, മുയൽ എന്നിവ ചുരുക്കം ചില വീടുകളിൽ മാത്രമാണ് ഇപ്പോൾ കാണുന്നത്. യന്ത്രവൽക്കരണം വന്നതോടെ മൃഗശക്തിയുടെ ഉപയോഗം കുറഞ്ഞു. എന്നിരുന്നാലും നിലംഉഴുതുവാൻ പോത്തുകളെ ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിലെ പക്ഷി മൃഗാദികളുടെ കണക്ക് 1987 സെൻസസ് പ്രകാരവും 1996 live stock profile പ്രകാരവും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. മുട്ട, പാൽ, എന്നിവയോടൊപ്പം ശുചിത്വമുള്ള മാംസം ഉല്പാദിപ്പിക്കുന്നതിനായി ഒരു അംഗീകൃത അറവുശാലയും, മാംസ പരിശോധനയും കർശനമാക്കണം.

പട്ടിക 1 1987 Census

1.	സങ്കരയിനം പശു	1543
2.	സങ്കരയിനം കാള	169
3.	നാടൻ പശു	916
4.	നാടൻ കാള	73
5.	പോത്ത്	24
6.	എരുമ	39
7.	പെൺ ആട്	947
8.	ആൺ ആട്	226
9.	നാടൻ കോഴി	20,920
10.	മേൽത്തരം കോഴി	1618
11.	താറാവ്	15,746
12.	പന്നി	2
13.	പട്ടി	1078

പട്ടിക II 1996 Live stock profile

സങ്കരയിനം പശു	1195
സങ്കരയിനം കാള	102
നാടൻ പശു	ലഭ്യമല്ല
നാടൻ കാള	63
പോത്ത്	67
എരുമ	88

മൃഗസംരക്ഷണ മേഖലയുടെ വളർച്ച പഞ്ചായത്തിലെ പൊതുവായും സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നു, അതുവഴി വരുമാനവും വർദ്ധിക്കുന്നു.

പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

ഒരു മൃഗാശുപത്രിയാണിന്നുള്ളത്. ആനപമ്പാൽ ക്ഷേത്രം വക വായനശാലയാണ് സർക്കാരിന് ആശുപത്രിക്കായി നൽകിയത്. ഇവിടെയുണ്ടായിരുന്ന സബ് സെൻറർ 1983-ൽ അപ്ഗ്രേഡ് ചെയ്ത് ആശുപത്രിയാക്കി. ആരംഭകാലത്തു ഇവിടെ വേണ്ടത്ര ജീവനക്കാരുണ്ടായിരുന്നെങ്കിലും കാലം മുൻപോട്ട് പോകുന്നതിനനുസരിച്ച് ജീവനക്കാരുടെ എണ്ണം കുറഞ്ഞുവരുന്നു. വെറ്റിനറി സർജൻ' ലൈവ് സ്റ്റോക്ക് അസിസ്റ്റൻറ്, അറ്റൻഡർ, സ്വീപ്പർ, എന്നീ തസ്തികകളും ഉള്ള ആശുപത്രിയിൽ ഇന്ന് ഡോക്ടറും അറ്റൻഡറും മാത്രമാണുള്ളത്. വളരെ പഴക്കമുള്ള കെട്ടിടമായതിനാൽ അറ്റകുറ്റപ്പണികളും ആവശ്യമാണ്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിൻറെ വടക്കൻ മേഖലയിലാണ് മൃഗാശുപത്രി സ്ഥിതി ചെയ്യുന്നത്. ആയതിനാൽ തെക്കൻ മേഖലയിൽ ഉള്ളവർക്ക് ആശുപത്രിയുടെ സേവനം കുറവാണ് കിട്ടുന്നത്. 500 പശുക്കൾക്ക് ഒരു Sub Centre എന്ന കണക്കിൽ Sub-Centre തുടങ്ങേണ്ടതാണ്.

പാലുൽപ്പാദനം

പഞ്ചായത്തിലെ ജനസംഖ്യ വച്ചു നോക്കുമ്പോൾ പാൽ ഉല്പാദനം വേണ്ടത്രയില്ല. ഒരു ദിവസം ശരാശരി 250 gm പാലെങ്കിലും ഒരാൾക്ക് ലഭിച്ചിരിക്കണം. അതു കൊണ്ടു തന്നെ പാൽ ഉൽപാദനത്തിന് വൻ സാധ്യതയുണ്ട്. നിലവിൽ പഞ്ചായത്തിലുള്ള രണ്ട് Apcos Society കളിൽ കൂടി പ്രതിദിനം ശരാശരി 100 ലിറ്റർ പാൽ മാത്രമേ സംഭരിക്കുന്നുള്ളു. ന്യായമായ വില ലഭിക്കുന്നില്ല എന്നകാരണത്താൽ കർഷകർ പാൽ സൊസൈറ്റികളിൽ നൽകാൻ മടിക്കുന്നു. ആഭ്യന്തര ഉപയോഗം എറെയുള്ളതും ഇതിന് കാരണമാണ്. ആയതിനാൻ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുകയാണ് ഇതിനുള്ള പ്രതിവിധി. കാലിതീറ്റയുടെ വർദ്ധിച്ച വില, കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾ എന്നിവ ഒരു പരിധിവരെ പാൽ ഉല്പാദനത്തിന്, തടസ്സം സൃഷ്ടിക്കുന്നു.

Co-operative Dairy unit

100 പശുക്കൾ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. തൊഴിൽ രഹിതരായ 10 ചെറുപ്പക്കാർക്കോ, 10 സ്ത്രീകൾക്കോ സംഘങ്ങൾ രൂപീകരിച്ച്, ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. ഇത്തരത്തിൽ 5 unit പഞ്ചായത്തിൻറെ വിവിധഭാഗങ്ങളിൽ നടപ്പാക്കാം. ഈയൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന പാൽ' ക്ഷീര സംഘങ്ങൾ വഴി വിൽക്കാവുന്നതാണ്. അധികം വരുന്ന പാൽ process ചെയ്യുവാൻ ഒരു milk processing unit ഉം കൂടി നടത്താവുന്നതാണ്. വിപണന സാധ്യത അനുസരിച്ച് പാലിൽ നിന്നുള്ള വിവിധ ഉൽപ്പന്നങ്ങളും ഇതു മൂലം ഉണ്ടാക്കുവാൻ സാധിക്കും. മൊത്തം തുകയിൽ 25 % അംഗങ്ങളുടെ കയ്യിൽ നിന്നും. 50% ബാങ്ക് വായ്പയായും 25% subsidy ആയും നൽകാവുന്നതാണ്. (details in plan)

Mini Dairy unit

3 പശുക്കൾ അടങ്ങുന്ന മിനി dairy unit പഞ്ചായത്തിലെ സ്ത്രീകളെ ഉദ്ദേശിച്ച് നടപ്പാക്കാവുന്നതാണ്. ഒരു വാർഡിൽ 50 എണ്ണം വീതം പഞ്ചായത്തിൽ ആകെ 500 unit നടത്താവുന്നതാണ്. തുകയിൽ 25% Subsidy (ഇതിൽ ഇൻഷ്വറൻസ് ഉൾപ്പെടുത്തണം) ആയും 75% bank loan ആയും ലഭ്യമാക്കാം. ഇവിടെ വില്പനക്ക് ശേഷം അധികം വരുന്ന പാൽ, മേൽ പറഞ്ഞ Processing unit ൽ ശേഖരിക്കാവുന്നതാണ്.

മാംസോൽപ്പാദനം

പഞ്ചായത്തിൽ ഇപ്പോൾ അംഗീകൃത അറവുശാലയില്ല ഏകദേശം 75,000 kg മാട്ടിറച്ചി പ്രതി

വർഷം വിൽപന നടത്തുന്നുണ്ട്. ഇറച്ചിക്കായി മാടുകളെ പഞ്ചായത്തിനു പുറത്തു നിന്നും ധാരാളം കൊണ്ടു വരുന്നുണ്ട്. ഏകദേശം 75% ആളുകളും മാംസം ഭക്ഷിക്കുന്നവരാണ്. ഇതിനാൽ ഒരു അംഗീകൃത അറവുശാലയും മാംസ പരിശോധനയും അത്യാവശ്യമാണ് കന്നുകാലികളിൽ നിന്നും മനുഷ്യനിലേക്ക് വരാവുന്ന പല രോഗങ്ങളും ഇതു വഴി തടയാൻ സാധിക്കും. പഞ്ചായത്തിലെ ആവശ്യത്തിനുള്ള മാംസ്യം ഉല്പാദിപ്പിക്കുന്നതിനു വേണ്ട മൃഗങ്ങളെ ഇവിടെ തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയണം. അതിനായി;-

1) കാള ക്കുട്ടികളെ ശരിയായ രീതിയിൽ പരിചരിക്കുക. 50–75 / വരെ കാള ക്കുട്ടികളെ ശരിയായ പരിചരണം ലഭിക്കാതെ ചത്തു പോകുന്നു. എന്നാൽ ഒരു വാർഡിൽ നിന്ന് 10കാള ക്കുട്ടികളെ വീതം തിരഞ്ഞെടുത്ത് ഇവയെ സൗജന്യ തീറ്റ, മരുന്ന്, ഇൻഷ്വറൻസ് എന്നിവ നൽകി പരിപാലിച്ചാൽ പത്തു വാർഡിൽ നിന്ന് 100 കാള ക്കുട്ടികളെ ഒരു വർഷം ഇറച്ചിക്കായി ഉല്പാദിപ്പിക്കുവാൻ കഴിയും.

2) മാംസക്കോഴി വളർത്തൽ: ഇപ്പോഴും പഞ്ചായത്തിൽ മാംസക്കോഴി വളർത്തൽ ഇല്ല. മറ്റിടങ്ങളിൽ നിന്നാണ് ഇറച്ചിക്കോഴികളും ഇവിടെ വരുന്നത്. സ്ഥലസൗകര്യമുള്ള തൊഴിൽ രഹിതർക്ക് ഈ മേഖലയിൽ വരാവുന്നതാണ്. 7 മുതൽ 8 ആഴ്ച യാകുമ്പോഴും ഇവ വേണ്ടത്ര ഭാരം നേടുകയും വില്പനയ്ക്ക് തയ്യാർ ആകുന്നതു മൂലം ഭാരിച്ച ചിലവൊ നഷ്ടങ്ങളൊ സംഭവിക്കുന്നില്ല. 250 ഇറച്ചി കോഴികളടങ്ങുന്ന ഒരു യൂണിറ്റ് എന്ന കണക്കിന് പഞ്ചായത്തിൽ മൊത്തം പത്ത് യൂണിറ്റ് തുടങ്ങാവുന്നതാണ്. അതിനാൽ ഒരാൾക്ക് ഒരു വർഷം 5തവണ വരെ ഇറച്ചിക്കോഴികളെ വിൽക്കാൻ സാധിക്കും.

ആടുവളർത്തൽ

ഇടത്തരം കർഷകർക്ക് അവരുടെ സാമ്പത്തിക പരിധിക്കുള്ളിൽ വളർത്താവുന്നതാണ് ആടുകൾ. അഴിച്ചുവിട്ടോ ആലയിൽ കെട്ടിയോ വളർത്താം ഇവയുടെ ഇറച്ചിയ്ക്കുള്ള വർദ്ധിച്ച വില കാരണം ആടുവളർത്തൽ വളരെ ലാഭകരമാണ്, ഇതോടൊപ്പം പാലും ലഭിക്കുന്നു. പഞ്ചായത്തിലുള്ള കോളനികൾ തിരഞ്ഞെടുത്ത് അവിടെ ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. 100 പെൺആട്ടിൻകുട്ടികളുടെ യൂണിറ്റും 20 ആൺ ആട്ടിൻകുട്ടികളുടെ യൂണിറ്റും തുടങ്ങാവുന്നതാണ്. ഇവയെ സമ്പൂർണ്ണ ഇൻഷ്വറൻസ് നൽകി പരിരക്ഷിക്കേണ്ടതാണ്. ആട്ടിൻതോൽ, കൊമ്പ്, കുടൽ എന്നിവയ്ക്ക് നല്ല വിപണനം ഉള്ളതിനാൽ ഒരു അംഗീകൃത അറവുശാലയുണ്ടെങ്കിൽ ഇവ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കും.

മുട്ടയുൽപ്പാദനം

1) വീട്ടുമുറ്റത്തെ കോഴി വളർത്തൽ:-

ഏറ്റവും കുറഞ്ഞ ചെലവിൽ തന്നെ വീട്ടാവശ്യത്തിനുള്ള മുട്ട ഉത്പാദിപ്പിക്കാൻ വീട്ടമ്മമാർക്ക് കഴിയും. അതു വഴി അവർക്ക് വരുമാന മാർഗ്ഗവും, മാംസ്യത്തിന്റെ അളവ് ഉയർത്തുകയും ചെയ്യാം.(പ്രതിദിനം 30ഗ്രാം മുട്ട കഴിക്കണമെന്നാണ് കണക്ക്.) 2 മാസം പ്രായമുള്ള 5 മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും അതിനായി ഒരു കൂടും സബ്സിഡി നിരക്കിൽ നൽകാവുന്നതാണ്. ഒരു പഞ്ചായത്തിൽ കുറഞ്ഞത് 1000 യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

2) താറാവ് വളർത്തൽ വീടുകളിൽ:-

കോഴികളെ വീടുകളിൽ വളർത്തുന്നതു പോലെ താറാവു വളർത്തുന്നതിന് അനുയോജ്യമായ സ്ഥലമുള്ള കർഷകരെ അതിനായി തിരഞ്ഞെടുക്കാം. ഒരു കർഷകന് ഒരു മാസം പ്രായമുള്ള 20 താറാവുകുഞ്ഞുങ്ങളെ വീതം വിതരണംചെയ്യാവുന്നതാണ്. അങ്ങനെ 100 കർഷകരെ ഈ പദ്ധതിക്കായി തെരഞ്ഞെടുക്കാം. കർഷകർക്ക് താറാവിൻ കുഞ്ഞുങ്ങളെ നഴ്സറിയിൽ നിന്നും വിതരണം ചെയ്യാം.

എഗർനഴ്സറി

ഗുണമേന്മയുള്ള കോഴി ക്കുഞ്ഞുങ്ങളെയും താറാവിൻ കുഞ്ഞുങ്ങളെയും ആവിശ്യത്തിനു ലഭ്യമാക്കുകയാണ് പദ്ധതി.

1. കോഴിവളർത്തൽ (നഴ്സറി) :-

ഒരു ദിവസം പ്രായമുള്ള കുഞ്ഞുങ്ങളെ വാങ്ങി 60 ദിവസം വരെ വളർത്തി വിപണനത്തിനു തയ്യാറാക്കുകയാണു പദ്ധതി. പ്രവർത്തനം. 500 കുഞ്ഞുങ്ങളെ വീതം വളർത്തുവാൻ കഴിയുന്ന 2 unit കളെ പഞ്ചായത്തിൽ തുടങ്ങാവുന്നതാണു. ഒരു വർഷം അഞ്ചു തവണയെങ്കിലും കുഞ്ഞുങ്ങളെ വളർത്തി വിൽക്കാം. വീട്ടു മുറ്റത്തെ കോഴി വളർത്തലുകാർക്കും മറ്റും ഇവിടെ നിന്നും കുഞ്ഞുങ്ങളെ നൽകാവുന്നതാണു.

2. താറാവുനഴ്സറി :-

ഒരു ദിവസം പ്രായമുള്ള താറാവിൻ കുഞ്ഞുങ്ങളെ മൂന്നു മാസം വരെ വളർത്തി ആവശ്യമുള്ള കർഷകർക്കു വിതരണം ചെയ്യാവുന്നതാണു. 500 താറാവിൻ കുഞ്ഞുങ്ങളുടെ 10 unit പഞ്ചായത്തിൽ നടപ്പാക്കിയാൽ കർഷകർക്കു ആവശ്യത്തിനു താറാവിൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ കഴിയും. ഇതോടൊപ്പം ഇൻക്യുബേറർ (Incubator) സൗകര്യം ഏതെങ്കിലും ഒരിടത്തു നടപ്പാക്കിയാൽ മുട്ട സ്വയമായി കർഷകർക്കു ആരെയും ആശ്രയിക്കാതെ വിരിയിക്കാൻ സാധിക്കും. ധാരാളം കുളങ്ങളും, തോടുകളും, പാടങ്ങളുമുള്ള ഈ പ്രദേശത്തു താറാവു വളർത്തലിനു സാധ്യതയുണ്ടു.

ഇവകളെ രോഗങ്ങളെ വന്നു കൂട്ടത്തോടെ ചത്തൊടുങ്ങുന്നതു കാരണം കുഞ്ഞുങ്ങൾക്കും നേഴ്സറി ഉടമക്കും (കർഷകനും) സമ്പൂർണ്ണ ഇൻഷ്വറൻസു ഏർപ്പെടുത്തേണ്ടതാണു. കൂടാതെ രോഗ പ്രതിരോധ കുത്തിവെയ്പ്പുകളും യഥാസമയം നടത്തേണ്ടതുണ്ടു. ഇവകളെ വളർത്തുന്നതിനുള്ള shed, ഇൻഷ്വറൻസു, കുഞ്ഞുങ്ങളെ വാങ്ങുന്നതിനുള്ള തുക, തീറ്റ, മരുന്നു എന്നീ മൊത്തം ചെലവിന്റെ പകുതി സബ്സിഡിയായും. പകുതി ബാങ്കു വായ്പ്പയായും ലഭ്യമാക്കേണ്ടതാണു.

കർഷക പരിശീലനം

ഓരോ മേഖലയിലും ഏർപ്പെട്ടിരിക്കുന്നവർക്കും അതിൽ താല്പര്യമുള്ളവർക്കും പരിശീലന ക്ലാസ്സുകളും നടത്തേണ്ടതാണു.

ഈ പഞ്ചായത്തു പ്രദേശത്തെ ജനങ്ങളുടെ മുഖ്യ തൊഴിലുകളിൽ ഒന്നു ഒരു കാലത്തു കോഴി വളർത്തലായിരുന്നു. ഒരു ഡസൻ കോഴികളെങ്കിലും ഇല്ലാത്ത കർഷക -കർഷക തൊഴിലാളി വീടുകളൊന്നും തന്നെ ഈ ഗ്രാമത്തിലില്ലായിരുന്നു. തൽഫലമായി 30-വർഷം മുമ്പുവരെ കേരളത്തിലെ പ്രധാന മുട്ട വിപണന കേന്ദ്രമായിരുന്നു തലവടിയോടു ചേർന്നുള്ള എടത്വാ താറാവുകൃഷിയുടെയും മുഖ്യ കേന്ദ്രമായിരുന്നു ഈ ഗ്രാമം. പക്ഷേ കോഴിവസന്തയും താറാവു വസന്തയും മൂലം ഇവകളെ കൂട്ടത്തോടെ ചത്തൊടുങ്ങി. മൃഗസംരക്ഷണ വകുപ്പു നിഷ്കൃയത്വം പാലിക്കുകയും അനാസ്ഥയോടെ ഈ പ്രശ്നം കൈകാര്യം ചെയ്യുകയും ചെയ്തതിന്റെ ഫലമായി ഈ രംഗത്തു ഈ ഗ്രാമം വളരെയേറെ പിന്നോക്കം പോയി. ശരിയായ സംരക്ഷണവും ഇൻഷ്വറൻസും കവറേജും നല്കിയാൽ കോഴി വളർത്തലും, താറാവു കൃഷിയും വളരെ ലാഭകരമായി ഇവിടെ നടത്തുവാൻ കഴിയും.

ഈ മേഖലയുടെ വികസനത്തിനായി പൊതുവായ

നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ ഒരു sub center സ്ഥാപിക്കുക. ഇപ്പോഴുള്ള ആശുപത്രിയിൽ വേണ്ടത്ര സൗകര്യം ഏർപ്പെടുത്തുക. പശു, കോഴി, താറാവു ഇവയ്ക്കു സാധാരണ കാണുന്ന രോഗങ്ങൾക്കു മരുന്നുകളും ആശുപത്രിയിൽ ലഭ്യമാക്കുക.
സമ്പൂർണ്ണ ഇൻഷ്വറൻസു പദ്ധതി നടപ്പാക്കുക. കർഷകർക്കു അംഗീകാരം നല്കുക. സമ്മിശ്ര മൃഗപരിപാലനം നടപ്പാക്കുന്ന കർഷകർക്കു അതായതു (പശു, ആടു, കോഴി, താറാവു, മൽസ്യം) പഞ്ചായത്തു തലത്തിൽ ഗോശ്രീ അവാർഡു നല്കുക.

മത്സ്യ ബന്ധനം

തലവടി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ തൊഴിൽ കാർഷിക മേഖലയുമായ് ബന്ധപ്പെട്ടിട്ടുള്ളതാണെങ്കിലും ഒരു ന്യൂനപക്ഷം ജനങ്ങൾഉപജീവനത്തിനായ്മത്സ്യബന്ധനത്തിനു ഏർപ്പെടാറുണ്ട്. ഇവരിൽ അധികം പേരും ഈ പഞ്ചായത്തിന്റെ 1- ഉം 8- ഉം വാർഡുകളിലാണ്. കൂടാതെ മറ്റു വാർഡുകളിലും നാമ മാത്രമായ് മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടു ഉപജീവനം നടത്തുന്നവരുമുണ്ട്.

ഈ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി പമ്പയാറിന്റെ ഒരു കൈവഴിയും, കിഴക്കു വടക്ക് അതിർത്തിയിലൂടെ മറ്റൊരു കൈവഴിയും കടന്ന് പോകുന്നു. കൂടാതെ തെക്കൻ അതിർത്തിയിലും പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലുമായ് വലുതും ചെറുതുമായ 20 ൽ പരം തോടുകളും, നിരവധി കൈതോടുകളും, വാച്ചാൽ തോടുകളും ഉണ്ട്. ഈ ജലാശയങ്ങളിൽ നിന്നാണ് മത്സ്യ ബന്ധനം നടത്താറുള്ളത്. വിവിധ കാലാവസ്ഥയിൽ വ്യത്യസ്ഥ ഇനം മത്സ്യങ്ങളെ ലഭിയ്ക്കാറുണ്ട്. ഓരോ വർഷം പിന്നിടുമ്പോഴും മത്സ്യങ്ങളുടെ എണ്ണം ക്രമാതീതമായ് കുറയുന്ന ഒരു സ്ഥിതി വിശേഷം ഉണ്ട്. കഴിഞ്ഞകാലയളവിൽ ഉണ്ടായ മത്സ്യരോഗവും അശാസ്ത്രീയമായ മത്സ്യബന്ധനവും മൂലം ഒട്ടേറെ മത്സ്യങ്ങളുടെ വംശനാശം സംഭവിച്ചിട്ടുണ്ട്.

മത്സ്യ ബന്ധനത്തിന് വളളവും വലയുമാണ് ഉപയോഗിക്കാറുള്ളത്. ഉൾനാടൻ മത്സ്യതൊഴിലാളികൾ പിടിക്കുന്ന മൽസ്യങ്ങളെ നീരേറ്റുപുറം, എടത്വ എന്നീ മാർക്കറ്റുകളിലും, ചില തൊഴിലാളികൾ ഈ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലൂടെ സഞ്ചരിച്ചു വിപണനം നടത്തുകയും ചെയ്യുന്നു. വർദ്ധിച്ച തോതിൽ മത്സ്യങ്ങൾ ലഭിക്കുമ്പോൾ ഇവ വിപണനം ചെയ്യുന്നതിൽ ഒട്ടേറെ നഷ്ടങ്ങൾ അനുഭവപ്പെടാറുണ്ട്. മത്സ്യങ്ങളെ കേടുകൂടാതെ സംരക്ഷിച്ചുവയ്ക്കുന്നതിനുള്ള നവീന സജ്ജീകരണശാല ഇല്ലാത്തതു മൂലമാണ് യഥാർത്ഥ വില ലഭിക്കാതെയും മത്സ്യങ്ങളെ വിറ്റഴിയ്ക്കാൻനിർബന്ധിതമാകുന്നത്.

ജലാശയം നിറഞ്ഞ കുട്ടനാടൻ പ്രദേശത്ത് മത്സ്യ കൃഷി ശാസ്ത്രീയമായി നടത്താൻ കഴിഞ്ഞാൽ ജനങ്ങൾക്കും നാടിന്റെ സാമ്പത്തിക മായും പ്രത്യേകിച്ച് മത്സ്യ തൊഴിലാളി കുടുംബങ്ങൾക്കും. വലിയ വളർച്ചക്ക് സഹായകരമാകുന്നു. നിർഭാഗ്യവശാൽ മത്സ്യ സമ്പത്ത് തകർന്നു കൊണ്ടിരിക്കുകയാണ്. തണ്ണീർമുക്കം ബണ്ടിന്റെ ആവിർഭാവവും കൃഷിയ്ക്കു ഉപയോഗിക്കുന്ന ടൺ കണക്കിന് വളവും കീടനാശിനികളും ഉളവാക്കിയിരിക്കുന്ന പരിസ്ഥിതി പ്രശ്നവും കുട്ടനാടൻ മത്സ്യസമ്പത്തിനേയും ജലാശയത്തേയും വളരെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. ഇതിന്റെ പരിണിത ഫലങ്ങൾ തലവടിയിലും ദൃശ്യമാണ്. ഒരു അനുബന്ധ സാമ്പത്തിക വരുമാനമെന്ന നിലയിൽ മത്സ്യ കൃഷിയേയും മത്സ്യ ബന്ധനത്തേയും വളർത്തിയെടുക്കാൻ ശാസ്ത്രീയവും വിശദവുമായ ഒരു പ്രോജക്ടിന് രൂപം നൽകേണ്ടതാണ്.

ആണ്ടുതോറും കുട്ടനാട്ടിലെ വിശാലമായ പാടശേഖരങ്ങളിൽ വർഷകാലത്ത് ജനിച്ച് വളർന്നു വരുന്ന മീൻകുഞ്ഞുങ്ങളെ നെൽകൃഷി ഇറക്കുസമയത്ത് പെട്ടി മടയുടെ മുഖത്ത് ഉപയോഗിക്കുന്ന മടവല, കുഞ്ഞുങ്ങളെ ഒന്നടങ്കം സംഹരിക്കുന്നു. പാടശേഖര കമ്മറ്റിക്ക് തത്തുല്യമായ സാമ്പത്തിക സഹായം നൽകിക്കൊണ്ട് പെട്ടി മുഖത്തെ മടവല പൂർണ്ണമായി നിരോധിക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്.

രൂക്ഷമായ പരിസ്ഥിതി പ്രശ്നത്തിനും ജല മലിനീകരണത്തിനും ഒരു അളവുവരെ പരിഹാരമുണ്ടാക്കുവാൻ തണ്ണീർമുക്കം ബണ്ട് എല്ലാ വർഷവും ഏപ്രിൽ 1 മുതൽ തുറക്കേണ്ടതാണ്.

മത്സ്യ തൊഴിലാളികളുടെ അഭിവൃദ്ധിക്കു വേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു മത്സ്യ തൊഴിലാളി സഹകരണ സംഘം രൂപീകരിക്കേണ്ടത് അനിവാര്യമാണ്.

വിദ്യാഭ്യാസം

കുട്ടനാടു താലൂക്കിന്റെ കിഴക്കേ അറ്റത്ത് പത്തനംതിട്ട ജില്ലയുടെ അതിർത്തിയുമായി ചേർന്ന് കിടക്കുന്ന തലവടി ഗ്രാമം സാക്ഷരതയിലും വിദ്യാസമ്പന്നരുടെ ലഭ്യതയിലും ഉയർന്ന നിലവാരം പുലർത്തുന്ന പ്രദേശങ്ങളിലൊന്നാണ്. 19-ാം നൂറ്റാണ്ടിന്റെ ആദ്യ കാലഘട്ടത്തിൽ തിരുവിതാംകൂർ സംസ്ഥാനത്ത് സി.എം.എസ്.മിഷനറിമാർ വിദ്യാലയങ്ങളും സ്ഥാപിച്ച കാലയളവിൽ തന്നെ തലവടിയിലും റവ:തോമസ് നോർട്ടന്റെ നേതൃത്വത്തിൽ 1839-ൽ കുന്തിരിക്കൽ എന്ന സ്ഥലത്ത് ഒരു പ്രൈമറി വിദ്യാലയം സ്ഥാപിയ്ക്കപ്പെട്ടു. ''A well furnished School is functioning in Thalavady in 1841 '' എന്ന് ചർച്ച് മിഷൻ സൊസൈറ്റിയുടെ റെക്കോഡിൽ പറഞ്ഞിട്ടുണ്ട്. 1885-ൽ ഇത് മിഡിൽസ്കൂൾ ആയി ഉയർന്നു. മലയാള ഗദ്യ സാഹിത്യത്തിലെ ആദ്യത്തെ ഗ്രന്ഥകർത്താക്കളിൽ ഒരാളായി അറിയപ്പെടുന്ന റവ: ജോർജ് മാത്തന്റെ ശവകുടീരം ഈ സ്കൂളിന്റെ തൊട്ട് മുമ്പിലാണ് സ്ഥിതി ചെയ്യുന്നത്.

തലവടിതെക്ക് ഇന്നുള്ള C. S. I. പള്ളിയോടു ചേർന്ന് 19-ാം നൂറ്റാണ്ടിന്റെ അവസാനം ഒരു L. P. School പ്രവർത്തിച്ചിരുന്നതായും രേഖയുണ്ട്.

1904-മുതൽ 1908 വരെ ആനപ്രമ്പാൽ ധർമ്മശാസ്താ ക്ഷേത്രത്തിന്റെ തെക്കുവശത്ത് ആറാരികിലായിദേവസ്വം ഹൈസ്കൂൾ എന്നപേരിൽ ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ ഉണ്ടായിരുന്നു. തിരുവനന്തപുരം മഹാരാജാസ് കോളേജിൽനിന്നും. ഡിഗ്രി എടുത്ത ശ്രീ. വി. എം.കൃഷ്ണയ്യർ B. A ആയിരുന്നു, സ്കൂളിന്റെ പ്രഥമഹെഡ്മാസ്റ്റർ. തിരുവിതാംകൂർ ദിവാൻ പേഷ്കാർ ശ്രീനാഗമയ്യ 1904-ൽ പ്രസിദ്ധപ്പെടുത്തിയ തിരുവിതാംകൂർസ്റ്റേറ്റ്മാനുവൽ പ്രകാരം അന്ന് തിരുവിതാം കൂറിൽ 25ഹൈസ്കൂളുകളും മാത്രമേഉണ്ടായിരുന്നുള്ളൂ. അക്കാലത്ത് വിദ്യാലയവർഷംജനുവരിമുതൽ ഡിസംബർ വരെആയിരുന്നു. തിരുവനന്തപുരം മഹാരാജാസ് കോളേജ് പ്രിൻസിപ്പലും തിരുവിതാംകൂർ വിദ്യാഭ്യാസ സെക്രട്ടറിയുമായിരുന്ന മിച്ചൽ സായിപ്പിന്റെ (Dr. A. C. Mitchell) കാലത്ത് വിദ്യാഭ്യാസപരിഷ്കാരങ്ങൾക്കു മുന്നോടിയായി ''ആവശ്യമില്ലാത്ത'' സ്കൂളുകൾ നിർത്തൽചെയ്യുവാൻ 1908-ൽ അദ്ദേഹം സർക്കാരിനെ ഉപദേശിച്ചു. പലസ്കൂളുകളും നിർത്തൽചെയ്യപെട്ടതിൽ തലവടിയിലെ ഇംഗ്ലീഷ് സ്കൂൾ നിർത്തൽ ചെയ്യുവാൻ 1908ൽ സർക്കാർതീരുമാനിച്ചു. പ്രസിദ്ധ ഭരണതന്ത്രജ്ഞനും ചരിത്രകാരനുമായിരുന്ന സർദാർ K. M. പണിക്കർ ഈ സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്

മിച്ചൽ സായിപ്പ് അന്ന് വരച്ചു കൊടുത്ത ഡിസൈൻ അനുസരിച്ച് പ്രദേശത്തിലെ ഗ്രാമർ സ്കൂളുകളുടെ മാതൃകയിൽ പണിയിച്ച സ്കൂളാണ് ഇന്നുകാണുന്ന തലവടി ഗവൺമെൻറ ഹൈസ്കൂൾ.

1916-ൽ സ്ഥാപിക്കപ്പെട്ട ഈ സ്കൂളിന് അന്ന് വെർനാകുലർ ഹൈസ്കൂളായി (മലയാളം മീഡിയം) സർക്കാർ അംഗീകാരം നൽകുകയും 1947 ജൂണിൽ ഇംഗ്ലീഷ് സ്കൂളായി മാറ്റപ്പെടുകയുമുണ്ടായി.

ഈ പഞ്ചായത്തിൽ ഇന്ന് 5 ഹൈസ്കൂളുകളും 3 U. P. സ്കൂളുകളും 9 L. P. സ്കൂളുകളും ഒരു ഹൈസ്കൂളും പ്രവർത്തിച്ചുവരുന്നു. പരമ്പരാഗത വിദ്യാലയങ്ങളുടെ കാര്യത്തിൽ ഈ പഞ്ചായത്ത് ഏറെക്കുറെ സ്വയംപര്യാപ്തമാണ്. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 1 വനിതാ ഹൈസ്കൂൾ ട്രെയിനിംഗ് സ്കൂൾ ഒഴിച്ച് മറ്റ് ഒന്നും തന്നെ ഇവിടെയില്ല. തലവടി ഗവ: ഹൈസ്കൂൾ ഒരു വൊക്കേഷണൽ ഹയർ സെക്കൻറി സ്കൂൾ ആണെങ്കിൽ പോലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്തും ഈ പഞ്ചായത്ത് വളരെ പിറകിലാണ്. ഇൻഡ്യയുടെയും ലോകത്തിന്റെയും പല ഭാഗങ്ങളിൽ ഉന്നത സാങ്കേതിക വിദ്യാഭ്യാസം

ലഭിച്ച ഈ നാട്ടുകാരായ നൂറുകണക്കിനാളുകളും പ്രവർത്തിച്ചു വരുന്നു എന്നുള്ളത് എടുത്തു പറയട്ടെ. പഴയ തിരുവിതാംകൂർ സംസ്ഥാനത്തെ കൊല്ലം പേഷ്ക്കാരായിരുന്ന ശ്രീ മാത്തൻ പേഷ്ക്കാർ തിരുവിതാംകൂറിലും പിന്നീട് തിരുകൊച്ചിയിലും. ചീഫ് എൻജിനീയറായിരുന്ന കുറ്റിപ്പുറമ്പിൽ ലോങ് ഈപ്പൻ, (കെ. ഇ. ഈപ്പൻ) കർണാടക സംസ്ഥാനത്തെ D. G. P ആയിരുന്ന ശ്രീ ഏബഹാം വറുഗീസ് I. P. S., ഇപ്പോഴും കേരള സർവ്വീസിലുള്ള ശ്രീ V. വേണു I. A. S, സംസ്ഥാന Health Director ആയിരുന്ന Sri K. A. കേശവൻ, ശ്രീ മൂലം പ്രജാസഭാംഗമായിരുന്ന മുല്ലപ്പള്ളി ഗോപാലപ്പണിക്കർ, സ്വാതന്ത്ര്യ സമര സേനാനിയും സ്റ്റേറ്റു കോൺഗ്രസ് പ്രസിഡൻറും തിരുകൊച്ചിയിലെ ആദ്യ നിയമ സഭയിലെ അംഗവുമായിരുന്ന ശ്രീ വറുഗീസ് അഗസ്റ്റിൻ, എന്നിവരുമെല്ലാം ഈ ഗ്രാമത്തിന്റെ പുത്രന്മാരാണ്. സർദാർ K. M. പണിക്കരുടെ കേരള ചരിത്രത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് പോർട്ടുഗല്ലിലേക്ക് രാജപ്രതിനിധിയായി കൊച്ചുകേശവ പണിക്കർ എന്ന ഒരാളെ അയച്ചു എന്നും അദ്ദേഹം തലവടിക്കാരനായിരുന്നു എന്നും പ്രതിപാദിച്ചിട്ടുണ്ട്. ശ്രീ K. M. പണിക്കർ തന്നെ ഇദ്ദേഹത്തെക്കുറിച്ച് ''യുറോപ്പിലേക്കുള്ള ആദ്യത്തെ ഇൻഡ്യൻ അംബാസഡർ'' എന്നാണ് പറയുന്നത്. 19-ാംനൂറ്റാണ്ടിന്റെ അവസാനത്തിൽ അറിയപ്പെട്ടിരുന്ന സംസ്കൃത പണ്ഡിതൻ ചാലുങ്കൽ കിട്ടായി ആശാൻ എന്നആളും ഈ ഗ്രാമത്തിന്റെ സന്തതിയായിരുന്നു.

പഴയ മൈസൂർ സംസ്ഥാനത്തെ ആക്ടിംഗ് ദിവാനായിരുന്ന മൈസൂർചാണ്ടിഎന്നറിയപ്പെട്ടിരുന്ന K. ചാണ്ടി, മൈസൂർ സിവിൽസർവ്വീസിൽ ഉന്നത ഉദ്യോഗസ്ഥനായിരുന്ന K. മാത്തൻ, തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായിരുന്ന K. ജേക്കബ്, തുടങ്ങിയവർ തലവടികുന്തിരിയ്ക്കൽ U. P. S ലെ പൂർവ്വ വിദ്യാർത്ഥികളായിരുന്നു. 99% സാക്ഷരത ഈ ഗ്രാമത്തിലുണ്ട്. ചെറുതും വലുതുമായ 18 വിദ്യാലയങ്ങളിലായി 3537 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. മൊത്തം അദ്ധ്യാപകരുടെ എണ്ണം 161. വിദ്യാർത്ഥികളുടെയും വിദ്യാർത്ഥിനികളുടെയും എണ്ണം ഏറെക്കുറെ തുല്യമാണെങ്കിലും പെൺകുട്ടികൾക്കാണ് മുൻതൂക്കം. (പട്ടിക A, B, C, D കാണുക.)

നീരേറ്റുപുറം St. Thomas English medium സ്കൂളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 100 % കുട്ടികളും S. S. L. C യ്ക്ക് വിജയിച്ചു എങ്കിലും, മറ്റു നാലു ഹൈസ്കൂളുകളിലെയും വിജയശതമാനം താരതമ്യേന കുറവാണ്, ധാരാളം ബിരുദധാരികളുള്ള ഈ പഞ്ചായത്തിൽ യുവതിയുവാക്കൾക്ക് തൊഴിൽ സാദ്ധ്യതയുള്ള കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന്, ദൂരെ സ്ഥലങ്ങളിലുള്ള സ്ഥാപനങ്ങളെയാണ് ആശ്രയിയ്ക്കുന്നത്. ഈ സ്ഥിതിയ്ക്ക് മാറ്റമുണ്ടാകേണ്ടിയിരിയ്ക്കുന്നു. കമ്പ്യൂട്ടർ ട്രെയിനിംഗിനുള്ള സൗകര്യം പഞ്ചായത്ത് ആഫീസിനു സമീപം സ്ഥിതി ചെയ്യുന്ന New L.P.S കേന്ദ്രമാക്കി പ്രവർത്തിപ്പിയ്ക്കേണ്ടതാണ് അംഗനവാടികളുടെ എണ്ണം അപര്യാപ്തമാകയാൽ പുതുതായി 5 എണ്ണംകൂടി ആരംഭിക്കണമെന്നാണ് ഗ്രാമസഭകളിൽ നടന്നചർച്ചകളിൽ ഉയർന്നുവന്നആശയം. സാങ്കേതികവിദ്യാഭ്യാസ സൗകര്യമൊന്നുമില്ലാത്ത ഈ പഞ്ചായത്തിൽ ഇന്ന് ഉള്ള മോഡൽ U. P. S. ൽ ഗവൺമെൻറു വക ഒരു I. T. C. സ്ഥാപിച്ചുകിട്ടണം. ഇതിനു വേണ്ടിആവശ്യമെങ്കിൽ മോഡൽ U. P. S. സ്കൂളിലെ ക്ലാസുകൾ തലവടി ഗവ: ഹൈസ്കൂളിലേക്ക് ഷിഫ്റ്റു ചെയ്യാവുന്നതാണ്.

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളേയും സംയോജിപ്പിച്ചു കൊണ്ട് ഒരു വിദ്യാഭ്യാസ കോംപ്ലക്സ് ആരംഭിയ്ക്കുന്നുണ്ട്. മുഴുവൻ വിദ്യാലയങ്ങളിലെയും അദ്ധ്യാപകരും രക്ഷിതാക്കളും റിട്ടയർ ചെയ്ത പ്രഗൽഭരായ മുൻ അദ്ധ്യാപകരും ഇതിനോട് സഹകരിച്ചെങ്കിലെ സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം വിജയിയ്ക്കുകയുള്ളൂ.

അടിസ്ഥാന സൗകര്യങ്ങളും പോലുമില്ലാത്ത സ്കൂളിന്റെ ചുറ്റുപാടിൽ അദ്ധ്യയനം നടത്തുവാൻ നിർബന്ധിയ്ക്കപ്പെടുന്ന വിദ്യാർത്ഥികൾ എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടുപോകും. മിക്ക സ്കൂളുകളിലും മൂത്രപ്പുര, കക്കൂസ് എന്നീ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ല. ഈ അവസ്ഥയ്ക്കു മാറ്റം വരുത്തിയേ പറ്റൂ. ആണ്ടിൽ ആറുമാസവും വെള്ളപ്പൊക്കഭീഷണി നേരിടുന്ന അപ്പർ കുട്ടനാടു

പ്രദേശമാണ്. തലവടി. ഈ പഞ്ചായത്തിൽ എല്ലാ സ്കൂളുകളുടെയും പരിസരം വെള്ളം കയറാത്തവണ്ണം ഉയർത്തേണ്ടതും അടിയന്തര ആവശ്യമാണ്. സ്കൂളുകൾക്കു ചുറ്റും ചുറ്റുമതിൽ കെട്ടേണ്ടതാണ്, മിക്കസ്കൂളുകളിലും ആവശ്യത്തിനുള്ള പഠനോപകരണങ്ങൾ ഇല്ല എന്നുള്ളതാണ് പരിതാപകരമായ യാഥാർത്ഥ്യം. എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലം എത്തിക്കുവാനുള്ള പദ്ധതി നടപ്പാക്കണം. മിക്കവിദ്യാലയങ്ങളിലും ലൈബ്രറി റീഡിംഗ്റൂം എന്നിവയില്ല. ഇവ സ്കൂളിന്റെ അവിഭാജ്യഘടകമായിമാറണം ആധുനിക തൊഴിൽ സാദ്ധ്യത മുന്നിൽകണ്ടു കൊണ്ട്എല്ലാഹൈസ്കൂളുകളിലും കമ്പ്യൂട്ടർപഠനസൗകര്യം ഏർപ്പെടുത്തേണ്ടതാണ്. N. C. C. Scout എന്നിവ ഹൈസ്കൂളിൽ നിർബന്ധമാക്കുന്നത്അച്ചടക്കത്തെവളരെയധികംസഹായിയ്ക്കും സ്കൂളുകൾക്ക് ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നതിന് സ്ഥിരമായ ഷെഡുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം ലക്ഷ്യമാക്കി കഴിയുന്ത്ര സ്കൂളുകളിൽ തയ്യൽ, കൃഷിപരിശീലനം, ചെരുപ്പുനിർമ്മാണം, ബുക്ക്ബയൻറിംഗ് എന്നിവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വെടിപ്പുമുള്ള ബോർഡുകൾ, ഫർണിച്ചറുകൾ എന്നിവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാചിഹ്നങ്ങളാണ്. എല്ലാ L.P. സ്കൂളുകളോടും അനുബന്ധിച്ച് പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കണം സ്കൂളുകളിൽ യഥാസമയം ടെക്സ്റ്റുബുക്കുകൾ എത്തിയ്ക്കുവാനും അറ്റകുറ്റപണികൾ നടത്തുവാനും അധികൃതർ ശ്രദ്ധിയ്ക്കേണ്ടതാണ് P. T. A. സജീവമാക്കണം. S S. L. C. പാസായകുട്ടികൾ പാരലൽകോളജുകളിലേക്കു പോകുന്ന പ്രവണത ഒഴിവാക്കുവാൻ എല്ലാ ഹൈസ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കൻറി സ്കൂളുകളോ ഹയർ സെക്കൻറി സ്കൂളുകളോ ആരംഭിയ്ക്കേണ്ടതാണ്.

പഞ്ചായത്തിലേ പത്താം വാർഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഇല്ലാത്തസ്ഥിതിയും, പ്രാദേശികമായ ബുദ്ധിമുട്ടും പരിഗണിച്ച് ഇവിടെ ഒരു L. P. School അനുവദിക്കുവാൻ നടപടി എടുക്കണം.

ബഹുജനങ്ങളുടെ സജീവമായ സഹകരണം സ്കൂളുകളുടെ നടത്തിപ്പുകാര്യത്തിൽ ഉണ്ടായെങ്കിൽമാത്രമേ വിദ്യാഭ്യാസമേഖലയിലെ നിലവാരം ഉയർത്തുവാൻ കഴിയുകയുള്ളു.

തലവടി പഞ്ചായത്തിലെ സ്കൂളുകൾ, അദ്ധ്യാപകർ, കുട്ടികൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ.

പട്ടിക A

നമ്പർ	സ്കൂളിന്റെ പേര്		ഉടമസ്ഥത	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
				ആൺ	പെൺ	ആകെ	പു	സ്ത്രീ	ആകെ
1.	ഗവ: H. S. തലവടി		G						
		HS		294	275	569	9	11	20
		UP		42	47	89		3	3
2.	റവ. എം. റവ. H.S.	HS	A	133	138	271	4	8	12
		UP		86	103	189	3	5	8

3.	എം. റവി. എസ്. G.H.S.	HS	A		90	90		10	10
	ആനപ്രമ്പാൽ	UP			70	70			
4.	സി. എം. എസ്. H. S.	H	A	43	54	97	2	4	6
	തലവടി	UP		36	28	64		4	4
		LP		50	54	104		4	4
5.	സെൻറ് തോമസ് H. S.	HS	UA	48	51	99	2	3	5
	നീരേറ്റുപുറം	UP		102	72	174		6	6
		LP		156	118	274		10	10
6.	എ.എസ്. U.P.S. തലവടി	UP		45	32	77	1	4	5
7.	A. D. U. p. S. തലവടി	UP	A	96	98	194		17	17
		L		100	82	182			
8.	ഗവ: മോഡൽ U. P. S.	U	Govt	56	61	117		12	12
	തലവടി	L		63	70	133		5	5
9.	ഗവ: L. P. S. ആനപ്രമ്പാൽ		Govt	58	45	103		4	4
10.	ഗവ: L. P. S കാരിക്കുഴി		Govt	29	23	52	1	3	4
11.	ഗവ: ന്യൂ L.P.S. തലവടി		Govt	26	25	51	1	3	4
12.	ഗവ: L. P. S. ചെത്തിപ്പുരയ്ക്കൽ		Govt	19	19	38	1	1	2
13.	M. D. L. P. S. തലവടി		Aid	35	22	57		3	3
14.	L. P. S. ചൂട്ടുമാലി		Aid	28	27	55	1	2	3
15.	M. T. L. P. S. ആനപ്രമ്പാൽ നോ		Aid	54	65	119	1	2	3
16.	M. T. L. P.S. ആനപ്രമ്പാൽ		Aid	68	64	132		3	3
17.	M. T. L. P. S. നീരേറ്റുപുറം		Aid	56	45	101	2	2	4
18.	ഗേൾസ് ഇൻഡസ്ട്രിയൽ								
	ട്രെയിനിംഗ് സ്കൂൾ തലവടി		Aid		36	36	1	3	4
							29	132	161

പട്ടിക B

ഹൈസ്കൂൾ വിഭാഗം കുട്ടികൾ

B.	G.	Total
518	608	1126

U. P വിഭാഗം

B.	G.	Total
463	511	974

L. P വിഭാഗം

B.	G.	Total
742	659	1401

ടെക്നിക്കൽ വിഭാഗം കുട്ടികൾ

B.	G.	Total
–	36	36

മൊത്തം കുട്ടികൾ

Boys	Girls	Total
1723	1814	3537

പട്ടിക C

അദ്ധ്യാപകരുടെ കണക്ക്

ആൺ	പെൺ	മൊത്തം
29	132	161

പട്ടിക D

സർക്കാർസ്കൂളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും വിവരങ്ങൾ

G.S-ലെ കുട്ടികൾ	ആകെ അദ്ധ്യാപകർ	Govt
1152	161	47

പട്ടിക E

SC	OEC	കുട്ടികൾ	
L. P. S.	U. P. S	H. S	Total
111	157	286	590

ടെക്നിക്കൽ

SC	OEC	ആകെ കുട്ടികൾ
36		36

82326

കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം ഇവ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാൻ അത്യന്താപേക്ഷിതമാണ്.

കുടിവെള്ളത്തിനായി 70% ജനങ്ങളും പൈപ്പു വെള്ളത്തെ ആശ്രയിക്കുന്നു. 30% ജനങ്ങളും മാത്രമേ കിണറുകളെ ആശ്രയിക്കുന്നുള്ളു. തോടുകളാലും, നദികളാലും നിറഞ്ഞു നിൽക്കുന്ന ഈ പ്രദേശത്ത് ജലത്തിന്റെ ദൗർലഭ്യം ഇല്ലയെന്നുള്ളത് സത്യം തന്നെ. പക്ഷേ വർഷത്തിൽ ആറു മാസം വെള്ളപ്പൊക്കത്താൽ ഭൂമി മുഴുവനും വെള്ളത്തിനു അടിയിൽ ആകുന്നു. ഈ സമയത്തു ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നില്ല എന്നതാണ് സത്യം. വരൾച്ച സമയത്തും ജലക്ഷാമം അനുഭവപ്പെടുന്നു. K. W. A. തിരുവല്ലായിൽ നിന്നു Supply ചെയ്യുന്ന ജലമാണ് ഈ പ്രദേശത്തിനു അൽപ്പം എങ്കിലും ആശ്വാസംനൽകുന്നത്. ഈ പഞ്ചായത്തു അതിർത്തിക്കുള്ളിൽ 310 പൊതു ടാപ്പുകളും 1370 വീടുകളിൽ പൈപ്പു വെള്ളം കണക്ഷനും ഉണ്ട്. വിവിധ വാർഡുകളിലായി ബ്ലോക്കുപഞ്ചായത്തു തലത്തിൽ നിർമ്മിച്ചിട്ടുള്ള 90 കിണറുകളും ഉണ്ടെങ്കിലും ശുദ്ധമായ ജലം അവയിൽ നിന്നും ലഭിക്കുന്നില്ല.

പട്ടിക 1. ശുദ്ധജലസ്രോതസ്സുകൾ

പൊതുടാപ്പുകളും	സ്വകാര്യകണക്ഷൻ	മൊത്തം
310	1370	1680

പട്ടിക 11. കിണറുകൾ

പൊതുകിണറുകളും		സ്വകാര്യകിണറുകളും		
ഉപയോഗിക്കുന്നത്	ഉപയോഗിക്കാത്തത്	ഉപയോഗിക്കുന്നത്	ഉപയോഗമില്ലാത്തത്	മൊത്തം
50	40	2100	143	2333

1995-96 വർഷത്തിൽ മാത്രം 217 പേർക്ക് ജല ജന്യ രോഗങ്ങളും ഉണ്ടായിട്ടുണ്ട്. കുടിവെള്ളത്തിനായി 500 മീ. മുതൽ 700 മീറ്റർ വരെ ദൂരത്തിൽ സഞ്ചരിക്കേണ്ടതായി വരുന്നു. ഈ പ്രദേശത്തിന്റെ മിക്ക ഭാഗങ്ങളിലും K. W. A. യുടെ പൊതു ടാപ്പുകളും ഉണ്ടെങ്കിലും അവയിൽ നിന്ന് ജലം പൊതുവെ കുറവാണ് ലഭിക്കുന്നത്. വിശേഷാൽ ഗ്രാമങ്ങളിൽ. ഉയർന്നുവന്നിട്ടുള്ള മുഖ്യ വിഷയവും ഇതു തന്നെയായിരുന്നു. ഈ പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം ധാരാളം ഉണ്ടെങ്കിലും കുടിയ്ക്കുവാൻ യോഗ്യമല്ല. കിണറുകളും കുഴിച്ചാൽ ചേറും ചെളിയും കാണപ്പെടുന്നതിനാൽ ശുദ്ധ ജലം ലഭിയ്ക്കുന്നില്ല. ഈ സാഹചര്യത്തിൽ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിയ്ക്കാൻ ഏക മാർഗ്ഗം കേരളവാട്ടർ അതോറിറ്റി ജലം സപ്ലൈ ചെയ്യുക എന്നുള്ളതാണ്. നിലവിൽ ധാരാളം പൈപ്പുകളും ഉണ്ടെങ്കിലും അവ പ്രയോജനകരം അല്ല. ചെറിയതും നിലവാരം കുറഞ്ഞതും ആയ പൈപ്പുകളും ആണ് ഇപ്പോൾ നിലവിലുള്ളത്. ആയ

തിനാൽ ദൂരെ സ്ഥലങ്ങളിൽ ജലം എത്തിച്ചേരുന്നതിന് കഴിയുന്നില്ല. ഇതിനുള്ള പരിഹാര മാർഗ്ഗം ഗുണനിലവാരമുള്ളതും വലിപ്പം ഉള്ളതുമായ പൈപ്പുകൾ ഇട്ട് ലൈൻ നീട്ടി വലിയ്ക്കുകയാണ്. 4-ാം വാർഡിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന K. .W. A. യുടെ ടാങ്ക് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. കോളനികളിലും ജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളിലും മുഴുവൻ സമയവും കുടി വെള്ളം ലഭ്യമാക്കേണ്ടതാണ്. ഇതിലേക്കായി ഉയരത്തിൽടാങ്കുകൾ കെട്ടി ജലം സംഭരിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ഇങ്ങനെ പൊക്കത്തിൽ ടാങ്കു കൊടുത്തതുകൊണ്ട് വെള്ളപ്പൊക്കത്തിൽ നിന്നും ജലം മലിനമായി ജല ജന്യരോഗങ്ങൾ തടയുന്നതിനും സാധിയ്ക്കും. ബസ് സ്റ്റോപ്പുകളിലും പൊതു സ്ഥലങ്ങളിലും പൊതു ടാപ്പുകൾ സ്ഥാപിക്കുകയും വേണം.

പട്ടിക 3

കുടിവെള്ളപ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും

പ്രശ്നങ്ങൾ	പരിഹാര നിർദേശങ്ങൾ
1) തലവടിയിലെ എല്ലാ വാർഡുകളിലും പൈപ്പുകൾ ഇല്ലാത്ത സ്ഥലങ്ങൾ ഉണ്ട്.	1) ഈ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ വലിച്ച് ടാപ്പുകൾ സ്ഥാപിക്കുക.
2) നിലവിലുള്ള ചില പൈപ്പു ലൈനുകൾ അടഞ്ഞ് വെള്ളം വരാത്ത ലൈനുകൾ ഉണ്ട്.	2) ഈ പൈപ്പുകൾ മാറി ഗുണനിലവാരും ഉള്ളതും വലിപ്പം ഉള്ളതായ പൈപ്പുകൾ സ്ഥാപിക്കുക.
3) ലൈനുകളിൽ തന്നെ ടാപ്പുകൾ വളരെ ദൂരെയാണ് ഉള്ളത്.	3) 200 M: അകലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുക.
4) ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും ലക്ഷം വീടു കോളനികൾക്കു സമീപവും ജലക്ഷാമം രൂക്ഷമാണ്.	4) 24 മണിക്കൂറും വെള്ളം കിട്ടുവാൻ ഉയർത്തി കെട്ടിയ ടാങ്കുകളിൽ വെള്ളം ശേഖരിച്ച് സപ്ലേ ചെയ്യുക.
5) 10-ാം വാർഡും 8-ാം വാർഡും തലവടിയുടെ തെക്കേഅറ്റത്ത് സ്ഥിതി ചെയ്യുന്നതിനാൽ ശുദ്ധജലം ലഭിക്കുന്നതിനു വളരെ പ്രയാസമാണ്.	5) main line ൽ നിന്നും നേരിട്ട് ഈ വാർഡുകളിലേക്കുള്ള പൈപ്പ് ലൈനിൽ നിന്ന് കണക്ഷൻകൊടുക്കുക. ഗുണനിലവാരമുള്ള വലിയ പൈപ്പുകൾ ഇടുക.

ആരോഗ്യം

1972 വരെ ഈ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിച്ചിരുന്ന ഏക ചികിത്സാകേന്ദ്രം സർക്കാർ ആയുർ വേദ ഡിസ്പൻസറി മാത്രമായിരുന്നു. ആധുനിക ചികിത്സാകേന്ദ്രങ്ങൾ എന്നു പറയാൻ ഒന്നോ രണ്ടോ ഡിസ്പൻസറികൾ മാത്രം എന്നാൽ 1972 ൽ നിർമ്മിക്കപ്പെട്ട അലോപ്പതി, 9 sub center കൾ, ഒരു ഹോമിയോ ഡിൻപൻസറി ഉൾപ്പെടെ 12 സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 5 അലോപ്പതി 5 ആയുർവേദം 4 ഹോമിയോ ക്ലിനിക് ഉൾപ്പെടെ ഈ പഞ്ചായത്തിൽ 26 ആരോഗ്യ സ്ഥാപനങ്ങളുണ്ട്.

സ്ഥാപനങ്ങളുടെ എണ്ണത്തിന് അനുപാതികമായി പൊതു ആരോഗ്യ സ്ഥിതിയിൽ ഗുണ

പരമായ വ്യതിയാനം കാണുന്നില്ലയെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. 1995_96ൽ 217 ജലജന്യരോഗങ്ങളും, 300 വായുജന്യ രോഗങ്ങളും, 600 വാതരോഗങ്ങളും, റിപ്പോർട്ടു ചെയ്യപ്പെടുന്നു. കുഷ്ഠരോഗികൾ 2 ഉം, ക്ഷയരോഗികൾ 2 ഉം, ആണുള്ളത്. കുടുംബത്തിന്റെ അംഗസഖ്യ ശരാശരി 5 ആണ്.

പഞ്ചായത്തിൽ കിടത്തിചികിത്സാ സൗകര്യമുള്ള ആശുപത്രികൾ ഇല്ലാത്തതിനാൽ വിദഗ്ദ്ധ ചികിത്സയ്ക്കായി 15 k. m. സഞ്ചരിക്കേണ്ടതായി വരുന്നു.

ആലോപ്പതി

വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ഡിസ്പെൻസറിക്ക് തലവടി നടുവിലേമുറി N. S. S. കരയോഗം 1 ഏക്കർ സ്ഥലം സംഭാവനൽകുകയുണ്ടായി. അതിൽ ഗവൺമെന്റ് നിർമ്മിച്ചു കൊടുത്ത കെട്ടിടത്തിലാണ് ഇന്നത്തെ പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്നത്. ഡോക്ടറുടെ സേവനം ലഭ്യമാണെങ്കിലും ഒരു സ്റ്റാഫ് നേഴ്സ് ഇല്ലാത്ത സ്ഥിതി കൂടുതൽ ശോചനീയം ആകുന്നു. ഹെൽത്ത് ഇൻസ്പെക്ടർക്ക് എടത്വായുടെ അധിക ചുമതല ഉള്ളതിനാൽ മുഴുവൻ സമയവും ഇവിടെ പ്രവർത്തിക്കാൻ കഴിയുന്നില്ല. ഈ അവസ്ഥ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. കർഷക തൊഴിലാളികളും കർഷകരും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് കിടത്തി ചികിത്സ നടത്തുന്ന ഒരു ആശുപത്രി അത്യന്താപേക്ഷിതമാണ്. ഹെൽത്ത് സെന്ററിനോടു ചേർന്നു M. P. ഫണ്ടിൽ നിന്ന് മുൻ M. P. ശ്രീ T. J. ആഞ്ചലോസ് അനുവദിച്ചു തന്നിട്ടുള്ള 4 ലക്ഷം രൂപയുടെ ഒരു കെട്ടിട നിർമ്മാണം ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. ഇതിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി 20 കിടക്കകൾ ഉള്ള ആശുപത്രി ആക്കി മാറ്റണം. ഒരു ഗൈനക്കോളജിസ്റ്റിനേയും ഒരു ചിൽഡ്രൻസ് സ്പെഷ്യലിസ്റ്റിനെയും ഒരു Lab technition നെയും നിയമിച്ചു കൊണ്ട് ഈ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഫീൽഡുവർക്കർമാരുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, ആരോഗ്യരംഗം പരിപോഷിക്കുന്നതിനും വേണ്ടി സബ്സെന്ററുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കണം

ആയുർവേദം

തലവടി പഞ്ചായത്തിൽ 9-ാംവാർഡിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ഡിസ്പെൻസറിക്ക് $11\frac{1}{2}$ സെന്റ് സ്ഥലവും ഒരു കെട്ടിടവും സ്വന്തമായിട്ടുണ്ട്. അതിൽ 4സെന്റ് സ്ഥലം കൈതവന കുടുംബം സംഭാവന നൽകിയതും ബാക്കി സ്ഥലവും കെട്ടിടവും ജനങ്ങൾ ഉണ്ടാക്കികൊടുത്തിട്ടുള്ളതും ആകുന്നു 1954 മുതൽ തലവടി പഞ്ചായത്തിലെയും പരിസരപഞ്ചായത്തുകളിലെയും ജനങ്ങൾക്കും ആരോഗ്യരംഗത്ത് ആശ്വാസം നൽകി കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ് ഇത്. കാലദേശപ്രകൃതികൾക്ക് അനുസൃതമായി വാതസംബന്ധമായ രോഗങ്ങൾക്ക് ആയുർവേദത്തിലെ എറ്റവും നല്ലചികിൽസാരീതിയാണ്, പഞ്ചകർമ്മ ചികിൽസാ. ആയതിനാൽ ഈ ഡിസ്പെൻസറി 20 കിടക്കകൾ ഉള്ള ഒരു ആശുപത്രിയായി ഉയർത്തി ജനങ്ങൾക്ക് പ്രയോജനപെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ആയുർവേദ ആശുപത്രിക്ക് $1\frac{1}{2}$ലക്ഷം രൂപ M. P. ഫണ്ടിൽ നിന്ന് അനുവദിച്ച ശ്രീ S.രാമചന്ദ്രൻപിള്ളയ്ക്ക് നന്ദിരേഖപ്പെടുത്തുന്നു കെട്ടിടം പണിയോടുകൂടി ഇത് അപ്ഗ്രയിഡു ചെയ്യുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ അനുവദിച്ചുകൊണ്ടിരിക്കുന്ന മരുന്നിന്റെ അലോട്ട്മെന്റ്. തുക വർദ്ധിപ്പിക്കേണ്ടതാണ്.

ഹോമിയോ

ഹോമിയോ ചികിൽസ കൂടുതൽ പ്രയോജനപ്പെടുന്നതിനായി സർക്കാർ ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടംനിർമ്മിച്ചുകൊടുക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്. അസുഖം വന്നു ചികിൽസിക്കുന്നതിനേക്കാൾ വരാതെ സൂക്ഷിക്കുന്നതാണ് നല്ലത് അതിനാൽ ആരോഗ്യ രംഗത്തിനെ മറെറല്ലാത്തിനെക്കാളും പ്രാധാന്യം നൽകേണ്ടതാകുന്നു.

കക്കൂസ്

എവിടെ ശുചിത്വം ഉണ്ടോ അവിടെ ആരോഗ്യം ഉണ്ട്. പൊതുജനാരോഗ്യ സംരക്ഷണത്തിനായിവളരെ പ്രാധാന്യംഅർഹിക്കുന്നഒന്നാണ് പരിസരശുചിത്വം പാലിക്കുകഎന്നുള്ളത്. അതിലേക്കായി പ്രഥമമായിവേണ്ട ഒന്നാണ് കക്കൂസ്. ഈ പഞ്ചായത്തിൽ 2500 വീടുകൾക്ക് നിലവിൽ കക്കൂസ് ഇല്ല. കക്കൂസ് നിർമ്മാണത്തിനു അടിയന്തിര പ്രാധാന്യംനൽകണംഎന്ന് ഗ്രാമസഭാചർച്ചകൾ ചൂണ്ടിക്കാണിക്കുന്നു. 2000-ാം ആണ്ടോടു് എല്ലാവർക്കും കക്കൂസ്, എന്ന ഗവൺമേൻറിൻെറ തീരുമാനം തലവടി പഞ്ചായത്തിലും പ്രാവർത്തികമാൻ വേണ്ടനടപടി സ്വീകരിക്കേണ്ടതാണ്.

കക്കൂസ് നിർമ്മാണത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും അതിലേക്കുള്ള പരിഹാരമാർഗങ്ങളും

തടസ്സ കാരണം.

സാമ്പത്തികബുദ്ധിമുട്ട്

സ്ഥലപരിമിതി.

(കോളനികളിൽ)

പരിഹാരം.

ഏജൻസികൾവഴി ആവശ്യമായ ധനസഹായം ലഭ്യമാക്കുക.

വീടുകൾക്ക് ഒരുസെപ്ടിക് ടാങ്ക് നിർമ്മിക്കുക.

അവശ്യകതയെപറ്റി ജനങ്ങളെ ബോധവാൻ മാരാക്കുക.

പരിസരസുചിത്വം

കാർഷികമേഘലയായ ഈ പഞ്ചായത്തിൽവിവിധ പാടശേഖരങ്ങളിൽ ആണ്ടുതോറും ഉപയോഗിയ്ക്കുന്ന ടൺകണക്കിന് വളവും കീടനാശിനിയും ചുറ്റുമുള്ളതോടുകളിൽ ചെന്നു ചേർന്ന് നദീജലത്തെ വിഷലിപ്തമാക്കുന്ന ഗുരുതരമായ പരിസ്ഥിതിഭീതി മലിനീകരണം ഈ ഗ്രാമം നേരിടുന്നു. എന്നാൽ കുടിക്കാൻ ഒഴികെയുള്ള മറ്റ് ആവശ്യങ്ങൾക്ക് കൂടുതൽ ജനങ്ങളും നദികളെയും തോടുകളെയും ആശ്രയിയ്ക്കുന്നു. ഇവമലിനീകരിക്കപെടുന്നു. ശുപീകരണത്തിൻെറ അഭാവത്തെക്കുറിച്ചുള്ള പരാതികൾ പഞ്ചായത്തിൻെറ പലഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. സാംക്രമികരോഗങ്ങൾ പടർന്നു പിടിക്കുമ്പോൾ മാത്രം ശുചീകരണ പ്രവർത്തനം നടത്താതെ സ്ഥിരശുചീകരണത്തിനായി ജീവനക്കാരെ നിയമിക്കുകയും. അങ്ങനെ നമ്മുടെ പഞ്ചായത്ത് ശുചിത്വമുള്ള പഞ്ചായത്തായി മാറേണ്ടതാണ്.

ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നവന്ന പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും.

1. ചന്തകൾക്ക്! ആളുകൾ തിങ്ങിപാർക്കുന്ന കോളനികൾക്കും ബസ്സ്റ്റോപ്പുകൾക്കും സമീപം പൊതുകക്കുസ് നിർമ്മിച്ചുകൊടുക്കുക

2. കെട്ടികിടക്കുന്ന വെള്ളത്തെ ഒഴുക്കിവിടാൻ നടപടി സ്വീകരിക്കുക പായലുകൾ വാരിച്ചുകളയുക. കൊതുകുനശികരണ മരുന്നുകൾ പകർച്ചവ്യാധികൾപടരുമ്പോൾ മാത്രമല്ല ഇടവിട്ട് തളിപ്പിക്കുക. കിണറുകളിൽ ക്ലോറിൻ തളിക്കുക.

3. പഞ്ചയാത്തിൽ വില്പന നടത്തുന്ന മത്സ്യത്തിൻെറയും മാംസത്തിൻെറയും ഗുണനിലവാരം പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ച് നടപടികൾ കൈക്കൊള്ളുക. അറവുശാലകളിൽ പരിശോധനയ്ക്ക് വിധേയമായ മൃഗങ്ങളെ മാത്രം അറക്കുക.

4. അറവുശാലകളിൽ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ നദികളിൽ ഒഴുക്കാതെ കുഴിച്ചുമൂടുകയോ അല്ലെങ്കിൽ ടാങ്കുകൾ കെട്ടിഅതിൽ നിക്ഷേപിയ്ക്കുകയോ ചെയ്യുക.

5. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും ലൈസൻസ് എർപ്പെടുത്തുന്നതോടൊപ്പം ഭക്ഷണപദാർത്ഥങ്ങളുടെ വില്പന ആരോഗ്യ നിയന്ത്രണങ്ങൾക്ക് വിധേയമാക്കേണ്ടതും അതുപാലിയ്ക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാകുന്നു. മാർക്കറ്റുകൾ ശുചിത്വമായി സൂക്ഷിയ്ക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ലേലംപിടിച്ച ആൾക്ക് ആയിരിയ്ക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ ശിക്ഷാനടപടികൾക്ക് വിധേരാക്കാൻ നടപടി എടുക്കേണ്ടതും ആണ്. അടുക്കളയിലെ അവശിഷ്ടങ്ങൾ കംബോസ്റ്റായി മാറ്റിയാൽ അടുക്കളത്തോട്ടങ്ങൾക്ക് വളമാകുകയും ഒപ്പം പരിസരശുചീകരണം നടക്കുകയും ചെയ്യുന്നു.

വീടിന്റെ പരിസരത്ത് വെള്ളം കെട്ടികിടക്കുന്നത് തടയുക, ഒപ്പം കൂത്താടികളെ നശിപ്പിക്കുക. വീട്ടുകളിൽ D. D. T. തളിയ്ക്കുക.

പൊതുശ്മശാനം

ജനസാന്ദ്രത കൂടികൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തകുടുംബങ്ങൾ കൂടുതൽ ആയതിനാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഒരു ശ്മശാനം നിർമ്മിക്കുന്നതിനുവേണ്ടനടപടികൾ സ്വീകരിയ്ക്കണം.

ഔഷധചെടികൾ നട്ടുപിടിപ്പിക്കുക

ഔഷധമൂല്യങ്ങൾ അടങ്ങിയിട്ടുള്ള ഔഷധചെടികൾ എല്ലാവീടുകളിലും വെച്ചു പിടിപ്പിക്കുന്നതുമൂലം ആയൂർവേദരംഗത്ത് രൂക്ഷമായി കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളുടെ ലഭ്യത പരിഹരിക്കുന്നതിന് സഹായിക്കുന്നു. പ്രത്യേകിച്ച് തുളസി, ആര്യവേപ്പ് എന്നീ സസ്യങ്ങൾക്ക് രോഗപ്രതിരോധ ശക്തിയും, ഓക്സിജൻ കൂടുതൽ ഉത്പാദിപ്പാനും കഴിവുള്ളതിനാൽ നിർബന്ധമായും വീട്ടുവളപ്പിൽ വെച്ചുപിടിപ്പിക്കുക. ഇതുവഴി പ്രകൃതിയുടെ സന്തുലതാവസ്ഥയെ നിലനിർത്തുവാൻ കഴിയും.

മെഡിക്കൽ ക്യാമ്പ്

മൂന്നു മാസത്തിൽ ഒരിക്കൽ പഞ്ചായത്തിൽ മെഡിക്കൽ ക്യാമ്പുനടത്തി അടിയന്തിര ചികിത്സ ആവശ്യമായി വരുന്നവരെ കണ്ടുപിടിച്ച് ചികിത്സിപ്പിക്കുക. മദ്യപാനം, മയക്കുമരുന്ന്, പുകവലി, മുറുക്ക് എന്നിവയുടെ ദൂഷ്യഫലങ്ങളെകുറിച്ചും നേത്രദാനത്തിന്റെ മഹത്വത്തെകുറിച്ച് ബോധവാന്മാരാക്കുക. കാലകരണപ്പെട്ടനിയമങ്ങൾ കാലോചിതമായി പുതുക്കിജനങ്ങൾക്ക് പ്രയോജനപ്പെട്ടതാക്കി മാറ്റുക. പഞ്ചായത്തുവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിഇണക്കി നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപെടുത്തിയാൽ ആരോഗ്യമുള്ള ഒരു ഗ്രാമമായിമാറ്റാൻ സാധിയ്ക്കും.

വ്യവസായം

വ്യവസായ മേഖലയിൽ തലവടി പഞ്ചായത്തിലെ സാധ്യതയ്ക്കനുസരിച്ച് ഉയർന്നു വരാൻ കഴിഞ്ഞിട്ടില്ല. ഇവിടെ പൊതു മേഖലയിലോ, സഹകാര്യ മേഖലയിലോ, സഹകരണ മേഖലയിലോ, വൻകിട വ്യവസായ യൂണിറ്റുകളോ ഒന്നും തന്നെയില്ല.

ഫർണിച്ചർ നിർമ്മാണം, ഇഷ്ടിക നിർമ്മാണം, നെല്ല് കുത്ത്, ധാന്യങ്ങൾ പൊടിക്കൽ, കറി പൗഡർ നിർമ്മാണം, തടി അറപ്പുമിൽ, കൊപ്ര സംസ്കരണം, എൻജിനിയറിംഗ് വർക്ക് ഷോപ്പുകൾ, കളളുചെത്ത് അലുമിനിയം ഫാക്ടറി, നോട്ടു ബുക്ക് നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായ മേഖലകൾ നാമ മാത്രമായി പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം പാരമ്പര്യമായി തുടർന്ന് പോന്നിരുന്ന മൺ പാത്ര നിർമ്മാണം, ഈറ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളുണ്ടാക്കൽ ഇരുമ്പുപണിയുന്ന ആലകൾ, തഴപ്പായനെയ്ത്ത്, കൊപ്ര ആട്ട്, തുടങ്ങിയ മേഖലകളിൽ മുരടിപ്പ് നേരിടുന്നത് കാണുവാൻ കഴിയും.

പ്രശ്നങ്ങൾ

15. 76 ച: കി: മീ വിസ്തീർണ്ണവും 24.733 ജനസംഖ്യയും 5466 കുടുംബങ്ങളുമുള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെയും നല്ല രീതിയിലുള്ള വിപണന സാധ്യതയുള്ളപ്രദേശമായിട്ടും പ്രസ്തുത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന വ്യവസായയൂണിറ്റുകൾ വളർന്നുവരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്.

പ്രതിബന്ധങ്ങൾ

1. ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത.
2. വൈദ്യുതിയുടെ അപര്യാപ്തത.
3. ധനസഹായം കിട്ടുന്നതിനുള്ള സങ്കേതിക തടസങ്ങൾ.
4. വ്യവസായ മേഖലയുമായുള്ള സമ്പർക്ക കുറവ്.
5. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്ക് അസംസ്കൃത സാധനങ്ങളുടെ ലഭ്യതകുറവ്.
6. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.
7. പരിസ്ഥിതി പ്രശ്നങ്ങൾ.

സാദ്ധ്യതകൾ

1. നെല്ല് സംസ്കരണം

നമ്മുടെ പഞ്ചായത്തിലെ നെല്ല് സംഭരിക്കുന്നതിനും പുഴുങ്ങി കുത്തി അരിയാക്കി പ്രദേശത്തെ കടകളിലൂടെയും പൊതുവിതരണ ശൃംഖലയിലൂടെയും വിറ്റഴിക്കുന്നതിനു കഴിയും.

2. കാലിത്തീറ്റ നിർമ്മാണം

അരി, തവിട്, തേങ്ങാപിണ്ണാക്ക് തുടങ്ങിയവയുമായി കൂട്ടി യോജിപ്പിച്ച് കാലിത്തീറ്റയും, കോഴിത്തീറ്റയും നിർമ്മിച്ച് വിൽക്കപ്പെടുന്നതിനു കഴിയും.

3. നാളികേര വ്യവസായ കോംപ്ലക്സ്

സഹകരണ സംഘം വഴി നാളികേരം സംഭരിച്ച് കൊപ്രയായും, വെളിച്ചെണ്ണയായും വിതരണത്തിനും വിപണനത്തിനായും സാദ്ധ്യതയുണ്ട്.

4. ഫർണിച്ചർ നിർമ്മാണം

തടി, സ്റ്റീൽ തുടങ്ങിയവ കൊണ്ടുള്ള ഫർണിച്ചറുകൾ നിർമ്മിക്കാനും വിപണനം നടത്താനും സാദ്ധ്യതയുണ്ട്.

5 സിമൻറ് ഇഷ്ടിക നിർമ്മാണം

ഹൈഡ്രോളിക്സ് പ്രസിംഗ് സമ്പ്രദായം ഉപയോഗിച്ച് ഇഷ്ടികയും അനുബന്ധ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുവാനും വിപണനത്തിനും സാദ്ധ്യതയുണ്ട്.

എൻജിനിയറിംഗ് വർക്ക് ഷോപ്പ്

വെൽഡിംഗ് യൂണിറ്റ്, ലെയ്ത്ത് വർക്ക്, ഫിറ്റിംഗ് ബ്ലാക്ക്സ്മിത്ത് തുടങ്ങിയ സജ്ജീകരണങ്ങളാകെ കൂട്ടിയോജിപ്പിച്ച് ഗേറ്റ്, ഗ്രിൽ, ജനൽ, നട്ട്, ബോൾട്ട്, ഷാഫ്റ്റ് തുടങ്ങി വിവിധങ്ങളായ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സാധനങ്ങളും യന്ത്ര ഭാഗങ്ങളും ഗൃഹോപകരണങ്ങളും നിർവ്വഹിക്കുന്നതിനും റിപ്പയറിംഗ് നടത്തുന്നതിനും സാദ്ധ്യതയുണ്ട്.

വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

ഒറ്റയ്ക്കും, കൂട്ടായും തൊഴിൽ മേഖലകളും സൃഷ്ടിക്കുന്നതിനുള്ള പരിശീലനവും സഹായവും വളർത്തിയെടുക്കണം.

പരിഹാരങ്ങൾ

1. വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കാൻ സമ്പ്സ്റേഷൻ നിർമ്മിക്കുക.
2. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക വേണ്ടത്ര റോഡും പാലങ്ങളും നിർമ്മിക്കുക.
3. കാർഷിക വിളകളെ പ്രോൽസാഹിപ്പിക്കുക.

തലവടിയിൽ ലാഭകരമായി നടത്താൻ കഴിയുന്ന വ്യവസായങ്ങൾ

(ഗ്രാമസഭാ നിർദ്ദേശങ്ങളും)

യൂണിറ്റ്	അസംസ്കൃതവസ്തു	ഉല്പന്നം	വ്യവസായം
1. നാളികേര കോംപ്ലക്സ്	നാളികേരം	1. വെളിച്ചെണ്ണ	വൻകിട
		2. തേങ്ങാപിണ്ണാക്ക്	
		3. തൊണ്ട്	
		4. ചിരട്ട	
		5. തേങ്ങാവെള്ളം	
		6. തേങ്ങാ (കാമ്പ്)	
	വെളിച്ചെണ്ണ	സോപ്പ്, സോപ്പുപൊടി	
	വെളിച്ചെണ്ണ	എണ്ണപ്പലഹാരങ്ങളും	
	ഗോതമ്പ്പൊടി	മിഠായി	
	അരിപ്പൊടി		
	തേങ്ങ (കാമ്പ്)		
	പഞ്ചസാര		
	തേങ്ങാപിണ്ണാക്ക്	കാലിത്തീറ്റ	
	അരിത്തവിട്	കോഴിത്തീറ്റ	
	തൊണ്ട്	1. ചകിരി	
		2. ചകിരിച്ചോറ്	
	ചകിരി	1. കയർ	
		2. കയറുല്പന്നങ്ങളും	
	ചകിരി, ചിരട്ട, തൊണ്ട്, ഉമി	1. കരകൗശലവസ്തുക്കളും	
	ചിരട്ട	സൺമൈക്ക ചിരട്ടത്തവി	
	തേങ്ങാ	തേങ്ങാപ്പാല്, ക്രീം, തേങ്ങാപ്പൊടി	
	തേങ്ങാവെള്ളം	ശീതള പാനീയം	
	ചകിരിച്ചോറ്	വളം, വലപൊങ്ങ്	
2. നെൽകോംപ്ലക്സ്	നെല്ല്	1. അരി	
		2. തവിട്	വൻകിട
		3. ഉമി	
		4 അവൽ	
		5. മലർ	
	അരി, ഉഴുന്ന്	പലഹാരപ്പൊടികളും	
	ഉമി	ഇന്ധനം	

ഗതാഗതം

ഊർജ്ജം

വാർത്താ വിനിമയം

തലവടി ഗ്രാമപഞ്ചായത്തിലെ പ്രധാനഗതാഗതമാർഗ്ഗം ജലഗതാഗതവും, റോഡു ഗതാഗതവുമാണു്. റെയിൽവേ ഗതാഗതസൗകര്യം ഇന്നും തലവടിയിൽ ലഭ്യമല്ല. കുട്ടനാടൻ പ്രദേശത്തിന്റെ ഭാഗമായ തലവടി പഞ്ചായത്തിൽ പ്രാചീനകാലത്തു് ജലഗതാഗതമായിരുന്നു ഏക ആശ്രയം. അക്കാലയളവിൽ ഓലപായ് കെട്ടിയതും, തണ്ടുവെച്ചുകെട്ടിയതുമായ വളവരവള്ളങ്ങളായിരുന്നു യാത്രയ്ക്കു് ഉപയോഗിച്ചുകൊണ്ടിരുന്നതു്. പിൽക്കാലത്തു് സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിൽ കടന്നുവന്ന ബോട്ടുകളും ഗതാഗതത്തിനു് ഒരു നവീനത ഉളവാക്കി. അതിനുശേഷം ഗവണ്മെന്റ് ബോട്ട് സർവ്വീസ് ദേശസാൽക്കരിക്കുകയും ഗവൺമെന്റിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ യാത്രയ്ക്കായി സർക്കാർ ബോട്ടുകളും ഉപയോഗിക്കുകയും സ്വകാര്യവ്യക്തികളുടെ അമിതമായ ചാർജ്ജു് ഈടാക്കലിനു് ഒരു പരിധിവരെ ബോട്ടുകളുടെദേശസാൽക്കരിക്കൽ ഉപകരിച്ചു എന്നതു് വിസ്മരിച്ചുകൂടാ. പണ്ടുകാലത്തു് ജലഗതാഗതത്തിനു് ഉപയോഗിച്ചിരുന്ന പല പല തോടുകളും ഇപ്പോൾ ജലസേചനസൗകര്യങ്ങൾക്കായി മാത്രം വിനിയോഗിക്കുന്നതും വിവിധ തോടുകൾ നികത്തി റോഡുകളാക്കിയിട്ടുള്ളതുമായ അനുഭവങ്ങൾ നിരവധിയാണു്. ഇന്നു് നീരേറ്റുപുറം മുതൽ കിടങ്ങറ വരെയുള്ള ബോട്ടു് സർവ്വീസു് മാത്രമായി സർക്കാർ മേഖലയിലെ ജലഗതാഗതം പരിമിതപ്പെട്ടു. എന്നാൽ ഇന്നും വിവാഹാദി മംഗളകർമ്മങ്ങളിൽ ചിലവു കുറഞ്ഞ യാത്രയ്ക്കു് സ്വകാര്യ ഉടമസ്ഥതയിലുള്ള ബോട്ടുഗതാഗതം ഉപയോഗിക്കുന്നുണ്ടു്. അതുപോലെതന്നെ കാർഷിക ഉല്പന്നങ്ങളും വ്യവസായ ഉല്പന്നങ്ങളും മറ്റും വിപണികളിൽ എത്തിക്കുന്നതിനു് ചിലവു കുറഞ്ഞ മാർഗ്ഗമായ വള്ളത്തിന്റെ ഉപയോഗം പ്രയോജനപ്പെടുത്താറുണ്ടു്. കൂടാതെ നദികളുടെ ഇരുകരകളിലേക്കുള്ള ജനസഞ്ചാരത്തിനും കടത്തിനായും വള്ളത്തെ ആശ്രയിച്ചു പോരുന്നു. ചെറുവള്ളങ്ങളുടെ വംശനാശം സംഭവിച്ചുകഴിഞ്ഞു.

റോഡു് ഗതാഗതത്തിന്റെ ആവിർഭാവം :

തിരുവല്ലായിൽനിന്നും ആരംഭിച്ച റോഡു ഗതാഗതം നീരേറ്റുപുറത്തു് നെടുമ്പ്രം പഞ്ചായത്തിനെയും തലവടി പഞ്ചായത്തിനെയും ബന്ധിപ്പിച്ചുകൊണ്ടു് 1961-ൽ വാഹന ഗതാഗതത്തിനു് സൗകര്യപ്രദമായ പാലം നിർമ്മിക്കുകയും ഇതിന്റെ നിർമ്മാണം റോഡു് ഗതാഗതത്തിനു് സ്ഥായിയും ധൃതഗതിയിലുമുള്ള വളർച്ച ഉളവാക്കിയിട്ടുണ്ടു്. തുടർന്നു് നീരേറ്റുപുറത്തുനിന്നും ചരിത്രപ്രസിദ്ധമായ എടത്വാ പള്ളിയുടെ അങ്കണത്തിൽവരെ എത്താവുന്ന വിധത്തിൽ റോഡു് ദൈർഘ്യപ്പെടുത്തി. ഈ റോഡു് തലവടിയുടെ മദ്ധ്യഭാഗത്തുകൂടിയായിരുന്നു എന്നുള്ളതും പിൽക്കാലത്തെ തലവടിയുടെ കരഗതാഗതത്തിന്റെ വളർച്ചയ്ക്കു് ഒട്ടേറെ പ്രയോജനമുളവാക്കിയിട്ടുള്ളതുമാകുന്നു. ആദ്യകാലങ്ങളിൽ സ്വകാര്യബസ്സുകളും ഈ റൂട്ടിൽ സർവ്വീസു് നടത്തിയിരുന്നു. 1977-ൽ ഈ റോഡു് ഗവണ്മെന്റു് ദേശസാൽക്കരിക്കുകയും സർക്കാർ നിയന്ത്രണത്തിൽ KSRTC ബസ്സുകളുമാത്രം സർവ്വീസു് നടത്തുകയും ഈ നില ഇന്നും തുടർന്നുപോരുന്നതുമാകുന്നു.

തലവടി പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി നിർമ്മിച്ച നീരേറ്റുപുറം എടത്വാ റോഡിനു് സമാന്തരമായി ഒഴുകുന്ന പമ്പാനദിയുടെ കൈവഴി-തലവടിയെ രണ്ടു കരപ്രദേശങ്ങളായി വേർപെടുത്തി. ഏതാണ്ടു് അഞ്ചു കിലോമീറ്ററോളം ദൈർഘ്യത്തിൽ തലവടിയെ ഭേദിച്ചു പോകുന്ന നദിയുടെ ഇരുകരകളെയും ബന്ധിച്ചുകൊണ്ടുള്ള വാഹന ഗതാഗതത്തിനു് സൗകര്യപ്രദമായ ഒരു പാലം നിർമ്മിക്കാൻ സാധിക്കാതെ വന്നതു് ആറിനു് തെക്കുഭാഗത്തുള്ള തലവടിക്കരയുടെ ഒട്ടേറെ വികസനത്തിനു് തടസ്സമായിട്ടുണ്ടു്. ഇന്നും ഈ നില തുടരുകയാണു്. എന്നാൽ ആലംതുരുത്തി ജംഗ്ഷനിൽനിന്നും ആരംഭിച്ചു് എടത്വായിൽ ചെന്നെത്തുന്ന റോഡിന്റെ പണി പൂർത്തീകരിക്കുകവഴി ഒരു പരിധിവരെ വികസനത്തിനു് ഇരുകരകൾക്കും സന്തുലിതാവസ്ഥ കൈവരിക്കുവാൻ കഴിയും എന്നു പ്രത്യാശിക്കാം. തിരുവല്ലാ—തകഴി റോഡിനെയും, ചക്കുളം—എടത്വാ റോഡിനെയും ബന്ധിപ്പിക്കുന്ന പാലവും മറ്റും കടന്നുപോകത്തക്ക ഒരു വലിയ പാലം-മുരിക്കോലിൽ നിർമ്മിക്കുന്നതിലൂടെ നമ്മുടെ പഞ്ചായത്തിന്റെ മുഖമായ മാറും. മുട്ടടത്തിനു കിഴക്കുവശം പഞ്ചായത്തിന്റെ തെക്കൻ പ്രദേശമായ 7, 8, 9, 10 വാർഡുകളിൽ വാഹനത്തിൽ എത്തുവാൻ മറ്റു പഞ്ചായത്തുവഴി കടന്നു വരേണ്ട സ്ഥിതിയാണുള്ളതു്.

ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് റെയിൽവേ ഗതാഗതത്തിനു് ഏറ്റവും അടുത്ത രണ്ടു റെയിൽവേ സ്റ്റേഷനുകൾ ഇന്നു് നിലവിലുണ്ടു്. തിരുവല്ലാ റെയിൽവേസ്റ്റേഷനും സമീപകാലത്തു് പൂർത്തീകരിച്ച തീരദേശറെയിൽവേയിൽ തകഴിയിൽ നിർമ്മിച്ചിട്ടുള്ള റെയിൽവേസ്റ്റേഷനുകളുമാണു്. ഈ രണ്ടു് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തുന്നതിനു് 13 കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ട അവസ്ഥയാണു്. ഈ രണ്ടു് സ്റ്റേഷനുകളുമായു് ബന്ധിപ്പിച്ചു് തലവടി ഗ്രാമപഞ്ചായത്തിൽ കിഴക്കു് പടിഞ്ഞാറായു് നിർമ്മിക്കുവാൻ സാദ്ധ്യമായ ലിങ്കു് റെയിൽവേയ്ക്കു് രൂപം നൽകുകയും തലവടി ആസ്ഥാനമാക്കി ഒരു സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്യുന്നതുമൂലം ജനങ്ങളുടെ യാത്രയ്ക്കും അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന വിവിധ ഉല്പന്നങ്ങൾക്കും ഈടാക്കുന്ന ട്രാൻസ്പോർട്ടു് ചാർജ്ജിനു് ഒരുപരിധിവരെ നിയന്ത്രിക്കാൻ കഴിയും. റെയിൽവേ ഗതാഗതത്തിന്റെ ആഗമനം പുതിയ വ്യവസായ സംരംഭങ്ങൾക്കു് മാർഗ്ഗദർശിയാകും എന്നതും പ്രതീക്ഷിക്കാം. കൂടാതെ റെയിൽവേ ഗതാഗതസൗകര്യത്തിനു് ഈ പഞ്ചായത്തിനുള്ള ശൂന്യത ഒഴിവാക്കുവാനും ഉപകരിക്കും.

നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി ഗതാഗത സൗകര്യമുള്ളതും അല്ലാത്തതുമായ നിരവധി റോഡുകളും നിർമ്മിക്കുന്നതിനു സാധിച്ചിട്ടുണ്ടു്. പൊതുവെ സമതലപ്രദേശമായ ഈ പഞ്ചായത്തിലെ റോഡുകൾക്കു് വെള്ളപ്പൊക്കം ഒരു ഭീഷണിയായി തീരാറുണ്ടു്. ശക്തമായ ഒഴുക്കിലും, ജലം കെട്ടികിടക്കുകമൂലവും എല്ലാ റോഡുകൾക്കും വർഷംതോറും അറ്റകുറ്റപണികളും ചെയ്യേണ്ട സ്ഥിതിവിശേഷമാണു്. നിശ്ചിതപൊക്കത്തിൽ റോഡു് നിർമ്മിച്ചു് ടാർ ചെയ്താൽ മാത്രമെ റോഡുകൾക്കു് അനുഭവപ്പെടുന്ന ആവർത്തന ചിലവു് ഇല്ലാതാക്കാൻ കഴിയുകയുള്ളു. ദീർഘവീക്ഷണത്തോടുകൂടിയതും സ്ഥായിമനോഭാവത്തോടുകൂടിയതുമായ റോഡുകളുടെ നിർമ്മാണത്തിലൂടെ മാത്രമെ ഈ രംഗത്തു് അനുഭവപ്പെടുന്ന വർദ്ധിച്ച ചിലവു് ഒരു പരിധിവരെ കുറയ്ക്കാൻ കഴിയൂ.

9–ാം പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിലെങ്കിലും റോഡു നിർമ്മാണത്തിൽ സ്ഥായിഭാവവും ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനം സംഘടിപ്പിക്കുവാൻ കഴിയട്ടെ എന്നു് പ്രത്യാശിക്കുന്നു,

പരിഹാരമാർഗ്ഗങ്ങൾ

1. പൊതുവെ റോഡുകൾ നിർമ്മിച്ചിരിക്കുന്നതു് ആറുതിരുത്തും തോടിന്റെ തീരത്തും വയലിൽകൂടിയുമായതുകൊണ്ടു് റോഡിന്റെ സംരക്ഷണത്തിൽ ആവശ്യമായ Retaining wall നിർമ്മിച്ചു് ശക്തമായ വെള്ളപ്പാച്ചിൽ മുഖാന്തിരം അനുഭവപ്പെടുന്ന റോഡിന്റെ തകർച്ചയെ പരിഹരിക്കാനാകും.
2. നദികൾക്കു സമാന്തരമായ റോഡുകൾ നിർമ്മിക്കുന്നതു് ജലനിർഗമനത്തിനും റോഡിന്റെ സംരക്ഷണത്തിനും ഉപകരിക്കും.
3. ടാറിങ്ങിനു് അനുകൂല സാഹചര്യങ്ങൾ ഉള്ള റോഡുകൾ ടാറിട്ടു് സംരക്ഷിച്ചാൽ അറ്റകുറ്റപണികൾ മൂലം അനുഭവപ്പെടുന്ന ആവർത്തനചിലവു് ഇല്ലാതാക്കാൻ കഴിയും.
4. ടാറിങ്ങു് ചെയ്ത റോഡുകൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ തൽസമയം പൂർത്തീകരിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
5. ഗ്രാമീണ റോഡുകളിൽ മിനിബസ്സു് നടത്തുക വഴി പഞ്ചായത്തിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ യാത്രാക്ലേശം പരിഹരിക്കുക.
6. റോഡുകളുടെ വികസനത്തിനു് തടസ്സമായി നിൽക്കുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും പണി പൂർത്തീകരിക്കുക.
7. P W D ഏറ്റെടുക്കാത്ത പഞ്ചായത്തു റോഡുകളിൽ ചിലതു് ടാറിട്ട റോഡുകളാണു്. ഇപ്രകാരമുള്ള റോഡുകളിലെ കേടുപാടുകളും പരിഹരിക്കുന്നതിനു് പ്രത്യേക ഫണ്ടു് അനുവദിക്കുക.

താഴെപ്പറയുന്ന റോഡുകൾ കാലാകാലങ്ങളിൽ പഞ്ചായത്തു ഫണ്ടു് ഉപയോഗിച്ചു് ഉണ്ടാക്കിയിട്ടുള്ള പഞ്ചായത്തു വഴികളാണു്. പക്ഷേ അപ്പർകുട്ടനാടൻ പ്രദേശങ്ങളിൽ വർഷംതോറും അഞ്ചും ആറും തവണയുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം ഈ റോഡുകൾ വർഷകാലം കഴിയുമ്പോൾ കുണ്ടും കുഴിയുമായി സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലെത്തുന്നു. പിന്നീടു് റോഡു് പുനർനിർമ്മാണത്തിനുള്ള ശക്തമായ ആവശ്യം പൊതുജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാവുക പതിവാണു്. ഇതുമൂലം ഓരോ വർഷവും ഈ റോഡുകളുടെയെല്ലാം പുനർനിർമ്മാണം ഏറ്റെടുക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തിനു് ഉണ്ടാകുന്നു. രൂക്ഷമായ വെള്ളപ്പൊക്കബാധിത പ്രദേശം എന്നനിലയിൽ ഈ റോഡുകളുടെയെല്ലാം ആണ്ടുതോറുമുള്ള പുനർനിർമ്മാണത്തിനു് വർദ്ധിച്ച നിരക്കിലുള്ള V R M, V T C ഗ്രാന്റുകൾ പ്രത്യേക പരിഗണനവച്ചു് ഈ പഞ്ചായത്തിനു നൽകേണ്ടതാണു്

ഊർജ്ജം

വൈദ്യുതി ഊർജ്ജത്തിന്റെ ഉപഭോഗം തലവടി പഞ്ചായത്തിൽ തുടങ്ങിയിട്ട് അരനൂറ്റാണ്ടിലേറെയായി. കാർഷിക മേഖലയിൽ വെള്ളം വറ്റിക്കുന്നതിനുള്ള മോട്ടോറുകളുടെ ഉപയോഗത്തിനും വൈദ്യുതിയെയാണ് ആശ്രയിക്കുന്നത്. 15 ശതമാനത്തോളം ആളുകളും ഗാർഹിക ആവശ്യത്തിനു പെട്രോളിയം ഗ്യാസിനെ ആശ്രയിക്കുന്നു എങ്കിലും 85 ശതമാനം ആളുകളും ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ് വിറകാണ്. ആകെയുള്ള വീടുകളിൽ 75 ശതമാനം ആളുകളും വൈദ്യുതി ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. കൂടുതൽ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുകയും തലവടിയിലോ സമീപപ്രദേശത്തോ സബ്സ്റ്റേഷനുകളും സ്ഥാപിക്കയും ചെയ്താൽ മാത്രമെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാവൂ. സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ പ്രതിമാസം അടക്കുന്നുണ്ടെങ്കിലും 25 ശതമാനം മാത്രമെ ഉപകരിക്കുന്നുള്ളൂ. ഗുണനിലവാരം കുറഞ്ഞ ബൾബുകളും ഇലക്ട്രിക് ഉപകരണങ്ങളും ഉപയോഗിക്കുന്നതാണ് സ്ട്രീറ്റ് ലൈറ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു വിഘാതമായി നിൽക്കുന്നത്. കത്താത്ത ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു നിരന്തരമായി ആവശ്യപ്പെട്ടാലും അനുകൂലമായ പ്രതികരണവും നടപടിയും ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഉണ്ടാകാറില്ല. റോഡുകളിലും പുരയിടങ്ങളിലും കിഴക്കൻ മണ്ണ് ഉപയോഗിക്കുന്നതുമൂലം ഇഴജന്തുക്കളുടെ ഉപദ്രവം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വഴികളിലൂടെ രാത്രികാലങ്ങളിൽ സഞ്ചരിക്കണമെങ്കിൽ വിളക്കുകൾ അത്യാവശ്യമാണ്.

കർഷകത്തൊഴിലാളികൾ മുഖ്യമായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ വിറക് ഉപയോഗിച്ചുള്ള പാചകം സ്ത്രീകളുടെ ആരോഗ്യത്തിനും ജോലി കഴിഞ്ഞുള്ള അല്പസമയത്തെ വിശ്രമത്തിനും അനുകൂലമല്ല. മാത്രമല്ല വിറകിനു തീ പിടിച്ച വിലയാണിപ്പോൾ. ആവശ്യത്തിനു മണ്ണെണ്ണ ലഭിക്കാനുമില്ല. പാചകവാതകം ലഭ്യമാക്കാനുള്ള ഏജൻസി തലവടിയിൽ ഇപ്പോഴില്ല.

പരിഹാരമാർഗ്ഗങ്ങൾ :

1. തലവടിയിൽ ഒരു വൈദ്യുത സബ്സ്റ്റേഷൻ സ്ഥാപിക്കുക.
2. വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.
3. പുതുതായി 10 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
4. വൈദ്യുതി ലൈനുകൾ മാറ്റി കേബിളുകൾ സ്ഥാപിക്കുക.
5. പുതുതായി 200 സ്ട്രീറ്റ് ലൈറ്റ് കൂടി ആവശ്യമാണ്.
6. പുതുതായി ലൈനുകൾ വലിക്കേണ്ട നിരവധി പ്രദേശങ്ങളുണ്ട്.
7. ലക്ഷംവീടുകളിലും പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ ഭവനങ്ങളിലും വൈദ്യുതി കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കണം.
8. പഴകി ദ്രവിച്ച മുഴുവൻ പോസ്റ്റുകളും മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുക.

വാർത്താ വിനിമയം

വാർത്താവിനിമയരംഗത്ത് തലവടി പഞ്ചായത്തിലെ സ്ഥിതി സാമാന്യം തൃപ്തികരമാണ്. എങ്കിലും ഈ രംഗത്ത് കൂടുതൽ നേട്ടങ്ങൾ ആവശ്യമാണ്.

1. തലവടി പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ 8-ാം വാർഡ് കേന്ദ്രീകരിച്ച് ചെത്തിപ്പുരയ്ക്കൽ ഭാഗത്തായി ഒരു പുതിയ പോസ്റ്റാഫീസും തലവടി പഞ്ചായത്താഫീസിനു സമീപമായി ഒരു സബ് പോസ്റ്റാഫീസും 10-ാം വാർഡിൽ അരീത്തോടിനു സമീപമായി ഒരു ED പോസ്റ്റാഫീസും അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം.

പാർപ്പിടവും, സാമൂഹികക്ഷേമവും

പാർപ്പിടരംഗത്തു് സങ്കീർണ്ണമായ പ്രശ്നങ്ങൾ ഏറ്റവും അധികം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണു് നമ്മുടേതു്. പത്തു വാർഡുകളിലായി 5345 വീടുകളാണുള്ളതു്. ഇതിൽ 30 ശതമാനം വീടുകൾ വാസയോഗ്യമല്ലാത്തവയാണു്. പഞ്ചായത്തിലെ 28 ശതമാനം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു് താഴെ കഴിയുന്നു. 1309 കുടുംബങ്ങൾ ഇപ്പോഴും ഈ പഞ്ചായത്തിൽ ചെറ്റകുടിലുകളിൽ കഴിയുന്നു. കുടിവെള്ളം, കക്കൂസു്, വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഈ കുടിലുകളിൽ മിക്കതിലും ലഭ്യമല്ല. സ്വന്തമായ ഒരു ഭവനം എന്ന ആഗ്രഹം സാധാരണക്കാരനും, പാവപ്പെട്ടവനും നിറവേറ്റുവാൻ കഴിയണമെങ്കിൽ ഇന്നുള്ള ഭവനവായ്പാ പദ്ധതിയുടെ വ്യവസ്ഥകൾ സമൂലം ലഘൂകരിക്കേണ്ടതുണ്ടു്. തൊഴിലവസരങ്ങൾ പരിമിതമായതുമൂലം സാമ്പത്തിക രംഗത്തു് മുരടിപ്പു് അനുഭവപ്പെടുന്നുണ്ടു്. ഗൾഫ് മേഖലയിൽനിന്നുള്ള പണത്തിന്റെ വരവു് സാമ്പത്തിക മേഖലയിൽ ആശ്വാസം പകരുന്നു എങ്കിലും ഭൂമിയുടെ വില അഭൂതപൂർവ്വമായി ഇതുമൂലം വർദ്ധിച്ചിട്ടുണ്ടു്. വാഹനഗതാഗത യോഗ്യമായ റോഡുകളുടെ വശങ്ങളിൽ വസ്തുവിനു് തീ പിടിച്ച വിലയാണു്. തന്മൂലം സ്വന്തമായി ഒരു തുണ്ടു ഭൂമി വാങ്ങുവാൻ കഴിയാതെ കൂട്ടുകുടുംബങ്ങളായി താമസിക്കുന്ന നിരവധി ആളുകൾ ഈ പഞ്ചായത്തിലുണ്ടു്. ഗവൺമെൻറിൽനിന്നും പൊന്നുംവിലയ്ക്കു് ഭൂമിയെടുത്തു് മിതമായ വിലയ്ക്കു് സാധാരണക്കാരനു് നല്കിയെങ്കിൽ മാത്രമെ പാർപ്പിടപ്രശ്നത്തിനു് പരിഹാരം ഉണ്ടാക്കുവാൻ കഴിയൂ. മിച്ചഭൂമിയുടെ ദൗർലഭ്യവും ഭൂമിയുടെ അമിതമായ വിലയും പരിഗണിച്ചു് പാർപ്പിടരംഗത്തു് കൂടുതൽ ശ്രദ്ധ ഈ പഞ്ചായത്തിനു് ലഭിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള പുറമ്പോക്കു് ഭൂമിയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണു്.

വാർഡു്	ഓട്ടു മേഞ്ഞതു്	ഓല കൂടിൽ	ടെറസ്സു്	ആകെ
1	326	80	112	518
2	194	198	68	460
3	382	141	79	602
4	360	40	102	502
5	250	120	35	445
6	345	160	45	550
7	459	175	36	670
8	384	198	64	646
9	301	109	47	457
10	295	168	32	495
ആകെ	3296	1309	520	5345

ഭവനനിർമ്മാണത്തിനു്, സർക്കാരിൽനിന്നും അനുവദിക്കുന്ന വായ്പകളും, ഗ്രാന്റുകളും യഥാസമയം ലഭിക്കാതെയും തുകയുടെ അപര്യാപ്തതയും, ഭവനനിർമ്മാണത്തിനു് തടസ്സമായി നിൽക്കുന്നു. ലക്ഷംവീടുകോളനികളിലെ വീടുകൾ ഇന്നും പഴയ നിലയിലാണു്. ഇതിൽ പലതും ഇടിഞ്ഞുപൊളിഞ്ഞു നിലംപതിക്കുന്ന സ്ഥിതിയിലാണു്. ഇവയുടെ അറ്റകുറ്റപ്പണിക്കു് പഞ്ചായത്തിനു്, പ്രത്യേ

ക ഗ്രാന്റ് അനുവദിക്കണം. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുവാനുള്ള അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്.

ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയെയും, സംഘടിത-അസംഘടിതതൊഴിലാളികൾക്ക് വേണ്ടിയുള്ള പദ്ധതികളും, ദുർബലവിഭാഗങ്ങൾക്കും ആലംബഹീനർക്കുമുള്ള വിവിധ ക്ഷേമപദ്ധതികളും, വിദ്യാഭ്യാസ, തൊഴിൽ പദ്ധതികളും എന്നിവയെല്ലാം സാമൂഹ്യക്ഷേമരംഗത്തു് ഒഴിച്ചുകൂടുവാൻ പാടാത്ത ഘടകങ്ങളാണ്. ഇതിനു പുറമെ പട്ടികജാതി—പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയും, വനിതാ വിഭാഗങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനവും, ഈ രംഗത്തു് ശക്തിപ്പെടേണ്ടിയിരിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്തു് V E O ആഫീസ് മുഖേന ഇപ്പോൾ ചില സഹായങ്ങൾ ലഭ്യമാകുന്നുണ്ട്. പക്ഷെ ഈ ആഫീസുകൾ നടപ്പിലാക്കുന്ന പദ്ധതികൾ കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ രണ്ടു് VEO ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. I R D P പദ്ധതിയെക്കുറിച്ച് ഗവൺമെന്റിന്റെ നിർവചനം കാലോചിതമായി മാറ്റുന്നതിനു വിധേയമാക്കി ദാരിദ്രരേഖയ്ക്കു് ഇന്നുള്ള സാമ്പത്തിക പരിധി ഉയർത്തണം. ദേശസാൽകൃത ബാങ്കുകൾ മുഖേന വായ്പകൾ ലഭ്യമാക്കുന്നതിനും ഇന്നുള്ള നടപടിക്രമങ്ങൾ ഉദാരമാക്കേണ്ടതാണ്. പല ബാങ്കുകളും ഈ കാര്യത്തിൽ ഉദാസീനത പാലിക്കുന്നു. ബാങ്കുകളെക്കൊണ്ടു് ഗുണഭോക്താക്കളെ സഹായിക്കുവാൻ ഫലപ്രദമായ നടപടി ഗവൺമെന്റ് തലത്തിൽ സ്വീകരിക്കണം. സഹകരണമേഖലയ്ക്കു് കൂടുതൽ ഫണ്ടു് അനുവദിച്ചുകൊണ്ടു് ഈ മേഖലയിൽകൂടി ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിവിധ ഇനം പെൻഷനുകൾക്കു് അർഹതയുള്ളവരും, കൈപ്പറ്റുന്നവരുമായ അവശജനവിഭാഗങ്ങൾ ഈ പഞ്ചായത്തിലുണ്ടു്. പെൻഷനുകൾ അനുവദിക്കുന്നതിലുള്ള നടപടിക്രമങ്ങളുടെ കാലതാമസം അപേക്ഷകർക്കു് ഒരു തീരാ വ്യഥയാണ്. ഇതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനുള്ള അവകാശം പഞ്ചായത്തുകൾക്കും, ജനകീയ സമിതികൾക്കും വിട്ടുകൊടുക്കേണ്ടതാണ്. പെൻഷനുകൾ ലഭിക്കുന്നവർക്കു് ഇതു ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. അർഹതയുണ്ടായിട്ടും പെൻഷൻ ലഭിക്കാത്ത ധാരാളം ആളുകൾ ഈ പഞ്ചായത്തിലുണ്ടു്. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ നടത്തുന്ന D W C R A എന്ന തൊഴിൽ സംരംഭത്തിന്റെ രണ്ടു യൂണിറ്റ് മാത്രമെ ഈ പഞ്ചായത്തിലുള്ളൂ. ഈ സഹായ ലഭ്യത പരമാവധി വിനിയോഗിക്കുവാൻ പഞ്ചായത്തിനു കഴിയണം.

ടൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്കു് സ്വയം തൊഴിൽ പരിശീലനം നൽകുന്ന ഒരു സ്കീമാണു് ടൈസം. തലവടി പഞ്ചായത്തിൽ ടൈസംവഴി കമ്പോസിംഗ് ബുക്ക്ബയൻറിംഗ് (15) സാനിറ്ററി ഫിറ്റിംഗ് പ്ലംബിംഗ് (8) വയറിംഗ് & ഇലക്ട്രീഷ്യൻ (5) ടൈലറിംഗ് & എംബ്രോയിഡറി (2) ഇലക്ട്രിക് വെൽഡിംഗ് (3) എന്നീ നിലയിൽ 33 പേർക്കു് പരിശീലനം നൽകിയതായും സ്വയം തൊഴിൽ കണ്ടെത്തിയതായും കണക്കുകൾ സൂചിപ്പിക്കുന്നു. പരിമിതമായ കാലയളവിൽ ലഭിക്കുന്ന ഈ പരിശീലനം കൊണ്ടും നടത്തിപ്പിലെ അപാകതകൊണ്ടും ഇതു് ബന്ധപ്പെട്ട തൊഴിലിൽ പ്രാപ്തരാക്കാൻ കഴിയുന്നില്ല. ഈ കുറവുകൾ കണ്ടെത്തി പരിഹരിക്കുവാൻ കഴിയണം.

ടൂൾ കിറ്റ് വിതരണം

ഗ്രാമീണ കൈത്തൊഴിലുകൾക്കു് നവീന തൊഴിൽ ഉപകരണം ലഭ്യമാക്കുന്ന പദ്ധതിയാണു് ടൂൾ കിറ്റ്. ഇതു് നമ്മുടെ പഞ്ചായത്തിൽ ഈ വർഷം മുതലാണു് തുടക്കം കുറിക്കുന്നതു്.

ദാരിദ്രരേഖയ്ക്കു് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം സി ആർ. എസ്. പി. പദ്ധതിയിലൂടെ നൽകി വരുന്നു. ഈ പദ്ധതിയിലൂടെ 91-മുതൽ 96 വരെയുള്ള കാലയളവിലായി 2 V E O സർക്കിളിലൂടെ നമ്മുടെ പഞ്ചായത്തിൽ 130 കക്കൂസ്സുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയിലൂടെ വളരെ ചുരുക്കം ആൾക്കാർക്കു മാത്രമെ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളൂ. കൂടുതൽ ആളുകൾക്കു് ഇതിന്റെ ഗുണം ലഭ്യമാക്കുവാനും ഇന്നനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കേണ്ടതും സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം ലളിതവൽക്കരിക്കേണ്ടതും അനിവാര്യമാണ്.

വില്ലേജാഫീസുകൾ വഴി ലഭിക്കുന്ന ക്ഷേമപദ്ധതികൾ അനുസരിച്ചു് 39 പേർക്കു് വാർദ്ധക്യ പെൻഷനും 95 പേർക്കു് വിധവ പെൻഷനും, 105 പേർക്കു് വികലാംഗ പെൻഷനും കർഷകതൊഴിലാളി പെൻഷനും ലഭിക്കുന്നുണ്ട്. വിധവ പെൻഷനു് പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ പെൻഷൻ ലഭിക്കുകയില്ല എന്ന നിയമത്തിൽ മാറ്റം വരുത്തി അർഹതയുള്ളവർക്ക് പെൻഷൻ ലഭിക്കുവാൻ നടപടികൾ സ്വീകരിക്കണം. വിദ്യാസമ്പന്നരായ ധാരാളം ആളുകൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും കുറച്ചു പേർക്കു മാത്രമെ

തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുള്ള. ഇത്തരം സാമൂഹ്യ ക്ഷേമസഹായങ്ങൾക്ക് അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

അംഗനവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് ഗുണകരമായ പ്രവർത്തനം കാഴ്ച വെയ്ക്കുന്ന അംഗനവാടി പത്തു വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്. ജനസംഖ്യാനുപാതികമായി ICDS-ന്റെ നയത്തിനു് അനുസരിച്ചും ഇപ്പോഴുള്ള അംഗനവാടികളുടെ എണ്ണം ഇരട്ടിയാക്കേണ്ടിയിരിക്കുന്നു. അംഗനവാടികളുടെ പ്രാഥമിക സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തവയ്ക്ക് അവ ഉണ്ടാക്കുവാനും ഉള്ളവർക്ക് അറകുറപ്പണികളും നടത്തുവാനും കളിപ്പാട്ടങ്ങളും വാങ്ങുന്നതിനും അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്.

ജീവനക്കാരുടെ വേതന വ്യവസ്ഥകളും കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊളിലാളി ക്ഷേമനിധി, നിർമ്മാണതൊഴിലാളി ക്ഷേമനിധി, മത്സ്യതൊഴിലാളി ക്ഷേമനിധി, മണൽവാരൽ തൊഴിലാളി ക്ഷേമനിധി എന്നീ ക്ഷേമനിധികളും നിലവിലുണ്ട്. ഈ ക്ഷേമനിധികളിൽ ചേർന്നിട്ടില്ലാത്ത അർഹതയുള്ള ആളുകളും ഇനിയും ചേരേണ്ടിയിരിക്കുന്നു.

കമനീയ സ്വർണ്ണാഭരണങ്ങൾക്ക്

S. A. S. ജൂവലറി

തലവടി

Prop : S. SIVAN

Phone : 0477—212162

അനുബന്ധം A

ഗ്രാമസഭാ റിപ്പോർട്ടുകൾ, വാർഡിലെ മെമ്പറന്മാർ, നിലവിലുള്ള റോഡുകൾ, പ്രധാന പ്രവർത്തകർ എന്നിവരിൽനിന്നും ശേഖരിച്ച വിവരങ്ങൾ

റോഡിന്റെ പേരു്	ദൂരം: മീ:	വീതി മീ:
വാർഡ് 1		
നീരേറ്റുപുറം പാലം മുതൽ കുന്നുമാടി പുത്തുവൽ	1250	4
റെയി. ഇ. റോഡ് മുതൽ അർത്തിശേരി റോഡ് (Via) ഓലിക്കര	400	4
പേരിമുട്ടുമുതൽ നാരകത്ര മുട്ട് (Via) ടി. എം. ടി.	800	4
നാരകത്തറമുട്ട് ജംഗ്ഷൻ സെന്റ് തോമസ് ഓർത്ത: പള്ളി	300	3.5
പതാരിശേരി കലുങ്ക് മുതൽ സെന്റ് ജോൺസ് ചർച്ച്	700	4
O. L. H. S. To പങ്കിപ്പുറം	800	4
വ്യാസപുരം മുതൽ കുതിരച്ചാൽ പുത്തുവൽ	800	3
കുളത്തിൽ കടവ് മുതൽ മണമേൽ പടിവരെ	500	2
ലക്ഷംവീട് കോളനി മുതൽ മാളിയേക്കൽ തോട്	400	3
ചക്കുളം പാലംമുതൽ മാളിയേക്കൽ തോട്.	900	3.5
സെന്റ് തോമസ് ചർച്ച് മുതൽ കുളത്തിക്കടവ്	400	4
നീരേറ്റുപുറം മാർക്കറ്റ് മുതൽ കല്ലുപുരക്കൽവരെ	400	3
എസ്. ബി. റെയി. ജംഗ്ഷൻ മുതൽ എടക്കടവ് റോഡ്	200	3
നാരകത്ര മുട്ട് മുതൽ ജട്ടി വരെ	150	3
മണമേൽ പടി മുതൽ അത്തിമൂട്ടിൽ പടി	500	3
മുളക്കൽ ഫ്ളവർ മിൽ മുതൽ തുണ്ടിപ്പറമ്പ് പടിവരെ	400	2
ദൈവസഭാ ഹാൾ മുതൽ ഏലിമഠത്തിൽ പടി	100	1.5
ചക്കുളം ക്ഷേത്രം മുതൽ വ്യാസപുരം കടവ് വരെ	500	4
വ്യാസപുരം കടവ് മുതൽ കുതിരച്ചാൽ പുത്തുവൽ	800	3
നെല്ലാക്കുന്നേൽ പടി മുതൽ സെന്റ് തോമസ് സ്കൂൾ	300	1.5
കൊപ്പാറപ്പറമ്പിൽപടി മുതൽ മാളിയേക്കൽപടി	500	3
കുന്നേൽപടി മുതൽ കല്ലുപുരക്കൽ കടവുവരെ	200	2
മണമേൽ പടി മുതൽ കാക്കനാട്ടുപടി വരെ	400	2
കുത്തനാരുപറമ്പിൽ മുതൽ പുത്തൻപറമ്പിൽ പടി	250	1.5
നീരേറ്റുപുറം കുരിശടി മുതൽ സാംബവകോളനി	400	2
മുളക്കൽ റൈസ് മിൽ മുതൽ കുതിരച്ചാൽ (Via) പറയപ്പറമ്പ്	500	1.5
തുശിക്കണ്ടത്തിൽ പടി മുതൽ ചിറമേൽപടി	200	2
ചക്കുളം പാലം മുതൽ വ്യാസപുരം കടവ് വരെ	400	2
മാനാമ്പറമ്പിൽപടി മുതൽ പനക്കാമുറിപടി	300	1.5
പുത്തൻപറമ്പിൽപടി മുതൽ അവാന്തരപ്പടി	200	1.5
റെയി. എം, റെയി. എച്ച്. എസ്. മുതൽ കുറുകയിൽപ്പടി	500	1.5
ചക്കാട്ടുപടി മുതൽ വെട്ടിക്കാട്ടുപടി വരെ	200	1.5
കല്ലുപുരക്കൽപ്പടി മുതൽ മുണ്ടോട്ടുപടി വരെ	300	1.5

റോഡിന്റെ പേര്	ദൂരം: മീ:	വീതി മീ:

വാർഡ് 2

ചക്കാലയിൽപ്പടി മുതൽ പതിനെട്ടിൽപ്പടി via കണ്ടങ്കരിപ്പടി	2.5	3.5
ചുടുകാട്ടിൽപ്പടി മുതൽ ദേവസ്വം ചിറ	300	3
തുരുത്തേൽപടി മുതൽ മൂന്നുമൂലപ്പടിവരെ	1.5	2
കോച്ചേരിപ്പടി മുതൽ പാലത്തിങ്കൽപ്പടി	1.5	3
കളത്തിക്കടവു മുതൽ ചക്കാലയിൽപ്പടി വരെ	2	4
അത്തിശേരി ട്രാൻസ്ഫോർമർ മുതൽ ഇട്ടിയംപറമ്പിൽപടി	1	3.5
അത്തിശേരി മാമ്മൂട്ടിൽപടി മുതൽ തടത്തിൽപടി വരെ	1	3
അർത്തിശേരി മുതൽ തെന്നശേരിപ്പടി	1.5	3
അർത്തിശേരി മുതൽ പതിനെട്ടിൽപ്പടി	1.5	3
എം. എ. റോഡ് മുതൽ മാമ്മൂട്ടിൽപ്പടി	200	3
പരുവക്കൽപ്പടി മുതൽ മംഗലത്താടി	500	2
അർത്തിശേരി മുതൽ പെന്തക്കോസ് ചർച്ച് (via) എട്ടിൽപ്പടി	1.5	2
അർത്തിശേരി മുതൽ മോളിപ്പടവു മിൽ	2	3
തടത്തിൽപ്പടി മുതൽ എം. ഒ. വർഗീസ് സ്മൃം വരെ	2.5	3
കൈതവനപ്പറമ്പിൽ മുതൽ മാമ്പഴംതോട്ടിൽ	100	3
അർത്തിശേരി മുതൽ ഇടപ്പുരപ്പടി വരെ	100	3
മാണത്താറ മുതൽ സ്മൃംജംഗ്ഷൻ	250	3
എം. എ. റോഡ് മുതൽ കുറിക്കാട്ട റോഡ്	50	2
എം. എ. റോഡ് മുതൽ പനവേലിപ്പടി	75	2
കരുവേലിപ്പടി മുതൽ കണ്ടങ്കേരിത്തറ	250	2
കൊച്ചുമാമ്മൂട്ടിൽപ്പടി മുതൽ പുല്ലാട്ടിൽപ്പടി	100	2
എം. എ. റോഡ് മുതൽ കൊക്കാച്ചുള	200	2
എം. എ. റോഡ് മുതൽ കൈതത്തോട്ടപടി	150	2
സി. എസ്. ഐ. ചർച്ച് മുതൽ നെടുംകളത്തിൽപ്പടി	200	2
തുരുത്തേൽപ്പടി മുതൽ അഞ്ചങ്ങാടിപ്പടി	200	2

വാർഡ് 3

തിരുവുരക്കരി മുതൽ കോമങ്കരി	2	3
തിരുവുരക്കരി മുതൽ കൈപ്പള്ളിമുട്ട്	500	3
പൂഞ്ഞുരുത്തിപ്പടി മുതൽ കരുവേലിപ്പടി	250	3
പുല്ലാടിപ്പടി മുതൽ ചെമ്പയിൽപ്പടി	200	2.5
എബനേസർപ്പടി മുതൽ പതിനെട്ടിൽപ്പടി	200	2.5
ചിറമേൽപ്പടി മുതൽ തടത്തിൽപ്പടി	100	2.5
മുണ്ടകത്തിൽപ്പടി മുതൽ വില്ലേജ് ഓഫീസ് via ചിറകോട്ടപടി	1	4
ചിറകോട്ടപടി മുതൽ അട്ടിയിൽപ്പടി	150	2
മാമ്മൂട്ടിൽപടി മുതൽ കന്യക്കോണിൽപടി	800	4
കൊച്ചുമാമ്മൂട്ടിൽ മുതൽ കാട്ടുകണ്ടം പടി	250	3
ചക്കാലയിൽ മിൽ മുതൽ പൊന്നഴക്കുത്ത്	400	3.5
പുത്തൻപീടിക മുതൽ മുപ്പതിൽചിറ പടി	400	3
മാമ്മൂട്ടിൽപടി മുതൽ ആനന്ദഭവനം	300	4
അന്ത്രയിൽപ്പടി മുതൽ തുരുത്തിൽപടി	1	4
പൊള്ളയിൽപ്പടി മുതൽ കല്ലുപുരക്കൽപ്പടി via പത്താരിശേരി	1.5	4
നാലാങ്കൽപ്പടി മുതൽ പനവേലിപ്പടി	500	4

റോഡിന്റെ പേരു്	ദൂരം: മീ:	വീതി മീ:
കുന്നേൽപ്പടി മുതൽ പടിഞ്ഞാറെപ്പുരക്കൽപ്പടി	300	2.5
പതാരിശേരിപ്പടി മുതൽ നാലുപുരക്കൽപ്പടി	100	1.5
ഫെയ്ത്തു്ഹോം മുതൽ ദൈവത്താംപറമ്പു്	500	3
വാരിയത്തു്പടി മുതൽ കണിയാംപറമ്പു് പടി	400	2.5
കളത്തിൽപ്പടി മുതൽ തുണ്ടിയിൽപ്പടി	200	2.5
പഞ്ചായത്തു്പടി മുതൽ ലക്ഷ്മിമന്ദിരം	600	8
ഇടയത്തുപ്പടി മുതൽ റബ്ബർകമ്പനി	400	3.5
എൻ. എസ്. എസ്. ഓഫീസ് മുതൽ മംഗലപ്പള്ളി	200	2
സ്കൂൾ പി എസ്. മുതൽ കല്ലൂർമഠം	150	3
കരിയത്തുപ്പടി മുതൽ കൈലാത്തുപടി	100	5
ടി. ഇ. റോഡ് മുതൽ കൊല്ലംപറമ്പ്പടി	100	2
ഗുരുമന്ദിരം മുതൽ കൊച്ചുപുരക്കൽപടി	250	2.5

വാർഡ് 4

വെള്ളക്കിണർ മുതൽ ജി. എച്ച്. എസ്.	400	4
രാമപുരത്തുപടി മുതൽ മൂലക്കാട്ടപടി	2	4
ടി. ഇ. റോഡ് മുതൽ തുരുത്തേൽപ്പടി (via) അമ്പലംറോഡ്	800	4
ടി. ഇ. റോഡ് മുതൽ ജെട്ടിറോഡ്	300	4
കൊച്ചമ്മനം മുതൽ തുരുത്തേൽപ്പടി	500	4
കൊച്ചമ്മനം മുതൽ ക്ഷേത്രപ്പടി റോഡ്	600	4
എട്ടിൽപ്പടി മുതൽ പത്തിശേരി റോഡ്	400	3
മംഗലപ്പള്ളി മുതൽ കൊച്ചുപുരക്കൽപടി	100	2
ടി. ഇ. റോഡ് മുതൽ മുത്താരമ്മൻകോവിൽ	800	4
ചെറുകളത്തിൽപടി മുതൽ മംഗലപ്പള്ളിപ്പടി	200	4
ടി. ഇ റോഡ് മുതൽ പഴനിലം	300	4
പുലിപ്രപ്പടി മുതൽ പൂന്തുറപ്പടി	250	4
അത്തിമൂട്ടിൽപ്പടി മുതൽ ആറ്റുകടവു്	200	2
മെതിക്കളംപടി മുതൽ മുത്താരമ്മൻകോവിൽ	300	3
മെതിക്കളം മുതൽ കളത്തിറമ്പു്	200	2
മെതിക്കളം മുതൽ പുത്തൻമഠം	300	3
ആനപ്രമ്പാൽ ക്ഷേത്രപ്പടി മുതൽ തെക്കേമഠം	250	3
നെടുങ്ങാട്ടമഠം മുതൽ ആറ്റുപള്ളി കടവു്	150	3
ചാലുങ്കൽപ്പടി മുതൽ മുല്ലപ്പള്ളി ജെട്ടി	250	3
കൊച്ചുപുരക്കൽപടി മുതൽ ഐമനത്തുപടി	300	3
കൈലാത്തുപടി മുതൽ നെല്ലിക്കുന്നത്തു പടി	300	2
ടി. ഇ. റോഡ് മുതൽ കൂത്തേരിപ്പടി	200	1.5
ടി. ഇ. റോഡ് മുതൽ പറമ്പൂട്ടിൽപ്പടി	300	2
ടി ഇ. റോഡ് മുതൽ പറമ്പുങ്കൽപ്പടി	100	2
മാറാവീട്ടിൽപ്പടി മുതൽ കണ്ടത്തിൽപ്പറമ്പ്പടി	150	2

വാർഡ് 5

വെള്ളക്കിണർ – നിരവുംതറ	3
വെള്ളക്കിണർ – ചാമക്കുളം	3
ടി. ഇ. റോഡ് – കുടന്തയിൽ	2

റോഡിന്റെ പേരു്	ദൂരം: മീ:	വീതി മീ:
ടി. ഇ. റോഡ് (പെട്രോൾ പമ്പു്) - പന്ത്രണ്ടിൽപ്പടി		3
കൊച്ചുമ്മനം — തുരുത്തിൽപ്പടി		4
കളത്തിൽപ്പടി - ആറുമാലിൽപടി		3
കൊച്ചുമ്മനം പാലം — കാക്കാംപറമ്പു്		2
ആറുമാലിപ്പടി — കൊല്ലശേരിൽ		3
ഒറവത്തെങ്ങിൽപ്പടി — കരീശേരിൽപ്പടി		2
കൊമ്പിത്തറ — സെൻറു് മാർക്കു് ചർച്ചു്		3
വാഴത്തറപ്പടി — ശാസ്താംപറമ്പു്		2
കുടോത്തറപ്പടി — കട്ടത്തറ ഹരിജൻ കോളനി		4
പനയ്ക്കത്തറപ്പടി — മണക്കളംപടി		3
കട്ടത്തറപ്പടി — വിഴാപ്പറംപടി		2
കട്ടത്തറ - കുറവേലിപ്പടി		2
കരീശേരിപ്പടി — ഓടേറിപ്പടി		3
പുത്തൻപറമ്പിൽപ്പടി — എസ്. എൻ. ഡി. പി.		4
കൊണ്ടാക്കൽപ്പടി — ആറുകടവിൽപ്പടി		2
കളങ്ങരപ്പടി — സെൻറു് മാർക്കു് ചർച്ചു്		3
മാമ്മൂട്ടിൽപ്പടി - നാൽപ്പത്തിയഞ്ചിൽപ്പടി		3
തുരുത്തിൽപ്പടി — മുല്ലപ്പള്ളിച്ചിറപ്പടി		2
പോളച്ചിറപ്പടി — മാലിത്തറപ്പടി		3
പതിനെട്ടിൽപ്പടി — കോതപ്പുഴശേരിപ്പടി		2
നിരവുംതറ — ആനാച്ചേരിൽപ്പടി		2

വാർഡ് 6

അമ്പേരിവില്ല മുതൽ പടിഞ്ഞാറെ പട്ടത്താനം	1	3.5
വാണിയപ്പുരക്കൽപ്പടി മുതൽ മാരങ്കരി മോട്ടോർ തറ	1	3
അഞ്ചേരിൽപ്പടി മുതൽ പതിനഞ്ചിൽപ്പടി	200	1.5
ആലുംമൂട്ടിൽ മുതൽ മൂന്നുതെക്കൽപടി	300	2
ആറിൽപ്പടി മുതൽ മാന്തറപ്പടി	150	2
അമ്പ്രയിൽ കലുങ്കു് മുതൽ എരുവത്തുപ്പടി	400	3
വാലേൽപുത്തൻപറമ്പു് മുതൽ അമ്പൂരത്തുപടി	150	1.5
കുന്നത്തുപറമ്പിൽ മുതൽ O.L.H.S. കോളനി	300	3
മാർത്തോമ്മാ ചാപ്പൽ മുതൽ പറമ്പടികുന്നേൽ	200	2
കക്കാടം പള്ളി മുതൽ അമ്പിൽപ്പടി (ടി ഇ. റോഡ്)	300	3
കുന്നത്തുപാമ്പിൽപ്പടി മുതൽ വെട്ടത്തോടു്	800	3.5
കൊമ്പിത്തറ പാലം മുതൽ ശവക്കോട്ടപ്പടി	500	3.5
കൊമ്പിത്തറപ്പടി മുതൽ ചിറേഴത്തുപടി	400	3
B. P. D. C. മുതൽ ചാലുങ്കൽതറ	100	2
പരുമൂട്ടിൽപ്പടി മുതൽ പൊച്ചാലുമാലിൽപ്പടി	100	1.5
ചെറുകാട്ടുകുന്നേൽപ്പടി മുതൽ കളപ്പുരക്കൽപ്പടി	200	3
ടി. ഇ. റോഡ് മുതൽ വല്ലേപ്പറമ്പു് കോളനി	250	2
കൊച്ചുമ്മനം മുതൽ താഴംമഠത്തിൽപ്പടി	2.5	3
ആലുംമൂട്ടിൽപടി — വാഴക്കുട്ടത്തിൽപ്പടി	150	2
വല്ല്യവീട്ടിൽപ്പടി — കുറിയിൽപ്പടി	100	2

റോഡിന്റെ പേരു്	ദൂരം: മീ:	വീതി മീ:
കളപ്പുരക്കൽപ്പടി – ഇരുപത്തഞ്ചിൽചിറപ്പടി	150	2
മൂത്താരിപ്പടി – കണ്ണമാലിപ്പടി	100	2
തുരുത്തേൽപ്പടി – കുന്നത്തുപറമ്പിൽച്ചിറ	100	1.5
ചെല്ലക്കുന്നേൽപ്പടി – മുല്ലപ്പള്ളിപ്പറമ്പു്	100	1.5
പനയ്ക്കൽപ്പടി – കോയിത്തേരിപ്പടി	100	2
കരീശേരിൽപ്പടി – പാക്കള്ളിൽപ്പടി	100	2
പുത്തൻചിറപ്പടി – കോട്ടവിരുത്തിൽപ്പടി	100	2
കൊക്കിരിക്കൽപ്പടി – രണ്ടുപറപ്പടി	150	2
വരമ്പത്തുപടി – തുണ്ടിയിൽപ്പടി	150	2

വാർഡു് 8

കറുകയിൽപ്പടി മുതൽ മൂലേപ്പടി പാലംവരെ	800	3
പുഞ്ചായിച്ചിറ മുതൽ കുന്നേൽപ്പടി വരെ	500	3
പുഞ്ചായിച്ചിറ മുതൽ 130 പടി കലുങ്കുവരെ	1	3
കളപ്പുരക്കൽ പടി മുതൽ ചക്കാലക്കൽ പടിവരെ	250	2
കോടമ്പനാടി കലുങ്കു് മുതൽ 130 ൽ പടി തുരുത്തുവരെ	300	2
പത്തിശേരിപ്പടി മുതൽ മൂന്നുപറ പടിവരെ	400	3
കാണിയിട്ടപടി നടപ്പാത	100	1
പാരേൽപ്പടി മുതൽ വളവുങ്കൽപ്പടി വരെ	3.0	2
പുതുപ്പറമ്പു് ക്ഷേത്രപ്പടി മുതൽ വളവുങ്കൽപ്പടി	4.0	3
മണലേൽപ്പടി മുതൽ നാലാംവേലിൽപ്പടി വരെ	300	2
പാട്ടത്തിൽപ്പടി മുതൽ ചുടുകാട്ടിൽപ്പടി വരെ	300	2
പഴങ്ങേരിപ്പടി മുതൽ ഇടയത്തുപ്പടി	300	2
130 ൽ കലുങ്കു് മുതൽ 4 ൽ പടി വരെ	500	3.5
നൈത്താരുപറമ്പിൽ മുതൽ വട്ടടിക്കടവു്	500	4
വട്ടടി മുതൽ തോട്ടടി വരെ	700	4
വെൺമേലി കിണറു പടി മുതൽ ചിറയിൽപ്പടി	800	4
തുണ്ടിയിൽപ്പടി മുതൽ വിരുപ്പിൽപ്പടി	400	2
തുണ്ടിയിൽപ്പടി മുതൽ നാലാങ്കൽപ്പടി	400	2
തോട്ടടിപ്പടി മുതൽ വാലുചിറപ്പടി	250	2
പൊയ്യാലുമാലിൽ മുതൽ കടിയന്ത്രചിറ	150	2
വാണിയപ്പുരക്കൽപടി മുതൽ വെൺമേണി കിണറു്	1	1.5
മടയ്ക്കൽപ്പടി മുതൽ മണ്ണാരുപറമ്പിൽപടി	300	2
സാൽവേഷൻ ആർമി മുതൽ പൊയ്യാലുമാലി വരെ	200	1.5
വട്ടടി മുതൽ പഴമാലി (via) റീത്തുപള്ളി വരെ	1	2.5
കുറിയിൽപ്പടി മുതൽ പുന്നാപ്പാടം പടിവരെ	450	2.5
മടയ്ക്കൽപ്പടി കലുങ്കു് മുതൽ വടക്കോട്ടു് 130 ൽ കലുങ്കു്	800	2
മണലേൽപ്പടി മുതൽ വാലേൽപടി	300	2
പുന്നാപ്പാടം മുതൽ മുണ്ടകത്തിൽപ്പടി വഴി	300	2
നാലിൽപടി മുതൽ മുകളോടിപ്പടി വഴി	500	4

വാർഡു് 10

മാലിയിൽപ്പടി - P.W.D. റോഡു്	850	
വെട്ടത്തേരിപ്പടി – അത്തിക്കണ്ടംപടി	450	

റോഡിന്റെ പേരു്	ദൂരം: മീ:	വീതി മീ:
ചക്കളം കടവ് – തോണിക്കടവ്	900	
ചക്കളം കടവു് – തോപ്പിച്ചിറ	100	
പെരുമ്പാപറമ്പു് – തൈക്കടപ്പടി	250	
P. W. D. റോഡ് – മണലിൽവഴി മാലിപ്പടി		
പന്നിതുരുത്തേൽ – കുറുകപ്പറമ്പു്	300	
പെരുമ്പാപറമ്പു് ലക്ഷംവീടു് – പന്നിതുരുത്തേൽ	1	
എസ്. എൻ. ഡി. പി. – എക്കപ്പുറത്തുപടി		
60 ൽ പടി – കുന്നത്തുപറമ്പിൽ പടി		
പന്നിതുരുത്തേൽ – ചൂടകാട്ടിൽപ്പടി		
തോപ്പിച്ചിറ – പഞ്ചായത്തു് കളിക്കടവ്		
ചേലക്കഴിപ്പടി – വേഴപ്പുറത്തു്പടി		
നാലാങ്കൽ കലുങ്കു് – തോട്ടടി കടവ്	400	4
തോട്ടടി കടവ് – കാട്ടുനിലത്തു കടവ്	1	4
കാട്ടുനിലത്തു കടവ് – പെരുമ്പാപറമ്പു് O L H S	1	4
മാലിയിൽപ്പടി കലുങ്കു് – മണലേൽപറമ്പു് O L H S	800	3
മടയ്ക്കൽ കലുങ്കു് – നാലാങ്കൽ കലുങ്കു്	600	4
പന്നിതുരുത്തേൽ കലുങ്കു് – വാക്കയിൽപ്പടി	400	2
എസ്. എൻ പി. പടി – അത്തിപ്പറമ്പു് പടി	300	2
കാഞ്ഞരാടിപ്പടി – കുറുകഞ്ഞറപ്പടി	500	2
പന്നിത്തുരുത്തേൽ – കാഞ്ഞരാടി	400	3

ടാർ ചെയ്യേണ്ട റോഡുകൾ

വാർഡ്	റോഡിന്റെ പേരു്	നീളം കി.മീ.	വീതി മീ.
വാർഡ് 1	നീരേറ്റുപുറം പാലം മുതൽ ചിറ്റടി മാലി	1	4
,,	കുതിരച്ചാൽ മുതൽ വ്യാസപുരം	800	4
,,	സെന്റ്ജോൺസ് ചർച്ചു് മുതൽ പതാരിശേരിപടി	500	4
,,	കുഴിപ്പള്ളി മുതൽ കളത്തിക്കടവു് വരെ	500	4
,,	നീരേറ്റുപുറം മാർക്കറ്റ് മുതൽ നല്ലാക്കുന്നിൽപ്പടി	500	4
,,	നാരകത്താ മൂട്ട മുതൽ കുഴിപ്പള്ളി	300	4
,,	ചക്കളത്തുകാവ് മുതൽ വ്യാസപുരം	200	4
വാർഡ് 2	കളത്തിക്കടവു മുതൽ പതിനെട്ടിൽപ്പടി	2500	4
,,	ചക്കാല മില്ല് മുതൽ മാമ്പഴം തോട്	300	4
,,	പുത്തൻപറമ്പിൽ പടി മുതൽ ദേവസ്വംചിറ	300	4
വാർഡ് 3	പൊള്ളേപ്പടി മുതൽ പതാരിശേരിപ്പടി	500	4
,,	മാമ്മൂട്ടിൽ പാലം മുതൽ കന്യേൽകോണിൽപടി	400	4
വാർഡ് 4	വെള്ളക്കിണർ മുതൽ G.H.S.	200	4
,,	കൊച്ചുമ്മനം മുതൽ മാരാവീട്ടിൽപ്പടി	200	4
,,	ടി. ഇ. റോഡ് മുതൽ ആനപ്രമ്പാൽ ക്ഷേത്രക്കടവ്	200	4
,,	ടി. ഇ. റോഡ് മുതൽ ജട്ടി വരെ	200	4

വാർഡ്	റോഡിന്റെ പേര്	നീളം കി.മീ.	വീതി മീ.
വാർഡ് 5	കൊച്ചമ്മനം മുതൽ തുരുത്തിൽപ്പടി	2	4
,,	വെള്ളക്കിണർ മുതൽ തുണ്ടിയിൽപ്പടി	600	3.6
വാർഡ് 6	കൊച്ചമ്മനംമുതൽ താഴാംമഠം	3.5	3.6
വാർഡ് 8	മടയ്ക്കൽപ്പടി മുതൽ നൂറ്റിമുപ്പതിൽപാലംവരെ	500	4
വാർഡ് 9	മാത്തിലാട്ടപടി മുതൽ നയ്യിപ്പള്ളിപ്പടിവരെ	1500	4
,,	പന്നിതുരുത്തേൽ കലുങ്ക് മുതൽ ആറുതീരത്തുകൂടി പെരുമ്പാപറമ്പ് ലക്ഷംവീടുവരെ	1500	4
,,	വട്ടമ്മേൽക്കുഴി കലുങ്ക് മുതൽ ചക്കളംപാലംവരെ	300	4
,,	ഗ്രൗണ്ട്സാരിപ്പടി മുതൽ മുരിക്കോലി മുട്ടുവരെ	800	4
വാർഡ് 10	പെരുമ്പാപറമ്പ്ലക്ഷംവീട് മുതൽ തോട്ടടിക്കടവ്	2500	4
,,	തോണിക്കടവ് മുതൽ ചക്കളംകടവ്	800	4
വാർഡ് 7	പാറേത്തോട് മുതൽ നെയിത്താരുപറമ്പ്	800	4
വാർഡ് 3	പഞ്ചായത്ത് ആഫീസ് - ലക്ഷ്മി മന്ദിരം		8
,,	വില്ലേജ് ആഫീസ് - ചെറുകോട്ട്പടി		4
,,	അമ്പ്രയിൽപ്പടി — തുരുത്തേൽപ്പടി		4
,,	നാലാങ്കൽപ്പടി — പനവേലിപ്പടി		4
വാർഡ് 7	ഗണപതിക്ഷേത്രം — മടയ്ക്കൽപാലം	1	4
,,	കുന്നേത്തുപടി — തോട്ടത്തിൽപ്പടി	400	4
,,	കുന്തിരിക്കൽ ജംഗ്ഷൻ— പോസ്റ്റാഫീസ്പടി	500	4
വാർഡ് 6	കുന്നത്തുപറമ്പിൽപടി — വെട്ടത്തോട്	1.5	4
,,	കൊമ്പിത്തുപാലം — ശവക്കോട്ടപ്പടി	1.2	4
,,	അമ്പ്രയിൽപ്പടി — കന്നേൽക്കോണിൽപ്പടി	2	5
വാർഡ് 2	കോച്ചേരിപ്പടി — കാതോലിക്കാപ്പള്ളി	600	4
,,	മംഗളത്തറപ്പടി — മാന്നത്തറപ്പടി	300	4
,,	കത്തോലിക്കാപ്പള്ളി — അട്ടിയിൽപ്പടി	450	4
,,	അർത്തിശേരി ജംഗ്ഷൻ — മാമ്മൂട്ടിൽപ്പടി	1	4
,,	കട്ടത്തറ കലുങ്ക് — ക്ലാടോത്തുപ്പറമ്പ്	500	4
,,	അർത്തിശേരി ജംഗ്ഷൻ — പതിനെട്ടിൽപ്പടി	800	4
വാർഡ് 7	കുന്തിരിക്കൽ Jn. — കുന്തിരിക്കൽ Post Office	400	4
വാർഡ് 10	പെരുമ്പാപറമ്പ്"ലക്ഷംവീട്"—പട്ടമാങ്കുഴി കലുങ്ക്	400	4
വാർഡ് 9	കാരിക്കോട്ടപടി - രാമവർമ്മപുരത്തുവഴി	800	5
,,	മടയ്ക്കൽപടി — കിഴക്കയെകത്തുപടി	1200	8

അനുബന്ധം B

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

	നിർദ്ദേശിക്കുന്ന റോഡിന്റെ പേര്	വീതി മീ:	ദൂരം: മീ:
വാർഡ് 1	ചക്കളം പാലം എട്ടിൽപ്പടി_വ്യാസപുരം കടവുവരെ	3	200
	T.M.T.H.S. മുതൽ കറുകയിൽപ്പടി വരെ	3	200

	നിർദ്ദേശിക്കുന്ന റോഡിന്റെ പേരു്	വീതി മീ:	ദൂരം: മീ:
വാർഡു് 1	തെള്ളിപ്പറമ്പു മുതൽ ആറുകടവുവരെ	3	150
	അത്തിമൂട്ടിൽപ്പടി മുതൽ മുളവേലിപ്പടിവരെ	3	100
	ചക്കുളത്തുകാവു് ക്ഷേത്രംമുതൽ ചക്കുളത്തു പറമ്പുവരെ	3	100
	മണമേൽപ്പടി മുതൽ ചെറുകോട്ടപടിവരെ	4	350
	കുഴിപ്പള്ളി മുതൽ എസ്.എൻ.ഡി.പി. ശ്മശാനംവരെ	3	300
വാർഡു് 2	കൊച്ചുമാമ്മൂട്ടിൽപ്പടി മുതൽ അത്തിശേരി തടത്തിൽപ്പടിവരെ	4	3 km.
	അർത്തിശേരി ജംഗ്ഷൻ മുതൽ ദേവസ്വംചിറവരെ	3	400
	എസ്. സി. എസ്. 805 മുതൽ ചാത്തുർപ്പടി	2	100
	ചെമ്പടി കലുങ്കു് മുതൽ വടക്കോട്ടു് മണപ്രാൽപടിവരെ	3	100
	കുഴിപ്പള്ളി മുതൽ കുളത്തിക്കടവു വഴിയിൽ നെല്ലിശേരിപ്പടി മുതൽ മാമ്മൂട്ടിൽപറമ്പു് വഴി	3	100
	കൊണ്ടാക്കൽപ്പടി മുതൽ കുട്ടയിൽപ്പടി	3	100
	തിരുനാടിപ്പടി മുതൽ എസ്.എൻ.ഡി.പി. ശ്മശാനം	3	200
വാർഡു് 3	ടി. ഇ. റോഡു് മുതൽ കൊപ്പാറപ്പടിവരെ	3	100
	അമ്പ്രയിൽപ്പറമ്പു് ലക്ഷംവീടു് കോളനിക്കുള്ളിലുള്ള വഴികൂം	4	200
	I.O.B മുതൽ വേലന്തറപ്പടിവരെ	4	100
	വാന്യത്തുപടി മുതൽ പത്തിൽപ്പടി	3	100
	പാപ്പനവേലി പടി മുതൽ വടക്കോട്ടു്	3	200
വാർഡു് 4	ആറുകടവു് മുതൽ ആഞ്ഞിലിമൂട്ടിൽപ്പടി	3	100
	ആഞ്ഞിലിമൂട്ടിൽപ്പടി മുതൽ വെളുത്തേടത്തുപടി	3	150
	മുത്താരമ്മൻ മുതൽ ആറുകടവു്	3	100
	കിഴക്കേപുരമൂട്ടു് മുതൽ കുളപ്പുരക്കൽപ്പടി	3	100
വാർഡു് 5	നിരവുന്തറ മുതൽ പൊന്നാംമൂട്ടു് വരെ നാലുചിറവഴി	4	1 km.
	മെതിക്കളം മുതൽ ഏറംകണ്ണാടി	4	200
	ചാമക്കളം മുതൽ കുട്ടത്തറ കലുങ്കു് വരെ	4	800
	കുളങ്ങരപ്പടി മുതൽ തുണ്ടിത്തറവരെ സെൻറു് മാർക്കു് ചർച്ചു് വഴി	4	1000
	ആറിൽച്ചിറ മുതൽ തുണ്ടിത്തറ വരെ	3	250
	പോളച്ചിറ മുതൽ മാലിത്തറ വരെ	3	200
വാർഡു് 6	അഞ്ചേരി മുതൽ കുറുപ്പറമ്പു് വരെ	3	500
	യുഗതാര വായനശാല മുതൽ ഇടയത്തുപ്പടി വരെ	4	800
വാർഡു് 7	തലവടി G.H.S. മുതൽ വിളത്തൂർപ്പടി വരെ കുറിയിൽപ്പടി മുതൽ പുത്തൻപറമ്പിൽപ്പടി മാറാവീട്ടിൽപ്പടി മുതൽ ചാലുങ്കൽപ്പടി വരെ. റേഷൻകട വഴി മുതൽ ഒട്ടിച്ചിറ		
	കാഞ്ഞിരപ്പള്ളി മുതൽ കുറിയിൽ പാലംവരെ	2	150
വാർഡു് 8	വട്ടടി കടവു മുതൽ പഴമാലിപ്പടിവരെ ആഞ്ഞിലിമൂട്ടിൽപ്പടി വഴി	3	400
വാർഡു് 9	കണിയാംപറമ്പു് കലുങ്കു് മുതൽ വലിയതറപ്പടിവരെ അഞ്ചിൽത്തറ റോഡു് നിർമ്മാണം		
	സി. ഇ. റോഡു് മുതൽ മണ്ണാരുപറമ്പു് വരെ		
	85 ൽ ചിറ മുതൽ മരങ്ങാട്ടുമഠം വരെ		

	നിർദ്ദേശിക്കുന്ന റോഡിന്റെ പേരു്	വീതി: മീ.	നീളം:മീ.
വാർഡു് 2	തുരുത്തേൽപ്പടി മുതൽ അഞ്ചങ്ങാടി	3	350
	അർത്തിശേരി പാലം മുതൽ മോളിപ്പടവിൽ മിൽ	2	1 km.
	അർത്തിശേരി പാലം മുതൽ പെന്തക്കോസ്തു് ചർച്ചു് (via) എട്ടിൽപടി	2	800
	പ്ലാച്ചിറപ്പടി മുതൽ കത്തോലിക്കാപള്ളി	3	800
	സി. എസ്. ഐ. പള്ളിപടി മുതൽ പാലത്തിങ്കൽപ്പടി	3.5	800
വാർഡു് 10	കളിയന്താനത്തു് പടി മുതൽ ചക്കുളം പാലംവരെ	3	200
വാർഡു് 1	മുളയ്ക്കൽ റൈസ് മില്ലു് മുതൽ പറയിപറമ്പ്വഴി നടുവിലേത്തറ കുളിക്കടവു്	3.5	500
	മുളയ്ക്കൽ ഫ്ളവർമില്ലു് മുതൽ തുണ്ടിപ്പറമ്പു് വരെ	2.5	250
	നാരകത്തു മുട്ടു് മുതൽ കുറവംപറമ്പു് വരെ	2.5	200
	രാജമന്ദിരം മുതൽ വാടയ്ക്കൽപറമ്പു് പാലംവരെ	3	250
	മാനാമ്പറമ്പു് (പുത്തൻപറമ്പു്) സണ്ടേസ്കൂൾവഴി കിഴക്കേതടത്തിൽവരെ	2	250

നിർമ്മിക്കേണ്ട കലുങ്കുകൾ—പാലങ്ങൾ

നമ്പർ	വാർഡു്	പേരു്	നമ്പർ	വാർഡു്	പേരു്
1	1	വാരിക്കാട്ടു്	25	7	ആറുപുറം
2	1	മേപ്രാശേരി	26	7	മട്ടമ്മേൽപടി
3	1	മാളിയേക്കൽ	27	7	തോട്ടടി കടവു്
4	1	വ്യാസപുരം	28	7	നാലാങ്കൽപടി
5	1	ചെറുകോട്ടപടി	29	7	നിലയ്ക്കൽപ്പടി
6	2	കുത്തുകഴി	30	8	പഴമാലിപ്പടി
7	2	അർത്തിശേരി	31	8	വട്ടടി (പാലം)
8	2	പതിനെട്ടിൽ കോളനി	32	8	പത്തിശേരി
9	2	കുന്നേൽപ്പടി	33	8	130-ൽപടി
10	3	കന്യകോണിൽ	34	8	130-ൽ കോളനിപ്പടി
11	3	കൈപ്പള്ളിമുട്ടേൽ	35	8	മണലേൽപ്പടി
12	3	പൂന്തുരുത്തിപ്പടി	36	9	പട്ടരുമഠത്തിൽപ്പടി
13	3	ഒറത്തെങ്ങിൽപ്പടി	37	9	എക്കപ്പുറത്തുപടി
14	3	പനവേലിപ്പടി	38	10	കളിയന്താനത്തുപടി
15	4	കിഴക്കേമഠം	39	10	അട്ടിച്ചിറപ്പടി
16	4	ചാലുങ്കൽപ്പടി	40	10	മാലിയിൽപ്പടി
17	4	തുരുത്തേൽപ്പടി	41	10	കേളപ്പറമ്പിൽപ്പടി
18	5	ദേവസംതുരുത്തു്	42	10	60-ൽ പടി
19	5	അഞ്ചിൽപ്പടി	43	10	60-ൽ പടി വടക്കു്
20	5	പാരൂർപടി	44	10	അമ്പ്രിയൽപടി
21	5	വിഴാപ്പുറത്തുപടി	45	10	തോട്ടടികടവു്
22	6	യുഗതാര (പാലം)	46	10	ചക്കുളത്തുകടവു്
23	6	BPDC	47	10	TMM തോടിൽ കലുങ്കു്
24	6	അമ്പ്രയിൽ മില്ലുപടി			

റോഡിന്റെ പേര്	ദൂരം മീ:	വീതി മീ:
വാർഡ് 7		
മട്ടസ്സൂൽ പാലം മുതൽ കളരിക്കൽ പാലംവരെ	400	4
പുതുപ്പറമ്പ് ജംഗ്ഷൻ മുതൽ പൂവക്കാട്ടുപടിവരെ	800	3.5
നെത്താരുപറമ്പിൽപ്പടി മുതൽ നാലാങ്കൽ മണിസൗധം	1500	4
കൈതവളപ്പടി മുതൽ മുണ്ടച്ചിറ വരെ	350	2
കടമാട്ടപടി മുതൽ മാങ്കുളത്തുപടിവരെ	250	3
മാങ്കുളംപടിമുതൽ പാരേത്തോട്ടപാലം	350	3
പുളിക്കര കോളനിപ്പടി മുതൽ ക്ഷേത്രക്കടവ്	600	3.5
ഗണപതിക്ഷേത്രപ്പടി മുതൽ മരങ്ങാട്ടില്ലം	200	3
മരങ്ങാട്ടമഠം മുതൽ കാറിപ്പടിവരെ	250	2
തെക്കുംതലപ്പടി മുതൽ പ്ലാച്ചേരിപ്പടി	300	3
മുണ്ടകാട്ട മുതൽ നമച്ചേരിപ്പടി	300	3
അട്ടിപ്പടി മുതൽ സ�െൻറ് സ്റ്റീഫൻ പടി	300	2
കാശിമഠം മുതൽ മടിയിൽപ്പടി	200	2
കുന്നത്തുപറമ്പിൽ മുതൽ നമ്പലശേരി	300	2
മണക്കളത്തിൽ മുതൽ ളാഹയിൽപ്പടി	700	2
കൊല്ലംച്ചിറപ്പടി മുതൽ ഇല്ലത്തുപറമ്പിൽപടി (via കളരിക്കൽ)	300	2
പുതുപ്പറമ്പ് ജംഗ്ഷൻ മുതൽ ഓർഗ്ഗക്ഷേത്രക്കടവ്	700	3
മട്ടമ്മേൽപ്പടി മുതൽ വടകരപ്പടിവരെ	500	2.5
അരയശേരിപ്പടി മുതൽ ആറുകടവുപടിവരെ	250	2
നെത്താരുപറമ്പുപടി മുതൽ തോട്ടടി	1.5	4
കുന്തിരിക്കൽപ്പള്ളി മുതൽ മിഷ്യൻ ആശുപത്രി	300	4
8ാം—ൽചിറപ്പടി മുതൽ പാരേത്തോട് (via ആറുതീരം)	1200	4
പാരേത്തോട്ട പാലം മുതൽ കടമ്മാട്ടപടിവരെ	1	4
കണിയാംമടസ്സൂൽ മുതൽ മകരച്ചാലി	300	2.5
G. H. S. മുതൽ പിള്ളഞ്ഞൂർപ്പടി	400	2
തോട്ടസ്സൂട്ട പടി മുതൽ വാളംപറമ്പിൽപ്പടി	300	2
കുന്നേൽപ്പടി മുതൽ തോട്ടത്തിൽപ്പടി	400	3
കാഞ്ഞിരപ്പള്ളിപ്പടി മുതൽ കുടീൽപടിപാലം	300	2
കൊച്ചുപുരസ്സൂൽപ്പടി മുതൽ വാഴത്തുപ്പടി	500	3
പുന്നാംപറമ്പ്പടി മുതൽ തുണ്ടിയിൽപ്പടി	500	3
ഇടയത്തുപടി മുതൽ കൊച്ചുപുരസ്സൂൽപ്പടി	200	1
പാരേത്തോട്ട് ജംഗ്ഷൻ മുതൽ മരങ്ങാട്ടില്ലം	100	3
മേടയിൽപ്പടി—കുട്ടമംഗലത്തുപടി	400	3
മരങ്ങാട്ടില്ലം—കൊത്തപ്പള്ളിപ്പടി	150	1
പാരേത്തോട്ട് ജംഗ്ഷൻ—മണിയന്റെ കട	150	1
കളരിക്കൽപ്പാലം—കൊമരത്തേരിപ്പടി	700	1
നാലാങ്കൽ കുളിപ്പുരക്കടവ്—നാലാങ്കൽപ്പടി	300	1
വിരിപ്പിൽ കുളിക്കടവ്—മാമ്മൂട്ടിൽപ്പടി	150	1
മണക്കളത്തിൽപ്പടി—പൊള്ളൽപറമ്പ്	200	2
അരമശ്ശേരിപ്പടി—ആറുപുറം	100	1

റോഡിന്റെ പേരു്	ദൂരം മീ:	വീതി മീ:
മേമനച്ചിറ—വിളങ്ങൂർപ്പടി	100	1
പതാരിശ്ശേരിപ്പടി—തബലശേരിപ്പടി	150	1
ചിറപ്പറമ്പിൽപടി—മണലേൽപടി	100	5⁰

വാർഡു് 9

വട്ടമ്മേൽക്കഴി കലുങ്കു്—ചക്കുളംപാലം	400	4.5
പുത്തനാറുപാലം—ഗൂർഖണ്ഡസാരി	300	3
എക്കപ്പുറംപടി—ഗൂർഖണ്ഡസാരി	250	3
എക്കപ്പുറംപടി—ചക്കുളം കടത്തുകടവു്	250	3
വാടയ്ക്കൽപ്പടി—മണപ്പുറത്തുപടി	200	2
കാരിക്കോട്ടപടി—പോട്ടറി സൊസൈറ്റി	200	4
കൊച്ചുപുരയ്ക്കൽപ്പടി—രാമവർമ്മപുരത്തുപടി	750	5
ഗൂർഖണ്ഡസാരി—പ്രയാറ്റുകാവു്	350	4.5
വട്ടമ്മക്കഴി കലുങ്കു്—കൊല്ലംമുറിപ്പടി	350	3.5
എസ്. എൻ. ഡി. പി. പടി—വെട്ടത്തേരിപ്പടി	150	2
എസ്. എൻ. ഡി. പി. പടി—പവ്വശ്ശേരിപ്പടി	100	2
പ്രയാറുപടി—പുല്ലാന്തറകടവു്	100	2
പുതുക്കരിമഠം ജട്ടി—മണത്താറ പോസ്റ്റാഫീസു്	150	2
മണത്താറ പോസ്റ്റാഫീസു്—മാലിച്ചിറപ്പടി	150	2
ഗവ. മോഡൽ യു. പി. എസ്.—ഗ്രാഴക്കോത്തുപടി	200	4
എൻ. എസ് എസ്. കരയോഗം—തോട്ടയ്ക്കാട്ടുപടി	400	4
മരങ്ങാട്ടുമഠം കലുങ്കു്—ഗവ. മോഡൽ യു. പി. എസ്.	200	4
തൈപ്പള്ളിപ്പടി—കുത്തേരിപ്പടി	1400	4
സി. ഇ. റോഡു്—മണ്ണാരുപറമ്പു്	100	2
സി. ഇ. റോഡു്—പെരുമ്പ്രാമുട്ടത്തു്	100	2
മുണ്ടകത്തിച്ചിറ—വെട്ടത്തേരിപ്പടി	100	2
മാണത്താറക്ഷേത്രം—മഠത്തിൽ കുന്നേൽപ്പടി	200	2
രാമവർമ്മപുരംപടി—പെമ്മുന്തറകടമ്മാട്ടുപടി	100	2
കണിയാംപറമ്പു് കലുങ്കുമുതൽ വലിയതറപ്പടി	200	2
മൂരിക്കോട്ടമുട്ടു് മുതൽ സി. ഇ. റോഡുവരെ	650	3
തോപ്പിൽപ്പടി മുതൽ മാണത്താറപ്പടിവരെ	100	4
രാമവർമ്മപുരം—ശിവസദനംപടി മുതൽ തെക്കോട്ടു്	100	4
അഞ്ചിൽത്തറ റോഡു് നിർമ്മിക്കുക	150	2.5
വാതപ്പള്ളിപ്പടി മുതൽ പടിഞ്ഞാട്ടു്	380	3
സി. ഇ. റോഡു് കുത്തേരിപ്പടിമുതൽ ചുടുകാട്ടിൽപ്പടി	450	3
കാശ്രമംപടി മുതൽ തോട്ടയ്ക്കാട്ടുപടിവരെ	200	2
മരങ്ങാട്ടുമഠം കലുങ്കു് മുതൽ വടക്കോട്ടു് യു. പി. എസ്. വരെ	600	3

റോഡിന്റെ പേരു്	ദൂരം മീ:	വീതി മീ:
വാർഡ് 2		
മൂന്നുമൂലപ്പടി മുതൽ അർത്തിശേരി	8	2
കളത്തിൽകടവ് മുതൽ പനവേലിപ്പടി	2	200
കൊച്ചുമാമ്മൂട്ടിൽ മുതൽ വൈലപ്പള്ളിപ്പടി	2.5	200
കളത്തിൽകടവ് റോഡ് മുതൽ കുറിക്കൽപ്പടി	2	100
പുല്ലാടിപാലം മുതൽ ശാലേം എം. റി. ചർച്ച്	2	250
എസ്. ബി റി. ബാങ്ക് മുതൽ കളിക്കടവ്	3	150
ചന്ദ്രകാന്തം മുതൽ പട്ടംപറമ്പിൽപടി	2.5	150
തോട്ടക്കാട്ടുപടി മുതൽ പുതുവൽ	3	150
ചെമ്പടിപടി മുതൽ കോട്ടകുളഞ്ഞിപ്പടി	2	100

പാലം

വാർഡ് 2

അർത്തിശേരി—നിന്നും പടിഞ്ഞാറെ കരയിലേക്കു് പാലം

പുല്ലാടിപ്പടി—കലുങ്കു്

സാംസ്കാരികം

കേരളത്തിനു് ഒരു സാംസ്കാരിക പൈതൃകമുണ്ടു്. നമ്മുടെ രാജാക്കന്മാർ കലയേയും, കലാകാരന്മാരെയും എന്നും ആദരിക്കുകയും, ബഹുമാനിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ സാംസ്കാരിക രംഗങ്ങളും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട കിടക്കുന്നു. ക്ഷേത്രങ്ങളിലെ കളത്തട്ടുകളും പഴയകാലത്തെ സാംസ്കാരിക കേന്ദ്രങ്ങളും ആയിരുന്നു. തലവടി ഹൈസ്കൂളും സ്ഥിതിചെയ്യുന്ന സ്ഥലം ചെമ്പകശ്ശേരി കൊട്ടാരം വകയായിരുന്നു വെന്നും, ഇവിടെ ചെമ്പകശ്ശേരി രാജാക്കന്മാർക്കു് താമസിക്കുവാനും, വിശ്രമിക്കുവാനും ഉള്ള സ്ഥലമായിരുന്നു എന്നാണു് ഐതീഹ്യം.

തലവടിയുടെ പല പ്രദേശങ്ങളിലും താഴ്ന്ന ജാതിയിൽപ്പെട്ടവക്കു് പൊതുവഴിയിലൂടെ സഞ്ചരിക്കുന്നതിനും, പൊതുകടവിൽ കുളിക്കുന്നതിനും, മീശ വക്കുന്നതിനും, മറ്റുംവിലക്കുകളും നില നിന്നിരുന്ന, കുട്ടനാട്ടിൽ ജന്മിത്വത്തിനെതിരായി ഉയർന്നുവന്ന സംഘടിതതൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ അലയൊലികളും നമ്മുടെ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ടു്. കെ. ദിവാകരപ്പണിക്കർ, എം. കെ. കുഞ്ഞൻ, കെ. കെ. കുഞ്ഞപ്പി, കെ. കുട്ടി, വി. കെ. രാമചന്ദ്രൻ, പി. കെ. ഗോപാലൻ, പി. ജി. ഹരിദാസു്, സുമതിക്കുട്ടിയമ്മ, റവ. സി. ഏബ്രഹാം, കുഞ്ഞൻകുട്ടി തുടങ്ങിയവർ ആദ്യകാലഘട്ടത്തിൽ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ മുന്നിൽ നിന്നു് പ്രവർത്തിച്ചിട്ടുള്ളവരാണു്.

19-ാം നൂറ്റാണ്ടിലെ പ്രശസ്തസാമൂഹ്യപരിഷ്കർത്താവായ ശ്രീ നാരായണഗുരു അദ്ദേഹത്തിന്റെ പ്രവർത്തന കാലഘട്ടത്തിൽ തലവടിയിലെ നടുവത്ര, കണ്ണാറ എന്നീ കുടുംബങ്ങളിൽ വന്നു് താമസിച്ചിരുന്നു. തലവടിയിലെ മുഴുവൻ ജനങ്ങളും ക്രൈസ്തവ, ഹിന്ദു സമുദായത്തിൽപ്പെട്ടവരാണു്. മുസ്ലിം മതവിശ്വാസികളും ആരും തന്നെ ഈ പഞ്ചായത്തിൽ താമസമില്ല. കേരളത്തിലുള്ള ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളുടെയും പ്രാദേശിക ഘടകങ്ങളും തലവടിയിൽ പ്രവർത്തിക്കുന്നു.

ഇന്നു് നാം എത്തിനിൽക്കുന്ന ദിശയിൽ നിന്നു് തിരിഞ്ഞു് നോക്കുമ്പോൾ വിവിധങ്ങളായ ശ്രേതസുകളും ഈ ഗ്രാമസംസ്കൃതിയുടെ പരിപോഷകങ്ങളായിപരിണമിച്ചതു് കണ്ടെത്താനാകും. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിൽ തിരുവിതാംകൂർ രാജ്യത്തു് സി. എം എസ്സു് മിഷനറിമാർ വിദ്യാലയങ്ങളും സ്ഥാപിച്ച കാലയളവിൽ തന്നെ തലവടിയിലും ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കപ്പെട്ടു. 1839-ൽ റവ. തോമസു് നോർട്ടന്റെ നേതൃത്വത്തിൽ തലവടി ഗ്രാമത്തിൽ കുന്തിരിക്കൽ എന്ന സ്ഥലത്തു് സ്ഥാപിക്കപ്പെട്ട പ്രൈമറി വിദ്യാലയം ആണു് തലവടിയിലെ പുരാതന സരസ്വതിക്ഷേത്രം. ഇപ്പോൾ ഹൈസ്കൂളുകളും 5-ഉം അപ്പർ പ്രൈമറിസ്കൂളുകളും 3-ഉം, ലോവർപ്രൈമറിസ്കൂളുകളും 9-ഉം, ക്രാഫ്റ്റ്സ്കൂളും 1 ഉം ഉണ്ടു്.

മലേഷ്യാരാമകൃഷ്ണപിള്ള തലവടിയിലെ പ്രശസ്തനായ കവിയായിരുന്നു. തിരുവാതിരകളിയിൽ പ്രശസ്തയായ ആളായിരുന്ന അമ്മുക്കുട്ടിയമ്മ റവീച്ചർ, പണ്ഡിതനും, പുരാണസാഹിത്യത്തിൽ വളരെയധികം അവഗാഹം നേടിയ ആളും, വളരെയധികം പുരാണകൃതികളുടെ ഗ്രന്ഥകർത്താവും കൂടിയായിരുന്ന നാലാം വേലിൽ ഗോപാലൻ. കരകൗശലനിർമ്മാണത്തിൽ പ്രാഗൽഭ്യം തെളിയിച്ച നെടുമ്പറമ്പിൻ സുകുമാരൻ നായർ, ഓട്ടൻ തുള്ളലിൽ പ്രശസ്തനായ പരേതനായ പുഞ്ചൻപാമ്പിൽ കൊച്ചുരാമപണിക്കർ, കഥാപ്രസംഗരംഗത്തെ പ്രശസ്തനായ തലവടി രാമചന്ദ്രൻ, ഗാന കോകിലം തലവടി കൃഷ്ണൻകുട്ടി, സിനിമാ സംവിധായകൻ അനിൽ, കഥകളിപ്പാട്ടുകാരൻ തുടങ്ങിയിൽ ഗോവിന്ദൻപോറ്റി, കഥാപ്രസംഗരംഗത്തു് കൃതിച്ചുയർന്നു വരുന്ന തലവടി വിനോദ്കുമാർ, മുതലായവർ ഈ നാടിന്റെ സന്തതികളാണു്. 1995-ലെ ധീരതയ്ക്കു് ഇന്ത്യൻപ്രസിഡണ്ടിന്റെ അവാർഡു് വാങ്ങിയ മുണ്ടചിറയിൽ മാസ്റ്റർ വിനീഷു്, തലവടിക്കു് ഒരഭിമാനമാണു് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവർ ആയിരുന്ന അമ്പ്രയിൽ എ. എം. മാമ്മൻ, പുത്തായിച്ചിറയിൽ വർഗ്ഗീസ് അഗസ്റ്റിൻ, ഇട്ടിയം പറമ്പിൽ തൊമ്മച്ചൻ, സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയും, താമ്രപത്രം ലഭിക്കുകയും ചെയ്ത വ്യക്തിയാണു് കടുകേടത്തു് ശ്രീ ജോഷ്വാ. പ്രജാസഭയിൽ അംഗമായിരുന്ന മുല്ലപ്പള്ളി ഗോപാലപ്പണിക്കർ, ആദ്യകാല M L A ആയിരുന്ന വർഗ്ഗീസ് അഗസ്റ്റിൻ മുൻ M L Aഉമ്മൻ തലവടി, M L A യും, ഹൗസിംഗ് ബോർഡു് ചെയർമാനും, മുൻ പഞ്ചായത്തു് പ്രസിഡൻറും ആയിരുന്ന പ്രൊഫ:ഉമ്മൻ മാത്യു, മുൻഹെൽത്തു് ഡയറക്ടർ കെ. എ.കേശവൻ തുടങ്ങിയവർ ഈ പഞ്ചായത്തിന്റെ അഭിമാനങ്ങളാണു്.

നമ്മുടെ സാമൂഹികവികസനത്തിലും, സാംസ്കാരികനവോത്ഥാനത്തിലും ഏറ്റവും വലിയ പങ്കു വഹിച്ച ഘടകമാണ് ഗ്രന്ഥശാലകളും, ആർട്ട്സ്&സ്പോർട്ട്സ് ക്ലബ്ബുകളും. S. D. V. S വായനശാല, യുഗതാര ഗ്രന്ഥാശാല, യൂണിയൻ ഗ്രന്ഥശാല, സമന്വയഉദയ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഉള്ള സാംസ്കാരികകേന്ദ്രം, ഗ്രാമവികസനസമിതി, ധനി ആർട്ട്സ്&സ്പോർട്ട്സ്ക്ലബ്, പ്രിയദർശിനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, ഫ്രൻസ്ക്ലബ് തുടങ്ങിയവ ഈ പഞ്ചായത്തിലെ ഗ്രന്ഥശാല, വായനശാല, ആർട്ട്സ്&സ്പോർട്ട്സ്ക്ലബ്ബുകളണ്. 1957 ൽ ഗ്രന്ഥശാലസംഘത്തിൽ രജിസ്റ്റർ ചെതു നീരേറുപുറത്ത് പ്രവത്തിച്ചുവന്ന നീരേറുപുറം പബ്ലിക് ലൈബ്രറി & റീഡിംഗ്റൂം അടുത്തകാലത്ത് നശിച്ചുപോയതായികാണാൻ കഴിയുന്നു.

കായികരംഗം

കായിക പരിശീലനവും, പ്രവത്തനവും മനുഷ്യന്റെ സമഗ്രവികസനത്തിന്റെ ഒരു പ്രധാന ഘടകവും വിദ്യാഭ്യാസ പ്രക്രീയയുടെ ഒരു അഭിവാജ്യഘടകവും ആണ്. തലവടിയിലുള്ള മിക്കക്ലബ്ബുകളും കായിക രംഗത്ത് തനതായ വ്യക്തി മുദ്ര സ്ഥാപിച്ചിട്ടുണ്ട്.

കേരളത്തിലെ ജലോത്സവങ്ങളിൽ പ്രധാനപ്പെട്ട നെഹ്റുട്രോഫികഴിഞ്ഞാൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് നീരേറുപുറം പമ്പാജലോത്സവം. കഴിഞ്ഞ 40 വഷ്മായി പൊതുജനങ്ങളുടെയും സമീപ പഞ്ചായത്തുകളുടെയുംമേൽനോട്ടത്തിൽ ഈ ജലോത്സവം സംസ്ഥാനത്തും പുറത്തുംശ്രദ്ധആകഷ്ിക്കപ്പെട്ട ഒന്നാണ്. പമ്പാനദിയിൽ നടക്കുന്ന മകാഘോഷവള്ളംകളി 1953–ൽ തിരുവിതാംകൂർ കഷ്കത്തൊഴിലാളിയൂണിയന്റെ നേതൃതവത്തിൽ തുടങ്ങിവച്ച് നടത്തിക്കൊണ്ടിരുന്ന എങ്കിലും ഇടക്കുവച്ച് അത് നിലക്കുകയും തുടന്ന് ജനകീയ സഹകരണത്തിൽ ഇപ്പോഴും നടന്നുവരുന്നു. 1958–ൽ കേരളത്തിലെ ആദ്യ പട്ടികജാതി–പട്ടികവഗ്ഗ വികസന വകുപ്പ് മന്ത്രി ശ്രീ. പി. കെ. ചാത്തൻ ഈ വള്ളംകളിക്ക് വിശിഷ്ടാധിതിയായി പങ്കെടുത്തിട്ടുണ്ട്.

സംസ്ഥാന വനിതാ വോളിബോൾ ടീം ക്യപ്റനായിരുന്ന മാമ്മൂട്ടിൽ സൂസമ്മ ഈപ്പൻ, വോളിബോൾ കളിക്കാരനായ മന്മഥൻ, വോളിബോൾ സ്റ്റോറ് കോച്ച് മണി, നീന്തൽത്താരം കെ. ഡി. അശോകൻ, ബാസ്ക്കറ്ബോൾ സംസ്ഥാന ടീമിൽ അംഗമായിരുന്ന തിരുതാടിപ്പുറമ്പിൽ ശാന്തമ്മ തുടങ്ങിയവർ തലവടിയുടെ സംഭാവനകളാണ്. വോളിബോളിൽ അന്തർസവ്വകലാശാല മത്സരത്തിൽ കേരള സവ്വകലാശാല കിരീടം കരസ്ഥമാക്കിയ ടീമിന്റെ ക്യാപ്റൻ ആയിരുന്ന മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. എം. ഐ. ഈപ്പൻ.

പോരായ്മകളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കായിക പരിശീലനത്തിനായി ഒരു സ്റ്റേഡിയം നിമ്മിക്കുക.
2. അവധിക്കാല കോച്ചിംഗ് ക്യാമ്പുകം നടത്തി പ്രഗത്ഭരെ കണ്ടെത്തുക.
3. നീരേറുപുറം പാലം മുതൽ ചിറാടിമാലി വരെ മണിമലയാറിന്റെ തീരത്ത് സ്ഥിരം വാട്ടർ സ്റ്റേഡിയം നിമ്മിക്കുക.
4. മകാഘോഷ വള്ളംകളിക്ക് ഒരു വാട്ടർ സ്റ്റേഡിയം അനുവദിക്കുക.
5. 3–ാം വാർഡിലെ സാംസ്കാരിക നിലയം കാര്യക്ഷമമാക്കുക
6. വായനശാലയില്ലാത്ത വാർഡുകളിൽ വായനശാലയും ഗ്രന്ഥശാലയും സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുക.
7. തലവടി പഞ്ചായത്ത് വികസനത്തെ ആസ്പദമാക്കി ഒരു കൈയ്യെഴുത്തുമാസിക പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രസിദ്ധപ്പെടുത്തുക.
8. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത വായനശാലകൾക്ക് അതിനുള്ള സ്ഥല സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.
9. രജിസ്റ്റർ ചെയ്ത് പ്രവത്തിക്കുന്ന എല്ലാ വായനശാലകൾക്കും, ഗ്രന്ഥശാലകൾക്കും, ആർട്ട്സ് &സ്പോർട്ട്സ്ക്ലബ്ബുകൾക്കും ഗ്രാന്റുകൾ കിട്ടുന്നതിന് നടപടി സ്വീകരിക്കുക.
10. 1957 മുതൽ 1987 വരെ വാടക കെട്ടിടത്തിൽ പ്രവത്തിച്ച നീരേറുപുറം പബ്ലിക് ലൈബ്രറി &റീഡിംഗ്റൂം 1987 മുതൽ 1993 വരെ 6 വഷ്ക്കാലം നീരേറുപുറം ബോട്ടജട്ടിക്കുസമീപമുള്ള നെടുംപ്രം വില്ലേജിൽ 87/IC സവ്വേയിലുള്ള ആറുപുറംമ്പോക്കിൽ പ്രവത്തിച്ചുവന്നു. തുടന്ന് ചില വ്യക്തികളുടെ വ്യക്തിതാല്പര്യം സംരക്ഷിക്കുന്നതിനുള്ള കൽസിതശ്രു

മങ്ങളുടെ ഫലമായി ഈ സ്ഥാപനത്തിന്റെ ജംഗമസ്ഥാവര വസ്തുക്കളും, 5000 ൽ അധികം ഗ്രന്ഥങ്ങളും തിരുവല്ലാ R D O യുടെ നിർദ്ദേശ പ്രകാരം പോലീസിന്റെ സഹായത്തോടുകൂടി ടി വില്ലേജാഫീസറും, ടി വ്യക്തികളും പൊളിച്ചുകൊണ്ടുപോയി രഹസ്യമായി ലേലം ചെയ്യുകയുണ്ടായി. ഇപ്പോൾ ഈ പുരാവസ്തു സ്ഥലം ആലപ്പുഴ ജില്ലയുടെ ഭാഗമായതിനാൽ പഞ്ചായത്ത് ഏറെറടുത്ത് തുടന്ന് ഗ്രന്ഥശാല നടത്തുന്നതിനും ബോട്ടുജട്ടിയിലേക്കുള്ള വഴിക്കുവേണ്ടിയും, ബോട്ടയാത്രക്കാക്കുള്ള വെയിറ്റിംഗ് ഷെഡിനും വേണ്ടി ഉപയോഗപ്പെടുത്താൻ നടപടികളും സ്വീകരിക്കേണ്ടതാണ്.

11. ശബ്ദമലിനീകരണം ഒഴിവാക്കുന്നതിന് നിലവിലുള്ള നിയമങ്ങളും ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രത്യേകിച്ച് ആരാധനാകേന്ദ്രങ്ങളിൽ.

ജീവിതത്തിൽ നാനാമേഖലകളിലും ഗുണപരമായ മാറ്റം അഞ്ചുവർഷം കൊണ്ടു വരുത്താൻ സാംസ്കാരിക മണ്ഡലത്തിലെ ഉയർത്തെഴുനേൽപ്പുകൊണ്ട് നമുക്ക് സാധിക്കും. സംസ്കാരവും, സാഹിത്യകലാദികളും, ഗൗരവമേറിയ മറെറല്ലാപ്പണികളുംകും ശേഷം ശ്രദ്ധിക്കേണ്ട വെറുമോരു വിശ്രമവിനോദം മാത്രമല്ല. വിനോദത്തോടൊപ്പം വികസനത്തേയും വിദ്യാഭ്യാസത്തെയും സംപന്നമാക്കുന്ന ഒരു ഘടകം കൂടിആണ്. അതാകട്ടെ നമ്മുടെ വികസന സംസ്കാര ലക്ഷ്യം.

വനിത

സ്ത്രീപദവി

കേരളത്തിന്റെ പൊതു ചിത്രത്തിൽ നിന്നും ഒട്ടും വിഭിന്നമല്ല തലവടി പഞ്ചായത്തിനേറെയും സ്ത്രീപദവി. എന്നാൽ മരുമക്കത്തായ സമ്പ്രദായം സ്വീകരിച്ചിരുന്ന നായർ സമുദായത്തിനു മുൻ തൂക്കം ഉണ്ടായിരുന്ന ഒരു പ്രദേശം എന്ന നിലയിൽ ആ കാലഘട്ടത്തിൽ ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സമൂഹത്തിൽ ആദരണീയമായ പദവിയും സ്ഥാനവും ഉണ്ടായിരുന്നു. സി. എം. എസ്. മിഷനറിമാരുടെ പ്രവർത്തന മേഖലയായിരുന്ന കുന്തിരിസ്സൽ പ്രദേശം തലവടിയുടെ ഭാഗമാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനു മിഷ്യനറിമാരുടെ ഈ രംഗത്തുള്ള പ്രവർത്തനം സഹായിച്ചു ഉന്നത വിദ്യാഭ്യസം സിദ്ധിച്ച വനിതകൾ 19–ാം നൂറാണ്ടിൽ തന്നെ ഇവിടെ ഉണ്ടായിരുന്നുവെന്നത് ശ്രദ്ധേയമാണ്. വിദ്യാഭ്യാസ കാര്യത്തിലുള്ള ഈ നേട്ടം സാമൂഹിക പ്രവർത്തനത്തിൽ പ്രതിഫലിച്ചുകണ്ടില്ല. 1991–ലെ സെൻസസ്സ് പ്രകാരം തലവടി ഗ്രാമപഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം 1.06:1 ആണ്.

ഉന്നത വിദ്യാഭ്യാസത്തിലും അദ്ധ്യാപനരംഗത്തും ഉയർന്ന ജോലികളിലും പുരുഷന്മാരോടൊപ്പം, ചിലരംഗത്ത് അതിൽ കൂടുതലും സ്ത്രീകൾ സജീവമായുണ്ട്, കാർഷിക മേഖലയിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതൽ. മറ്റ് തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. [പട്ടിക1] ഭൂമിയുടെ ഉടമസ്ഥാവകാശം സ്ത്രീകൾക്ക് വളരെ കുറവാണ്. ഭൂമിയുടെ ഉടമസ്ഥതയുള്ളവർ പോലും അവയുടെ അധികാരികളാവുന്നത് രേഖകളിൽ മാത്രം. ആ ഭൂമി ക്രയ വിക്രയം ചെയ്യുന്നതിനോ മറ്റോ സ്ത്രീയുടെ അഭിപ്രായം പരിഗണിക്കപ്പെടുന്നില്ല. കാർഷിക മേഖലയിൽ നിന്നും കെട്ടിട നിർമ്മാണ മേഖലയിലേക്ക് സ്ത്രീ തൊഴിലാളികളും മാറിയിട്ടുണ്ട്. ഇവിടെ അവളുടെ ജോലിഭാരം പുരുഷനേറെതിൽ നിന്നും ഏറെ കൂടുതലാണ്. അധ്വാനം കൂടുതൽ ചെലവഴിക്കേണ്ടുന്ന കല്ലുചുമട്, മൈക്കാട് തുടങ്ങിയ ജോലികളും സ്ത്രീകൾക്കായി മാററിവയ്ക്കപ്പെടുന്നു. കൂലി വിവേചനം കാർഷിക മേഖലയെ പോലെ തന്നെ കെട്ടിട നിർമ്മാണ മേഖലയിലും ഉണ്ട് [പട്ടിക 2]

പട്ടിക 1

തൊഴിൽ മേഖല	സ്ത്രീ എണ്ണം	പുരുഷന്മാർ എണ്ണം
കർഷകർ	214	1174
കർഷകതൊഴിലാളി	1942	1588
മൃഗസംരക്ഷണം	511	272
ചെറുകിട വ്യവസായം	7	28
കെട്ടിട നിർമ്മാണം	42	405
വ്യാപാരം	12	213
മാറുള്ളവ	1864	2982
ആകെ	4972	6722

പട്ടിക 2

വേതന നിരക്ക്

	സ്ത്രീ വേതനം	പുരുഷ വേതനം
കർഷക തൊഴിലാളി	44	70
കെട്ടിട നിർമ്മിണ ,,	80	125

'സ്കിൽ' ആവശ്യമായ മേസ്തിരി ജോലികം സ്ത്രീയ്ക്ക് അപ്രാപ്യമാണന്ന ധാരണ പരക്കെയുണ്ട്. വ്യാപാരം, ചെറുകിട വ്യവസായം എന്നി മേഖലയിൽ ഇവിടെ സ്ത്രീ സാന്നിദ്ധ്യം ഇല്ലന്ന തന്നെ പറയാം ഔപചാരിക വിദ്യാഭ്യാസ രംഗത്ത് സാങ്കേതിക വിദ്യാഭ്യാസ നേടിയ സ്ത്രീകം കുറവാണ്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരിലും തൊഴിൽ രഹിതരായിട്ടുള്ളവരിലും സ്ത്രീകളാണ് കൂടുതൽ.

സ്വാതന്ത്ര സമരത്തിനും ശേഷം കേരളം ദർശിച്ച സാമൂഹ്യനവോത്ഥാന പ്രവർത്തനമായ സാക്ഷരതാ പ്രവർത്തനത്തിൽ മുന്നിട്ടിറങ്ങിയതു് സ്ത്രീകളായിരുന്ന ഭൂരിഭാഗവും തലവടി പഞ്ചായത്തിൽ സാക്ഷരതാ ഇൻസ്ട്രക്ടർമാരിൽ 77% ഉം [113 ഇൻസ്ട്രക്ടർമാരിൽ 87 പേരും സ്ത്രീകം] സ്ത്രീകളായിരുന്നു. 720 പേരെ അക്ഷരത്തിൻെറ ലോകത്തിലേക്ക് കൈപിടിച്ചുയർത്തിയ മഹത്തായ യജ്ഞത്തിൽ സ്തുർഹമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞത് സ്ത്രീകളുടെയും പ്രവർത്തനഫലമാണ്. നവസാക്ഷരതയിലും കൂടുതൽ സ്ത്രീകളായിരുന്നു. അക്ഷരം നിഷേധിക്കപ്പെട്ടവരിൽ വലിയ വിഭാഗം സ്ത്രീകം തന്നെ. സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സ്ത്രീകം ആഗ്രഹിക്കുന്നു എന്നതിൻെറ ദൃഷ്ടാന്തമാണ് ഇത് കാണിക്കുന്നത്. സാമൂഹ്യരംഗത്ത് വനിട്ടുള്ള സ്ത്രീകളെ തന്നെ പിന്നോട്ടടിപ്പിക്കുന്ന പ്രവണതയാണ് സമൂഹത്തിൻെറ ഭാഗത്തു നിന്നും ഉണ്ടാകുന്നത്. സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാവാനും തീരുമാനങ്ങളം എടുക്കുന്നതിനും സ്ത്രീയ്ക്കും പുരുഷനൊപ്പം കഴിയേണ്ടതുണ്ട്.

സ്ത്രീകംക്കുനേരെയുള്ള അതിക്രമങ്ങളം ശക്തിപ്പെട്ടവരുന്ന കാലഘട്ടമാണിത്. സ്ത്രീയെ വികൃതമായി ചിത്രീകരിക്കുന്ന സിനിമകളും, മാധ്യമങ്ങളും സൃഷ്ടിച്ച സാംസ്കാരിക അധമ പ്രവത്തനത്തിൻെറ ഫലമാണിത്. സ്ത്രീധന പീഡനം മൂലം കഷ്ടത അനുഭവിക്കുന്ന സ്ത്രീകളുണ്ട്.

സാമൂഹ്യപ്രവത്തനത്തിൽ പങ്കാളികളാകുന്ന സ്ത്രീകം വളരെ കുറവാണ്. പ്രദേശത്തു പ്രവത്തിക്കുന്ന രാഷ്ട്രീയ സാമൂഹ്യ സംഘടനകളുടെ നേതൃതത്തിൽ സ്ത്രീകളില്ല. 73-74 ഭരണഘടനാ ഭേദഗതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ത്രീകംക്ക് 30% സംവരണം നിർബന്ധമാക്കിയതിൻെറ പശ്ചാത്തലത്തിൽ തലവടി ഗ്രാമപഞ്ചായത്തിൻെറ പ്രഥമ വനിത പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടത് ശ്രീമതി ലാലി അലക്സ് മുളയ്ക്കൽ തറവാട് ആണ്. വനികതംക്ക് ഏറ്റവും പ്രാതിനിധ്യം ലഭിച്ചത് ഇക്കഴിഞ്ഞ തെരഞ്ഞെട്ടുപ്പിലൂടെയാണ്.

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1) സാമൂഹ്യ സേവന രംഗത്ത് സ്ത്രീകം വേണ്ടത്ര പ്രവത്തന സജ്ജരായി സ്ത്രീ ശതമാനത്തിൻെറ അടിസ്ഥാനത്തിൽ ഉയന്നുവരുന്നില്ല.

2) സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകം വേണ്ടത്ര താല്പര്യം കാട്ടുകയോ സംരംഭങ്ങം ആരംഭിക്കുകയോ ചെയ്യുന്നില്ല.

3) തൊഴിൽ ചെയ്തു ജീവിക്കുവാനാവശ്യമായസാങ്കേതിക വിദ്യാഭ്യാസം സ്ത്രീകംക്കു ലഭിക്കുന്നില്ല.

4) തുല്യജോലിക്ക് തുല്യവേതനം സർക്കാർ, അർധസർക്കാർ ഇതര സ്ഥാപനങ്ങളിൽ ലഭിക്കുന്നില്ല. സാമൂഹ്യ ക്ഷേമവകുപ്പിൻെറ കീഴിൽ പ്രവത്തിക്കുന്ന അംഗൻവാടി ജീവനക്കാക്ക് തക്കതായ വേതനം ലഭിക്കുന്നില്ല.

5) സേവന വേതന രംഗങ്ങളിലെ നിയമങ്ങളെ സംബന്ധിച്ച് വേണ്ടത്ര പരിജ്ഞാനം ലഭിക്കുന്നില്ല.

6) സാമ്പത്തിക ഞെരുക്കം സ്വയംതൊഴിൽ സംരംഭങ്ങം ആരംഭിക്കുന്നതിനു് വിഘാതമായി നിൽക്കുന്നു.

7) സക്കാർ സഹായ പദ്ധതികളും ഏതൊക്കെയെന്നു് വ്യക്തതയില്ലായ്മ സ്ത്രീകളെ വിവിധ രംഗങ്ങളിൽ മുൻകൈ പ്രവർത്തനം ഏറെറടുക്കുന്നതിനു് വിഘാതം നിൽക്കുന്നു.

8) വിദ്യാലയങ്ങളിൽ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണു്.

9) സ്വയം ശക്തി ആർജ്ജിച്ചു് ധീരമായി രംഗത്തു് ഇറങ്ങുന്നുള്ള വിനോദാത്മ്യം സ്ത്രീകൾക്കുണ്ടെങ്കിലും പുരുഷമേധാവിത്വം, സാമൂഹ്യ അടിച്ചമർത്തലും കാരണമാകുന്നു.

10) സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധനിലവാരം സ്ത്രീകളിൽ കുറവാണു്. ഇതുമൂലം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളിൽ ധാരാളം ഉണ്ടു്.

വനിതാ മേഖലയിലെ പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

1) ഉത്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപിക്കുവാൻ മുൻകൈയെടുക്കുകയും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചേയ്യേണ്ടതു് അനിവാര്യമാണു്.

2) തുല്യജോലിക്കു് തുല്യവേതനം എല്ലാമേഖലകളിലും ഉറപ്പാക്കാൻ കഴിയണം.

3) തൊഴിലവസരങ്ങളിലും, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചു് അവബോധം ഉണ്ടാക്കികൊടുക്കേണ്ടതുണ്ടു്.

4) തൊഴിൽ യൂണിയനുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തികം ലഭ്യമാക്കുകയും. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണു്.

5) സ്ത്രീകൾക്കായുള്ള വിവിധ പെൻഷനുകൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

6) സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വനിതാപോലീസ് ഔട്ട പോസ്റ്റ് സ്ഥാപിക്കുക.

7) മദ്യപാനം ഒരു സാമൂഹ്യതിന്മയായിമാറുന്നു. ഇതുമൂലം സ്ത്രീകൾ കൂടുതൽ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടതായിവരുന്നു. ഇതൊഴിവാക്കുന്നതിനു് മദ്യവിപത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണു്. പടിപടിയായി മദ്യനിരോധന നടപടികൾക്കു് ആക്കം വർദ്ധിപ്പിക്കേണ്ടതുമാണു്.

8) വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന അമ്മമാർക്കു് തൊഴിൽ സമയത്തു് അവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനു് ഡേകെയർ സെൻറുകളും, നിരാലംബരും നിരാശ്രയരുമായ മുഴുവൻ ആളുകളെയും സംരക്ഷിക്കുന്നതിനായി അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണു്.

9) മാസത്തിലെരിക്കൽ വനിതകൾക്കായി വാർഡ് അടിസ്ഥാനത്തിൽ ബോധവൽക്കരണ സെമിനാറുകളും സൗജന്യ വൈദ്യപരിശോധനാ ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകണം.

സഹകരണം

"എല്ലാവരും ഓരോരുത്തർക്കും,
ഓരോരുത്തരും എല്ലാവർക്കും"

മനുഷ്യർ തമ്മിൽ യോജിച്ചും പരസ്പരം സഹകരിച്ചും എവിടെ ജീവിതം നയിക്കുന്നുവോ അവിടെ ജനങ്ങളെ സമൂഹമെന്നുവിളിക്കുന്നു. സ്നേഹം പരസ്പര വിശ്വാസം, കൂട്ടായ പ്രവർത്തനം എന്നീ സാമൂഹ്യഗുണങ്ങൾ വളർത്തിയെടുക്കാൻ തക്കതായ ചുറ്റുപാടുകൾ സമൂഹത്തിലാണു് ഉണ്ടാവുക. തൻമൂലം വ്യക്തിഗത താല്പര്യങ്ങൾക്കുപരി സമൂഹ നന്മക്കായി പ്രവർത്തിക്കുവാൻ വേണ്ട ആന്തരിക പ്രേരണ സമൂഹത്തിൽ നിന്നു ലഭിക്കുന്നു. നല്ല സാമൂഹ്യ ജീവിതത്തിൽ നിന്നുമാണു് ഉന്നത സാമൂഹ്യ മൂല്യങ്ങൾ ഉടലെടുക്കുന്നതു്. അങ്ങനെ നോക്കുമ്പോൾ സഹകരണം ഇതിൽ നിന്നും വിഭിന്നമല്ല.

സഹകരണ പ്രസ്ഥാനം തന്നെ 1821–ൽ റോബർട്ട് ഓവന്റെ സംഭാവനയാണു്. ഒരു നൂറാണ്ടുകൊണ്ടു് തന്നെ ലോകത്തിന്റെ നാനാഭാഗങ്ങളിലും വേരോടിയ പ്രസ്ഥാനം ഭാരതത്തിലും, കേരളത്തിലും പച്ച പിടിച്ചു. കേരളത്തിലെ കർഷക ആവശ്യങ്ങൾക്ക് നൽകിവരുന്ന 210 കോടി രൂപാ വായ്പയിൽ നിർണ്ണായക പങ്കും സഹകരണ പ്രസ്ഥാനം വഹിക്കുന്നു.

തലവടി പഞ്ചായത്തിൽ 12–3–1100 M E വർഷത്തിൽ ഇന്നു കാണുന്ന തലവടി സർവ്വീസ് സ

ഹകരണ സംഘം ക്ലിപ്തം നമ്പർ 805 രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. നീരേറുപുറം അടങ്ങപ്പുറത്ത് പുരയ്ക്കൽ A. E. ബഹനാൻ കത്തനാരുടെ വസതിയായിരുന്ന ആദ്യത്തെ ഓഫീസ് ആദ്യകാല പ്രസിഡൻറായി അടങ്ങപ്പുറത്ത് മാമ്മൂട്ടിൽ ശ്രീ. അവിരാ എബ്രഹാമും ഓണറി സെക്രട്ടറി Rev. Fr. A. E. ബഹനാനും പ്രവർത്തിച്ചു. ഈ സംഘം 1958-ൽ റീജണൽ ബാങ്കായി ഉയർത്തുകയും 1961 ൽ സപ്ലീസ് കോ-ഓപ്പറേറീവ് സൊസൈറ്റിയായി മാറുകയും ചെയ്തു. ഇതിനോടകം സംഘം ആഫീസ് നീരേറുപുറം പോസ്റ്റാഫീസിനു സമീപം അടങ്ങപ്പുറത്ത് മാമ്മൂട്ടിൽ വക കെട്ടിടത്തിലേയ്ക്ക് മാറുകയും ഉണ്ടായി. 1962-ൽ ഓഫീസ് തലവടി പഞ്ചായത്തിൽ രണ്ടാം വാർഡിലുള്ള കളത്തിൻകടവിനുസമീപമുള്ള സ്വന്തം സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. കൊച്ചുമാമ്മൂട്ടിൽ പള്ളത്തിൽ P. M. ചാക്കോ, കൈതവന കുഞ്ഞൻനായർ, തോട്ടുപ്പുറത്ത് M. K. ഗോപാൽ തുടങ്ങിയവർ സംഘത്തിൻറെ ആദ്യകാല പ്രവർത്തകരാണ്. തലവടിയിലെ ആദ്യത്തെ വായ്പാസംഘത്തിൻറെ ആദ്യകാല പെയിഡ് സെക്രട്ടറി ആറുമാലിൽ P. A. എബ്രഹാം ആയിരുന്നു.

ഈ കാലഘട്ടത്തിൽ വിവിധ മേഖലകളിലായി പല സഹകരണസംഘങ്ങളും ഉണ്ടാവുകയും പിന്നീട് പ്രവർത്തനം നിലച്ച് ഇല്ലാതാവുകയും ഉണ്ടായി. N. N. K. സൊസൈറ്റി, ഗ്രർക്കണ്ടസോറി സൊസൈറ്റി തലവടി South വ്യവസായ സഹകരണസംഘം, തലവടി സൗത്ത് പോട്ടറി സൊസൈറ്റി കാരിക്കഴി കക്കാസൊസൈറ്റി ബറർ ഫാമിംഗ് സഹകരണ സംഘം എന്നിവ പ്രവർത്തനം നിലച്ച മട്ടിൽ എത്തിനിൽക്കുന്നു.

★

സഹകരണ സംഘങ്ങളും ഇന്നത്തെ നിലയും

S. C. S. Ltd. 805

കാഷ്ടിക മേഖലയിൽ സാമാന്യം ഭേതപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഏക സഹകരണസംഘം ക്ലിപ്തം നമ്പർ 805 ആണ്.

പട്ടികജാതി സഹകരണസംഘം A 670 സ്വന്തമായി കെട്ടിടം പണിയുകയും സേവനം കൂടുതൽ നടത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

ലേബർ കോൺട്രാക്ട് സഹകരണ സംഘം A 949 പ്രവർത്തനം ആരംഭിച്ചു തുടങ്ങുന്നതേയുള്ളൂ.

തലവടി വനിതാ സഹകരണ സംഘം A 951 പ്രവർത്തനം മന്ദീഭവിച്ചു കിടക്കുന്നു,

സ്കൂൾ സൊസൈറ്റികൾ

1 തലവടി South H. S. A 421
2 നീരേറുപുറം T. M. T. H. S. A 75
3 ആനപ്രമ്പാൽ M. T. H. S. A 473
4 ആനപ്രമ്പാൽ D. U. P. S. A 564
5 കുന്തിരിയ്ക്കൽ C. M. S. U. P. S. A 604
6 തലവടി Model U. P. S. A 583

ഈ 6 സ്കൂളുകളും, ബുക്കുകളും, പുസ്തകങ്ങളും മറ്റും വില്പന നടത്തിവരുന്നു.

ക്ഷീര സഹകരണസംഘങ്ങൾ

1 ക്ഷീരോൽപാദന സഹകരണസംഘം
No. A. 164 (D) Apcos.
സാധാരണ പാൽ ബിസിനസ്സ് നടത്തുന്നു.

2 ക്ഷീരോൽപാദക സഹകരണസംഘം
No. A. 194 (D) Apcos.
സാധാരണ പാൽ ബിസിനസ്സ് നടത്തുന്നു.

ക്രെഡിറ്റ് സഹകരണസംഘങ്ങൾ

കാഷ്ടിക മേഖല:- തലവടി സപ്ലീസ് സഹകരണ ക്ലിപ്തം നമ്പർ. 805 തലവടി പഞ്ചായത്തിൽ കാഷ്ടിക മേഖലയിൽ പ്രവർത്തിക്കുകയും കൃഷിക്കാർക്ക് കാഷ്ടിക വായ്പ ലഭ്യമാക്കുകയും ചെയ്യുന്നു.

സഹകാരികൾക്ക്:- സ്വർണ്ണ പണയ വായ്പ, സാധാരണ വായ്പ എന്നിവയും നൽകുന്നു. വളം, കീടനാശിനി എന്നിവ വിൽപനയും ചിട്ടിയും നടത്തുന്നു. ഇപ്പോൾ സംഘത്തിന് 38, 99, 500 രൂപ പ്രവർത്തന മൂലധനവും 2824 അംഗങ്ങളും ഉണ്ട്. തലവടി പഞ്ചായത്തിലെ 26173 ജനങ്ങൾക്കുള്ള ഏക കാഷ്ടിക Credit സ്ഥാപനമാണ്. ഇതിൻറെ പ്രവർത്തന പരിധി പഞ്ചായത്തിലെ 10 വാർഡുകളും ഉൾപ്പെടുത്തി വിശദവിവരം പട്ടിക 1-ൽ.

പട്ടിക 1

സംഘത്തിന്റെ പേരു്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങൾ	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പ	പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ	നഷ്ടം	ജീവനക്കാർ
തലവടി സർവ്വീസ് സഹകരണ നമ്പർ 805	12-3-1100 M E	തലവടി പഞ്ചായത്ത് പ്രദേശം	2824	3,09,919		1823347	3262750	3899500		8,09970	3 സ്ഥിരം ഇല്ല

പട്ടിക ജതി സഹകരണസംഘം

തലവടി പഞ്ചായത്തിലെ 10 വാർഡുകളാണ് അധികാര പരിധി. ടി സംഘ ആഫീസ് തലവടി തെക്ക് 1978-ൽ D. E. കൈമാം വക ശ്രീവിലാസം കെട്ടിടത്തിലായിരുന്നു. എന്നാൽ 1996-ൽ സ്വന്തമായി കെട്ടിടം പണിയുകയും തലവടി വടക്കേക്കരയിൽ പഞ്ചായത്ത് ആഫീസിന് സമീപം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 522 അംഗങ്ങളുള്ള ഈ സഹകരണസംഘം 5000 രൂപാവരെ ഒരു അംഗത്തിന് വായ്പയായി നൽകുന്നു. മുൻപ് Welding Unit ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തനം ഇല്ല. ഇപ്പോൾ തയ്യൽ സ്ക്കൂൾ നടത്തിവരുന്നു. P. നിത്യാനന്ദൻ ചീഫ് പ്രമോട്ടറായി ആരംഭിച്ച സഹകരണസംഘത്തിന്റെ ആദ്യകാല പ്രസിഡൻറ് എം. കെ. കുഞ്ഞ് ആണ്.

പട്ടിക 2

സംഘത്തിന്റെ പേരു്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങൾ	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								ലാഭം	നഷ്ടം	സ്ഥിരം 2	മറ്റുള്ളവർ
പട്ടിക ജാതി സഹകരണ സംഘം A·670	18-7-1978	തലവടി പഞ്ചായത്ത്	522	65613	85,357	5000	2 ലക്ഷം		2 Lakh		

സ്ക്കുൾ സഹകരണ സംഘങ്ങൾ

1.	തലവടി ഗവ:	H. S.	A 421	റിക്കാർഡുകൾ ലഭ്യമല്ല.
2.	നീരേറ്റുപുറം	T. M. T. H. S	A 75	
3.	ആനപ്രമ്പാൽ	M. T. H. S	A 473	
4.	ആനപ്രമ്പാൽ	D. U. P. S	A 564	
5.	C. M. S. U. P. S		A 604	
6.	തലവടി മോഡൽ	U. P. S.	A 583	

ക്ഷീരസഹകരണ സംഘങ്ങൾ

പട്ടിക 3

ക്രമ No.	സംഘത്തിന്റെ പേരു്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങളുടെ	ഓഹരി മൂലധനം	കടം	നിക്ഷേപം	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ
										ലാഭം	നഷ്ടം	സ്ഥിരം 2
1	ക്ഷീരോൽപാദക സകകരണ സംഘം N A 164 (5) Apcos	19-2-1988	തലവടി പഞ്ചായത്തു് വാർഡു് 5, 6	177	2600			2600	പാൽ-65 ലിറ്റർ			2
2	ക്ഷീരോൽപാദക സഹകരണസംഘം No. A 194 (D) Apcos	1991	തലവടി പഞ്ചായത്തു് വാർഡു് 1, 2, 3	52	520	2000	35000		പാൽ 40 ലിറ്റർ	40000		

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1) 15.76 sgkm വിസ്തൃതിയും 26173 ജനങ്ങളും വസിക്കുന്ന തലവടി പഞ്ചായത്തിൽ നിലവിള്ള സഹകരണ സ്ഥാപനങ്ങളും അപര്യാപ്തമാണു്. ഭൂമിശാസ്ത്രപരമായി തലവടി പഞ്ചായത്തിനെ രണ്ടായി കീറിമുറിച്ചുകൊണ്ടു് തെക്കേക്കരയിൽ 4 ഉം വടക്കേക്കരയിൽ 6 ഉം വാർഡുകളാക്കി പമ്പ ആറു്

കടന്നുപോകുന്നു. ഇതിൽ തെക്കേക്കരയിൽ ഉള്ള 7, 8, 9, 10 വാർഡുകളെ ബന്ധിപ്പിച്ച്, ഒരു കർഷിക ക്രെഡിറ്റ് സഹകരണ ബാങ്ക് സ്ഥാപിക്കുകയും ഇപ്പോഴുള്ള S C S Ltd-805-ന്റെ ഏറിയാ 1 മുതൽ 6 വാർഡുകളിലായി Limit ചെയ്യുകയും വേണം.

ഇപ്പോൾ തലവടി വടക്കേക്കരയിലുള്ള 805-ാം നമ്പർ സഹകരണ സംഘത്തിനു കൂടുതൽ കർഷക ക്ഷേമ മേഖലകളിൽ പ്രവർത്തിക്കുവാൻ സാധ്യമാകണം. കൊപ്രാ സംഭരണം, നെല്ല് സംഭരണം. നെല്ല് സംഭരണം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധവയ്ക്കണം. സംഘത്തിന്റെ ഡിപ്പോസിറ്റ്, വർദ്ധിപ്പിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനമുഖേനയുള്ള അഡ്വ സർക്കാർ സ്ഥാപനങ്ങളും അക്കൗണ്ട് ടി സംഘം വഴി ആക്കണം.

തലവടി പഞ്ചായത്തിൽ 9, 10 വാർഡുകളെ ചേർത്ത് ഒരു ക്ഷീരോൽപാദക സഹകരണ സംഘവും, സങ്കേതിക പരിജ്ഞാനമുള്ള വരെ കൂടി ഉൾപ്പെടുത്തി ഒരു വ്യവസായ സഹകരണ സംഘവും രൂപവൽക്കരിക്കുക. ഇപ്പോൾ നിലവിലുള്ള Apcos സഹകരണ സംഘങ്ങൾ, കർഷകരുടെ പാലിന് ന്യായമായ വില നൽകുന്നില്ല. കർഷകരുടെ പലിന് ന്യായമായ വില ലഭ്യമാക്കുവാൻ നടപടി ഉണ്ടാകണം.

കറവമാടുകളെ വളർത്തുന്നതിൽ ഉണ്ടാകാവുന്ന വർദ്ധനയെ കണക്കാക്കി തലവടിയിൽ പാൽ സംസ്കരണത്തിന് ഒരു സഹകരണ സ്ഥാനം സ്ഥാപിക്കുക. ഉത്പാദന കൃഷിയ്ക്ക് സൊസൈറ്റികൾ രൂപവൽക്കരിക്കുകയും മാർക്കറ്റിംഗ് അതുവഴി ശക്തമാക്കുക.

Dryunit-ടെ കൂടി ഒരു expeller കേരകർഷക മേഖലയിൽ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കുക. തേങ്ങയിൽ നിന്നും തേങ്ങാ പാൽ പായ്ക്കറ്റുകളിൽ സംസ്കരണം ചെയത് വിപണനം ചെയ്യുന്നതിനായും. ചിരട്ടയിൽ നിന്നും മൈക്ക നിർമ്മാണത്തിനും മറ്റും വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്.

താറാവുകർഷകർ, കോഴിവളർത്തുകർഷകർ ഉൾനാടൻ മൽസ്യതൊഴിലാളികൾ എന്നിവർക്കായി ഇവരുടെ ക്ഷേമത്തിനു ഉന്നമനത്തിനുമായി പ്രത്യേകമായി സഹകരണ സംഘങ്ങൾ രൂപവൽക്കരിക്കാവുന്നതാണ്.

7) ആരോഗ്യരംഗത്ത് ഗവൺമെൻറ് കൂടി മുൻകൈ എടുത്ത് ഒരു സഹകരണ ആശുപത്രി തലവടിയിൽ സ്ഥാപിക്കണം.

8) പട്ടികജാതി സഹകരണ സംഘത്തിന് ജില്ലാ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുക.

ഉല്പാദിത വിപണനരംഗത്ത് ഗണ്യമായസംഭാവന ചെയ്യുവാൻ സഹകരണ മേഖലയ്ക്കു കഴിയും. നമ്മുടെ ജനജീവിതത്തിന്റെ സമസ്തമേഖലകളിലും ഉറ്റമിത്രമായി സഹകരണ സംഘം മാറേണ്ടതുണ്ട്. കൂട്ടായ്മയുടെ മാധുര്യം നമ്മുടെ വികസനരംഗത്ത് പ്രതിഫലിക്കുന്ന ഈ ഘട്ടത്തിൽ ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്താൻ സഹകരണ പ്രസ്ഥാനത്തിന് കഴിയുക തന്നെ ചെയ്യും.

പട്ടികജാതി പട്ടികവർഗം

ആദിദ്രാവാഡ സംസ്കാരത്തിന്റെ കളിത്തൊട്ടിലായിരുന്ന 'കുട്ടനാട്', ചുട്ടനാട്, കുട്ടന്റെ നാട എന്നീ പേരുകളിൽ നിന്നും ഉടലെടുത്തതാണ് കുട്ടനാട് എന്നാണ് കേട്ടുകേഴ്വി ദ്രാവിഡ വിഭാഗത്തിൽ പ്പെട്ട പിന്നോക്ക സമുദായങ്ങൾക്ക് ആധിപത്യം ഉണ്ടായിരുന്ന കുട്ടനാടൻ പ്രദേശത്തിലെ പല കരകളുടെയും പേരുകൾ ദ്രാവിഡ നാമത്തിൽ നിന്നും ഉടലെടുത്തതാണ്. കോമങ്കരി കണ്ടങ്കരി, കടമ്പങ്കരി തുടങ്ങിയ പേരുകൾ ഇതു അച്ചുതമാക്കുന്നു. മറ്റു സമുദായത്തിൽ പ്പെട്ട ആര്യ അഡ്വ ആര്യവിഭാഗത്തിൽ പ്പെട്ട ജനസമുദായങ്ങൾ പിൽക്കാലത്തു് ഇവിടെ വന്നു ആധിപത്യം ഉറപ്പിച്ചിട്ടുള്ളതാണ്.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ കാവുകളും, കുളങ്ങളും ആരാധനാ കേന്ദ്രങ്ങളും കുട്ടനാട്ടിലെ മറ്റു പല ഭാഗത്തും ഉണ്ടായിരുന്നതുപ്പോലെ തലവടിയിലും സാർവത്രികമായി ഉണ്ടായിരുന്ന എന്നുള്ളതിന്റെ തെളിവുകൾ ഇന്നും അവശേഷിക്കുന്നു.

ജന്മിത്വത്തിന്റെയും സവർണ്ണമേധാവിത്വത്തിന്റെയും ദുരന്തഫലം ഏറ്റവും കൂടുതൽ അനുഭവിച്ചിട്ടുള്ള വിഭാഗമായിരുന്ന ഇക്കൂട്ടർ ക്ഷേത്രപ്രവേശനം,

വിദ്യാഭ്യാസം ഇത്യാദികാര്യങ്ങളിൽ നീതി നിക്ഷേ
ധിക്കപ്പെട്ടവരായിരുന്ന ഇല്ലത്തർ. സാമൂഹിക പരി
ഷ്കർത്താക്കളായ ശ്രീ. നാരായണഗുരു ശ്രീ. അയ്യൻ
കാളി, സി എം എസ്സ് മിഷനറിമാർ തുടങ്ങിയവരു
ടെ പ്രവർത്തനങ്ങളുടെ ഫലമായ് ഒട്ടേറെ മാറ്റങ്ങൾ
ഉണ്ടാക്കുവാൻ ഇടയായിട്ടുണ്ട്. സാമ്പത്തികപരമാ
യും, വിദ്യാഭ്യാസപരമായും മറ്റു സമുദായങ്ങളെ
ക്കാൾ വളരെ പിന്നിലാണ് ഇവർ. സർക്കാർ കാ
ലാ കാലാങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള ആനുകൂല്യ
ങ്ങൾ പലതും യഥാസമയം നേടിയെടുക്കാൻ കഴി
യാതെ പോയിട്ടുണ്ട്.

കാർഷിക മേഖലയിൽ തൊഴിൽ ചെയ്ത ഉപ
ജീവനം നടത്താൻ വിധിക്കപ്പെട്ട ഈ കൂട്ടർക്ക് ജന്മി
മാരിൽ നിന്നും ഒട്ടേറെ തിക്താനുഭവങ്ങൾ ഉണ്ടായി
ട്ടുണ്ട്. പ്രഭാതം മുതൽ പ്രദോഷം വരെയും കയ്യോല
കളിൽ പണിയെടുക്കുകയും, ചെയ്യുന്ന പ്രവൃത്തിയ്ക്ക്
അർഹമായ വേതനം ലഭ്യമാകാതെയും ഇരുന്ന കാല
ഘട്ടത്തിലും സ്വന്തമായ് ഒരു തുണ്ട് ഭൂമിക്കുപോലും
അവകാശികളില്ലാതിരുന്ന കാലഘട്ടത്തിൽ സംഘ
ടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ ആവിർഭാ
വവും, ഈ സംഘടനത്തിന്റെ നേതൃത്വത്തിൽ നട
ത്തിയ ഐതിഹാസിക സമരപരമ്പര സേവനത്തി
ൽ അനുസ്യൂതമായ വേതനം നേടുന്നതിനും പ്രവൃത്തി
സമയം നിജപ്പെടുത്തുന്നതിനും ഇടയാക്കി. കൂടാതെ
1957-ൽ കേരളത്തിൽ അധികാരമേറ്റ ജനകീയ മ
ന്ത്രിസഭ നടപ്പിലാക്കിയ ഭൂപരിഷ്കൃതനിയമം മൂല
മാണ് പലർക്കും സ്വന്തമായി ഭൂമി ലഭിക്കാനിടയാ
യിട്ടുള്ളതും.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ
10.5% പട്ടിക ജാതി പട്ടികവർഗ്ഗക്കാരാണ്. ~~372~~ 587
പട്ടിക ജാതി പട്ടികവർഗ്ഗകുടുബങ്ങൾ ഈ പഞ്ചായ
ത്തിലുണ്ട്. സ്വന്തമായ് സ്ഥലം, പാർപ്പിടം, പ്രാഥ
മിക അടിസ്ഥാന സൗകര്യങ്ങൾ ഇന്നും നിരവധി 207
കുടുംബങ്ങൾക്ക് ലഭ്യമായിട്ടില്ല.

പ്രശ്നങ്ങൾ

1) പട്ടികജാതിക്കായി തലവടി പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക.

2) പട്ടികജാതിക്കാരുടെ എല്ലാ കുടുംബങ്ങൾക്കും സർക്കാർ ചെലവിൽ ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുക.

3) വൈദ്യുതീകരിക്കാത്ത എല്ലാ വീടുകൾക്കും വീടുവൈദ്യുതീകരിച്ചും ലൈൻ വലിച്ചും കണക്ഷൻ നൽകുക.

4) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പൊതു ആവശ്യത്തിനായ് ഇരുകരകളിലായ് രണ്ട് സ്മശാനങ്ങൾ സ്ഥലം കണ്ടെത്തി നിർമ്മിക്കുക.

5) മില്ല്യൻ വെൽസ്കീം പ്രകാരം പരിസരം നന്നാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ആനുകൂല്യം ഭൂമി പരിധി നിശ്ചയിക്കാതെ മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കുക.

6) ഇന്നും ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായ് പട്ടയം ലഭിക്കാത്ത കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

7) കുട്ടുകുടുംബനിവാസികളെ മാറ്റി പാർപ്പിക്കുവാൻ നടപടിയുണ്ടാകണം.

8) പട്ടികജാതി-വർഗ്ഗക്കാരുടെ മരണാനന്തരഫണ്ട് സർക്കാരിൽനിന്ന് അനുവദിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

9) പട്ടികജാതി വനിത വിഭാഗങ്ങളെ ഉൾപ്പെടുത്തി കുടിൽ വ്യവസായം, ചെറുകിട വ്യവസായം നടത്തുന്നതിന് സഹകരണ സംഘങ്ങൾക്ക് ഫണ്ട് മാറ്റിവച്ചു പ്രവർത്തിപ്പിക്കുക.

10) കുറഞ്ഞപലിശ നിരക്കിൽ ലോൺ കൊടുത്തു മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

11) Sc വിദ്യാർത്ഥികൾക്ക് സൗജന്യമായി ട്യൂഷൻ കൊടുക്കുക.

12) കലാ-കായിക വിദ്യാഭ്യാസം സൗജന്യമായി പഞ്ചായത്തിൽ ഒരു കേന്ദ്രം തുടങ്ങുക.

നമ്മുടെ സമൂഹത്തിന്റെ ആകെ പുരോഗതിക്ക് വേണ്ടി തലമുറകളായി പണി ചെയ്ത തകർന്നു വീണ പിന്നിലായ ഈ വിഭാഗത്തിനെ കൈപിടിച്ച് ഉയർത്തുവാൻ ഈ ഒമ്പതാം പഞ്ചവത്സര പദ്ധതികളിൽ കൂടി കഴിയട്ടെയെന്ന് ആശംസിക്കുന്നു.

★

വിഭവസമാഹരണം

നമ്മുടെ ഗ്രാമപഞ്ചായത്തു നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് വ്യവസായ മേഖലകളിലെ നിശ്ചലതയും, തൊഴിലെടുക്കുവാൻ ശേഷിയുള്ള നല്ല ശതമാനം ആളുകളുടെ തൊഴിൽ ചെയ്യുവാൻ വേണ്ട അവസരങ്ങളും ലഭ്യമാക്കുവാൻ നമ്മുക്ക് കഴിയുമെങ്കിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന് അഭൂതപൂർവ്വമായ കുതിച്ചുചാട്ടം നടത്തികൊണ്ട് വിഭവസമാഹരണത്തിന് പുതിയ പാതകളം വെട്ടിതുറക്കാനാകും.

നമ്മുടെ പഞ്ചായത്തിൽ കാര്യമായ യാതൊരു വ്യവസായ സ്ഥാപനങ്ങളും ഇല്ല ഇതിന് അടിയന്തരവും ശാശ്വതവും ആയ പരിഹാരം കണ്ടെത്തുവാൻ കഴിയേണ്ടതുണ്ട്. വ്യവസായ സ്ഥാപനങ്ങളം ഉയർന്ന വരേണ്ടതിന് ലഭ്യമാക്കേണ്ട വൈദ്യുതിയും വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് ഇന്നുള്ള തടസ്സങ്ങളം അടിയന്തര പരിഹാരം കണ്ടത്തെുവാൻ ഗവൺമെൻറിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ടതുണ്ട്.

കാർഷികരംഗം ഇന്ന് നുരടിപ്പിന്റെ വക്കിലാണ്. കൃഷിനിലങ്ങളം, താമസ്സുപ്പാമ്പുകളാക്കി മാറുകയും, കൃഷി ആദായകരമല്ല എന്ന കാരണത്താൽ കൃഷിഭൂമികളം തരിശുഭൂമികളാക്കി മാറപ്പെടുകയും, കാർഷികമേഖലകളിൽ തൊഴിലാളികളെ വേണ്ടത്ര ലഭ്യമല്ലാത്തതിനാലും കർഷകതൊഴിലാളികളായി മാറപ്പെടുന്നു.

രാസവളങ്ങളുടെ അമിതമായ ഉപഭോഗം ഒഴിവാക്കികൊണ്ട് ജൈവവളപ്രയോഗത്തിന് പ്രാധാന്യം നൽകപ്പെടണം അതിനാവശ്യമായ പ്രായോഗീക പരിജ്ഞാനം കൃഷിക്കാരിൽ വളർത്തിയെടുക്കണം. കാർഷീകമേഖല പുഷ്ടിപ്പെടുത്താതെ വിഭവസമാഹരണം വർദ്ധിപ്പിക്കാനാവില്ല ഈ മണ്ഡലങ്ങളിൽ ഫലപ്രദമായി ഇടപ്പെടുവാനും ഗുണകരമായ സമീപനം സ്വീകരിക്കുവാനും ഗ്രാമപഞ്ചായത്തിന് അധികാരം ലഭ്യമാക്കണം.

സർക്കാർ ഗ്രാമങ്ങൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നിലയ്ക്കുമാറ്റം വരുത്തി ഗ്രാമങ്ങളം പിരിക്കുന്ന മേഖലകളിൽ വെച്ചുതന്നെ സ്റ്റാമ്പ്, ഡ്യൂട്ടി, ഗ്രാൻറുകളം, വെഹിക്കിൾ ടാക്സ് തുടങ്ങിയ വിവിധ ഗ്രാൻറുകളം പഞ്ചായത്തിന് ലഭിക്കുന്നതിനാവശ്യമായനടപടികളം സ്വീകരിക്കപ്പെടുകയും. ഇന്ന് സ്വീകരിക്കപ്പെടുന്ന മാനദണ്ഡങ്ങളം ഒഴിവാക്കപ്പെടുകയും ചെയ്യേണ്ടതുണ്ട് ഗ്രാമങ്ങളുടെ നീതിപൂർവ്വമായ വിതരണത്തിന് ജനസംഖ്യ ദാരിദ്രരേഖ, പട്ടികജാതി ജനസംഖ്യ സൗകര്യങ്ങളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി വിതരണം ചെയ്യപ്പെടണം.

തനത് വരുമാനം	
കെട്ടിട നികുതി	Rs. 272 753/-
വിനോദ നികുതി	Nil
തൊഴിൽ നികുതി	Rs. 107 760/-
ഉപാധിരഹിത നികുതി	Rs. 2,80,000/-
എസ്. സി. സി.	Rs. 107000/-
ജെ. ആർ. വൈ.	Rs. 221 321/-
ഗ്രാൻറ് സംഭാവന	Rs. 657 714/-
ആകെ വരവ്	Rs. 177 6512/-
ചെലവ് എസ്റ്റാബ്ലിഷ്	Rs. 442 260/-

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞവഷ്ം 5886/- രൂപാ വസൂലാക്കി.

എന്നാൽ 100% നികുതി സംഭരിക്കുന്നതിനായി പഞ്ചായത്ത് ജീവനക്കാർക്ക് പ്രോത്സാഹനം നൽകുന്ന സമീപനം ഒഴിവാക്കി ഉദ്യോഗസ്ഥന്മാരുടെ പൂണ്ണമായ ചുമതലയുടെ ഭാഗമാണെന്ന നിലവാരത്തിലേക്ക് അവരുടെ ബോധമണ്ഡലത്തെ ഉയർത്തുവാനായ സമീപനം സ്വീകരിക്കപ്പെടണം.

തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലെയും, എയിഡഡ് സ്കൂളുകളിലെയും ജോലി ചെയ്യുന്നവരിൽനിന്നും മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ള. തൊഴിലാളികളെ മുഴവൻ പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിന്റെ കീഴിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇതു കച്ചവടക്കാർക്കും, തൊഴിലാളികൾക്കും ബാധകമാക്കാവുന്നതുമാണ്.

കെട്ടിട നികുതി

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണിത്. എന്നാൽ കെട്ടിട നീകുതി സംഭരിക്കുന്നതിന് ഇന്ന് സ്വീകരിച്ചുവരുന്ന സമീപനം

അടിയന്തിരമായി തിരുത്തപ്പെടേണ്ടതുണ്ട്. കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം, ആഡംബരത്വം വിലക്കുട്ടുതലുള്ള സാധന സാമഗ്രികളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിലും നികുതിചുമത്തുന്നതിന്റെ അസ്ഥാനാമാകണം. വീട് അസ്സസ്സ് ചെയ്യുത് എങ്ങനെയെന്ന് വീട്ടുടമയെ ബോധ്യപ്പെടുത്തുവാൻ ഉദ്യോഗസ്ഥൻമാർ തയ്യാറാവണം. നികുതി സംഭരിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുവാനും ഓരോ വാർഡിലും തുടന്ന് രൂപീകരിക്കപ്പെടുന്ന അയൽക്കൂട്ടസമിതികളുടെ സഹകരണംകൂടി ഉപയോഗപ്പെടുത്തി പരമാവധി നികുതി സംഭരിക്കുന്നതിനുവേണ്ട ക്രമീകരണം ഉണ്ടാവേണ്ടതുണ്ട്.

വിനോദ നികുതി

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ മാനസിക ഉല്ലാസത്തിനും വിജ്ഞാനവികസനത്തിനും ആയി ഒരു സിനിമാ തീയേറ്റർ സ്ഥാപിക്കാനുള്ള ശ്രമം ഉണ്ടാവണം. പഞ്ചായത്തിന് ഒരു പൊതു സ്റ്റേഡിയം സ്ഥാപിക്കുന്നതിനാവശ്യമായ ശ്രമകരമായ പ്രവത്തനവും ഉണ്ടാവേണ്ടതുണ്ട്.

ബാങ്ക് ഫൈനാൻസ്

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ രണ്ട്, സഹകരണ ബാങ്കുകളും, ഒരു ഫെഡറൽ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഇൻഡ്യൻ ഓവർസീസ് ബാങ്ക് എന്നിവയുടെ ഓരോശാഖയും ഉണ്ട്. സ്വകാര്യ ഫൈനാൻസിയേഴ്സും 1–ാം വാർഡിൽ 2 ഉം, 3–ാം വാർഡിൽ 1 ഉം, 9–ാം വാർഡിൽ 1ഉം എന്നീ നിലയിലും പ്രവത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭീക്കുന്ന വായ്പ വളരെ കുറവാണ്. സ്വയം തൊഴിൽ സംരംഭത്തിൽനിന്നും ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനും ബാങ്കിനെ സമീപിച്ചാൽ നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ് ബാങ്ക് മേഖലകളിൽ നിന്നും കൂടുതലായി അനുഭവപ്പെടുന്നത്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാധ്യത പുതിയ പഞ്ചായത്തു് ആക്ടിലുണ്ട്. ഗ്രാമസഭകളോ, പഞ്ചായത്തോ, അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന നിയമം അനിവാര്യമാക്കേണ്ടതുണ്ട്.

മറ്റു ധനാഗമ മാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പുഴ പുറംമ്പോക്കായി ധാരാളം ഭൂമിയുണ്ട്. ഇതു കൃത്യമായി അളന്ന് തിട്ടപ്പെടുത്തുവാനും പഞ്ചായത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കും, ഭൂമിരഹിതരായി നമ്മുടെപഞ്ചായത്തിൽ കഴിയുന്നവക്ക് പതിച്ചുകൊടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കപ്പെടണം. വരുമാനമാർഗ്ഗം പാഴാക്കുകയാണ് നാം ഇതുവരെ ചെയ്തുവന്നിട്ടുള്ളതു്. ഇങ്ങനെയുള്ള പുറംമ്പോക്ക് ഭൂമിയിൽ നല്ലോരുഭാഗം സ്വകാര്യ വ്യക്തികൾ കൈവശം വെയ്ക്കുകയും, തെങ്ങ്, പച്ചക്കറികൃഷി ഇങ്ങനെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുന്നു. ഇങ്ങനെയുള്ള ഭൂമികൈവശക്കാക്ക് തന്നെ മാക്സിമം വിലയുടെ 50% തുക വാങ്ങിക്കൊണ്ട് പതിച്ചുകൊടുക്കണം എന്നുള്ളതാണ് ഒരു നിർദ്ദേശം. ഇങ്ങനെ ലഭ്യമാകുന്ന പണം പ്രത്യേകം അക്കൗണ്ട് ഓപ്പൺ ചെയ്യും, അതിലൂടെ ലഭ്യമാകുന്ന തുക പ്രത്യുല്പാദന രംഗത്തേയ്ക്ക് വിനിയോഗിക്കപ്പെടുന്നതിനും കഴിയണം. വെറുതെ കിടക്കുന്നതും, പ്രത്യേക കാരണങ്ങളുമില്ലാതെയും ആയ ഭൂമി ആവശ്യക്കാക്ക് പതിച്ചു കൊടുക്കപ്പെടണം.

പുഴയോരങ്ങളിൽ തങ്ങളുടെ ഭൂമിയിൽ നിന്നും പുഴയിലേക്ക് ഈടിറക്കി വ്യാപകമായതോതിൽ കൈയ്യേറ്റം ചെയ്യപ്പെടുന്നു. പഞ്ചായത്തിന് അവകാശപ്പെട്ട ഇത്തരം ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഭൂനികുതി

ഭൂനികുതി പിരിച്ചെടുക്കുന്നതിന് പഞ്ചായത്തിന് ചുമതല നൽകുകയും ഇപ്പോൾ നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കുന്നതിനും ഭൂമിയുടെ തരം നോക്കി നിരക്കിൽ വ്യത്യാസം വരുത്തേണ്ടതാണ്. തരിശുകിടക്കുന്ന കൃഷിയോഗ്യമായ ഭൂമിക്കും, വയൽനികത്തിയുണ്ടാക്കുന്ന പുരയിടത്തിനും പരമാവധി നിരക്കും, വയലുകൾക്ക് ഏറ്റവും കുറവും ആക്കണം. ഒരു വർഷത്തിൽ തന്നെ വ്യത്യസ്ത സമയങ്ങളിൽ നികുതി സംഭരിക്കുവാനും പ്രത്യേകം അസസ്സുമെന്റ് കമ്മറ്റിയെ ചുമതലപ്പെടുത്തുന്നതിനും കഴിയണം.

ജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ട് കുറയ്ക്കുവാൻ പ്രത്യേകം ശ്രദ്ധപതിയണം.

മണൽ

നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന രണ്ട് നദികളും ഉണ്ട് ഇവ പമ്പയാറും, മണിമലയാറുമാണ്. വർഷവർഷങ്ങളിൽ ഉളവാക്കുന്ന വെള്ളപ്പൊക്കം നമ്മുടെ കൃഷിഭൂമികളെ ഫലഭൂയിഷ്ഠമാക്കിതീർക്കുകയും, ഒപ്പം നദികളിൽ എത്തിച്ചേരുന്ന മണൽ മറ്റൊരു സമ്പത്തുൽപാദന മേഖലയ്ക്കായി പഞ്ചായത്തിൽ ഉപയോഗപ്രദമാക്കാം നദികളിൽ നിന്നും ലഭിക്കാവുന്ന മണൽ ലേലം ചെയ്തുവരുന്നത് നാമമാത്രമായ തുകയ്ക്കാണ്. എടുക്കുന്ന മണലിന്റെ അളവിന് യാതൊരു മാനദണ്ഡവും ഇല്ല. മണൽ എടുക്കുന്നതിന് ഒരു നിശ്ചിത സമയവും വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ഇതു പരിഹരിക്കപ്പെടുവാനും. മണൽ വാരുതൊഴിലാളികളുടെ ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്തു അവർക്ക് അതിന്റെ അനുവാദം നൽകിയാൽ ഇന്ന് നിലനില്ക്കുന്ന ഈ പോരായ്മ പരിഹരിക്കപ്പെടുവാനും കഴിയും.

ചെലവുകൾ

സാമാന്യം ഭേദപ്പെട്ടതും വിഭവ സമൃദ്ധയവും ആയ നമ്മുടെ പഞ്ചായത്തിന്റെ വിഭവങ്ങൾ ചിലവഴിക്കപ്പെടുന്നത് തീരെ പ്രത്യൽപ്പാദന പരമല്ലാത്ത നിലയിലായിരുന്നു.

പൊതുമരാമത്തിന്, ഭരണചിലവുകൾക്കും, നല്ലനിലയിലും, വിദ്യാഭ്യാസത്തിന് , സാമൂഹ്യക്ഷേമം എന്നിവയ്ക്ക നാമമാത്രമായും ഫണ്ട് ചിലവഴിക്കപ്പെട്ടിട്ടുണ്ട്.

5000 രൂപ വരെയുള്ള തുകഉപയോഗിച്ച് പരമാവധിറോഡുകൾ റിപ്പയർ ചെയ്യുന്നതിനും, പുതിയ റോഡുകൾ രൂപപ്പെടുത്തുന്നതിനും, വേണ്ടിയാണ് വിനയോഗിക്കപ്പെടുന്നത്. ഇങ്ങനെ റോഡുകൾ രൂപപ്പെടുത്തുന്നത് സംരക്ഷിക്കുന്നതിനു വേണ്ടതും, റോഡു സംരക്ഷണം പൂർണ്ണമായും റോഡിന് ഇരുവശവും ഉള്ളഅയൽക്കൂട്ടങ്ങളെ ചുമതലപ്പെടുത്തേണ്ടതും ഉണ്ട്.

വെള്ളം ഒലിച്ചു പോകുവാൻ സാധ്യതയില്ലാത്ത പ്രദേശങ്ങളിലേയ്ക്ക ഓട നിർമ്മിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ഭരണച്ചിലവിന്റെ കാര്യത്തിൽ കാര്യമായ മാറ്റം വരുത്തുവാൻ കഴിയില്ല.

കച്ചവടലൈസൻസ്

കച്ചവടം തുടങ്ങുന്നതിന് ഇന്നുള്ള ലൈസൻസു ഫീസു ശരിയാം വിധം പിരിച്ചെടുക്കുവാൻ കഴിയുന്നില്ല. ഇതു കൃത്യമായി പഞ്ചായത്തിനു ലഭിക്കുന്നതിനുവേണ്ട ക്രമീകരണം നടത്തേണ്ടതുണ്ട്.

നാഷണൽ സേവിംഗ്സ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരവികാസ് പത്രയുടെ 15% മുതൽ25% വരെ ആ പഞ്ചായത്തിൽ തന്നെ ലഭിക്കുന്ന ഒരു വ്യവസ്ഥയുണ്ട്. പഞ്ചായത്തു ഭരണസമിതിയും, സാമൂഹ്യ പ്രവർത്തകരും ഇടപ്പെട്ട് പഞ്ചായത്തുപരമാവധി സമ്പാദ്യനിക്ഷേപം വർദ്ധിപ്പിച്ചാൽ നമ്മുടെ പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗം ആകും. (മഹിളാ പ്രധാന ഏജൻറ് മുഖേന).

ഷോപ്പിംഗ് കോപ്ലക്സ്

നമ്മുടെ പഞ്ചായത്തിലെ ഒന്നാം വാർഡിൽ ചക്കാലയിൽ ബിൽഡിംഗ്സിനു സമീപ. റോഡിനു ഇരുവശവും ഉള്ള ഭൂമി പഞ്ചായത്തിന്റെ പൊതുവായ ആവശ്യങ്ങൾം, ഹോമിയോ ആശുപത്രി ഇലക്ട്രിസിറ്റി ആഫീസ്, ഷോപ്പിംഗ് കോപ്ലാക്സ് ഇങ്ങനെയുള്ള പൊതുസ്ഥാപനങ്ങൾക്കായി ഒരു മൂന്നുനില കെട്ടിടം സ്ഥാപിക്കപ്പെടണം.

ചേരിത്തോടിന്റെ പയോഗരഹിതമായി കിടക്കുന്ന ഭാഗം പഞ്ചായത്തിന്റെ ചുമതലയിൽ നികത്തി അവിടെ ഹൗസിംഗ് ബോർഡ് കോളനി സ്ഥാപിക്കുന്നതിനുവേണ്ട നീയമനടപടികൾം സ്വീകരിക്കപ്പെടണം.

നമ്മുടെ പഞ്ചായത്തിലെ ഭൂമി ക്രയവിക്രയം ചെയ്യപ്പെടുമ്പോൾ അതിന്റെ യഥാർത്ഥ വിലയിൽ നിന്നും വളരെ താണനിലായണ് രേഖയിൽ കാണിക്കാറുള്ളത്. ഇതിന് മാറ്റം വരുത്തുവാൻ ഇങ്ങനെയുള്ള ഭൂമിക്രയവിക്രയം ചെയ്യുമ്പോൾ അതിന്റെ നിജസ്ഥിതി രജിസ്റ്റർ ആഫീസിൽ നിന്നു പഞ്ചായത്തിന്റെ അറിയിക്കുവാൻ വേണ്ട നടപടികൾം സ്വീകരിക്കപ്പെടണം ചക്കുളത്തുകാവ് ദേവീക്ഷേത്രം പ്രശസ്തിയിലേക്ക് ഉയർന്നതിനുശേഷം, നീരേറ്റുപുറത്തെ അഭൂതപൂർവ്വമായ ജനതിരക്കുമൂലം യാത്രക്കാരായി എത്തിച്ചേരുന്നവരുടെ പ്രാഥമിക ആവശ്യങ്ങൾം നിറവേറ്റുന്നതിനായി ഒരു കംഫർട്ടസ്റ്റേഷൻ നീരേറ്റുപുറത്ത് സ്ഥാപിക്കുവാനു അവിടെ ടോൾ ഏർപ്പെടുത്തുവാൻ ലേലംചെയ്തു കൊടുത്ത് പഞ്ചായത്തിൽ വരുമാനം കണ്ടെത്തുവാനും ആകും.

പുകയില്ലാത്ത അടുപ്പ്

സ്ത്രീകളുടെ ആരോഗ്യരംഗത്ത് സംരക്ഷിക്കുവാനും വിറകു് ദൗർബല്യം കൂടുതൽ നേരിടുന്ന നമ്മുടെ പഞ്ചായത്തിലെഇന്ധനക്ഷാമത്തിന് പരിഹാരംകാണുവാനും അനേർട്ടിന്റെ സഹായത്തോടുകൂടി പഞ്ചായത്തിന്റെ ചുമതലയിൽ മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്നതിനും ഇങ്ങനെ അടുപ്പുകൾ ആവശ്യപ്പെടുന്നവർക്ക് നിശ്ചിതകാലയളവുനൽകി ഗഡുക്കളായി ആവരിൽ നിന്ന് വസൂലാക്കി വീട്ടമ്മയുടെ സ്വപ്നം സാക്ഷാൽക്കരിക്കുവാനും, ആരോഗ്യ സംരക്ഷണരംഗത്ത് ഒരു പടി കൂടി മുന്നേറുവാൻ നമ്മുക്ക് കഴിയും.

(ചേർത്തല പട്ടണക്കാട് Arert ന്റെ ആ ഫീസുകളിൽ 300 Rs. അടയ്ക്കുക 150 രൂപാ സബ്സിഡി ലഭിക്കും 3000 രൂപാ യോളം ഈ പദ്ധിയ്ക്ക് ചിലവു വരുന്നതാണ്).

മനുഷ്യദ്ധ്വാനം

ഏതൊരു പഞ്ചായത്തിന്റെയും പരമപ്രധാനമായ വിഭവംമനുഷ്യാദ്ധ്വാനം തന്നെയാണ്. ഗ്രാമസഭക്കളിൽ എല്ലാം തന്നെ ഇതിനെ സംബന്ധിച്ച് ഒട്ടേറെ നിർദേശങ്ങളും ഉയന്നു വന്നിട്ടുണ്ട് ഇത്, ജാതി, മത വിഭാഗീയ ചിന്തകൾക്ക് ഉപരിയായി സ്വന്തം ഗ്രാമത്തിന്റെ പുരോഗതിക്കായി പൂർണ്ണമായും വിനയോഗിക്കപ്പെടണം.

സാമാന്യം ഭേദപ്പെട്ട വിദ്യാഭ്യാസ നിലവാരവും ഉള്ള നമ്മുടെ പഞ്ചായത്തിലെ വിദ്യാസമ്പന്നരായ യുവജനങ്ങളുടെയും, വിദ്യാഭ്യാസരംഗത്ത് സേവനം അനുഷ്ഠിച്ച പെൻഷൻ ആയി കഴിയുന്ന അദ്ധ്യാപകരുടെയും സേവനം പ്രയോജനപ്പെടുത്തി കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയത്തുവാൻ ശ്രദ്ധിക്കപ്പെടണം.

ബഹുജനസംഘടനകൾക്ക് സാമാന്യം ഭേദപ്പെട്ട സ്വാധീനമുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. ഈ ബഹുജനസംഘടനകളുടെയും, സന്നാരിക സംഘടനകളുടെയും ഇടപെടൽ സൃഷ്ടിപരമായ കാര്യങ്ങൾക്കു് കൂടുതൽ ഊന്നൽ നൽകിയാൽ വമ്പിച്ച മാറ്റങ്ങൾ സൃഷ്ടിക്കുവാൻ നമ്മുക്കു കഴിയണം.

മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾ ഗുണകരമാക്കുവുന്ന ചിലമേഖലകൾ മാത്രമാണ്. ഗ്രാമസഭറിപ്പോർട്ടുകളിൽ റോഡുകൾ സംരക്ഷിക്കുന്നതിനും, റോഡുവെട്ടുന്നതിനും, പരിസരമാലിന്യം ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസനിലവാരം, ആരോഗ്യകേന്ദ്രം മെച്ചപ്പെടുത്തുന്നതിനും മൊക്കയുള്ള നിർദേശങ്ങൾ ഉണ്ട്.

ഉപസംഹാരം

വികസനത്തെക്കുറിച്ച് നിലവിലുള്ള അശാസ്ത്രീയമായ സമീപനം തിരിത്തിക്കുറിച്ചുകൊണ്ട്, മറ്റെല്ലാ മേഖലയ്ക്കും ഉപരിയായി കാഷ്ടിക വ്യവസായിക മേഖലകളുടെ വളച്ച്യയിലൂടെയും, ജനകീയ സഹകരണം പരമാവധി അഭ്യർത്ഥിച്ചുകൊണ്ടും സേവമേഖലയുടെ സഹകരണത്തോടെയും നടപ്പിലാക്കേണ്ടവികസന തന്ത്രമാണ് ഇന്ന് നമുക്ക് ആവശ്യം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമ സഭകളിൽ നാടിന്റെ പ്രശ്നവുമായി ഇഴകിച്ചേന്നു് ഗ്രാമീണ സമ്മതിദായകർ ഉന്നയിച്ച പ്രശ്നങ്ങളുടെയും, ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത് സ്ഥിതിവിവര കണക്കുകളും, നാട്ടറിവുകളും, കേട്ട കേൾവികളും,ഈ രേഖയ്ക്ക ആലംബമാക്കിയിട്ടുണ്ട്.

ഉദ്യോഗസ്ഥ വൃന്തത്തിന്റെ വികസനേതര താല്പര്യങ്ങളിൽ കുടുങ്ങികിടക്കുന്ന ഇന്നത്തെ ആസൂത്രണ സംവിധാനം മാറിയേതീരു വികസന പ്രവർത്തനം വിജയിപ്പിക്കണമെങ്കിൽ ജനജാഗ്രതയും ജനപങ്കാളിത്വവും, സുതാര്യതയും ഉണ്ടാകണം. പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിന് സ്വന്തമായി ഫണ്ട് സമാഹരിക്കാനുള്ള ഒരു പുതിയ വിഭവ സമാഹരണപദ്ധതി ഞങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ജനകീയ ആവശ്യങ്ങളുടെയും, പ്രവർത്തനത്തിന്റെ കാര്യക്ഷമതയും, മാനണ്ഡമാക്കി വേണം വികസനപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടത്. 9–ാം പഞ്ചവത്സരപദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായി വർദ്ധിപ്പിച്ച വിഹിതം, ജനപങ്കാളിത്വവും, ജനജാഗ്രതയും, ഉണ്ടെങ്കിൽ മടങ്ങുകളാക്കി വർദ്ധിപ്പിക്കുവാൻ എപ്പോഴും നമ്മുക്കു കഴിയുന്നോ, അപ്പോഴാണ് നാം ശരിയായ ആസൂത്രണവഴിയിൽ എത്തുന്നത്. കക്ഷിരാഷ്ട്രീയത്തിനും,ജാതിമതചിന്തകൾക്കും അതീതമായി ജനത ഒറ്റകെട്ടായി വികസത്തിന്റെ പാതയിൽ മുന്നേറിയാൽ വൻപിച്ച ചലനങ്ങൾ സൃഷ്ടിക്കുവാൻ നമ്മുക്കുകഴിയും.

ഈ രേഖ സംപൂർണ്ണമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല.പെട്ടന്ന് തയ്യാറാക്കിയപ്പോൾ എന്തെങ്കിലു തെറ്റുകളോ, അപര്യാപ്തതയോ, ഉണ്ടായിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുമല്ലോ! പൂർണ്ണതയിൽ എത്തിക്കുന്നതിന് വിശദവും സമഗ്രവുമായ ചർച്ചകൾ അനിവാര്യമാണ്.

മഹത്തായ ഈ പ്രതീക്ഷനിറവേറ്റുവാൻ നമ്മുക്ക് കഴിയട്ടെ എന്ന പ്രത്യാശ, ഈ സമഗ്രവികസന രൂപ രേഖ ഉപസംഹരിച്ച കൊള്ളുന്നു.

വികസനരേഖ തയ്യാറാക്കിയവർ

ആമുഖം	:	Prof: ഉമ്മൻ മാത്യു, ലാലി അലക്സ്, അനിയൻ പുന്നശ്ശേരി
പഠനപര്യടനസംഘം	:	ലാലി അലക്സ്, അനിതാ കുമാരി (കൃഷി ആഫീസർ), P. ജയപ്രകാശ്, P.K. ഗോപിനാഥ്, P.P. തങ്കപ്പൻ, P.V ചാക്കോ
ചരിത്രം	:	നാരായണനാചാരി (കൺവീനർ), P.K. വേണുഗോപാൽ, M.G. കൊച്ചുമോൻ
കൃഷിജലസേചനം	:	മാത്യു ചാണ്ടി(കൺവീനർ), അനിതാ കുമാരി (കൃഷി ആഫീസർ), P.V. ഉത്തമൻ, M.K. ദാമോദരൻ, വിനോയി ജോർജ്ജ്.
മൃഗസംരക്ഷണവും	:	മറിയാമ്മ സ്ക്കറിയ (കൺവീനർ), Dr: പ്രീതി മേരിഉമ്മൻ
മത്സ്യബന്ധനവും	:	(വെറ്റിനറി സർജൻ), ജോജി ജെ വൈലപ്പള്ളി
വിദ്യാഭ്യാസം	:	Prof: ഉമ്മൻ മാത്യു (കൺവീനർ), K.V. മാത്യു, M.K. പരമേശ്വരൻ, മോഹനൻ C.S., അരുൺ കുമാർ, K E. വർഗ്ഗീസ്, ജ്യോത്സിനിയമ്മ
ആരോഗ്യം കുടിവെള്ളം	:	ചിന്നമ്മ മാത്യു (കൺവീനർ), C.K. ബോധാനന്ദൻ, അനിൽ
പരിസരശുചീകരണം	:	C.S.(J.H.I), സാറാമ്മ ജോസഫ്, പ്രജീത് ,നന്ദകുമാർ.K.T.
വ്യവസായം	:	M. വേണുഗോപാൽ (കൺവീനർ), N.K. ശശികുമാർ , മനീഷ് രാമചന്ദ്രൻ
റോഡുകൾ, ഊർജ്ജം	:	അനിയൻ പുന്നശ്ശേരി (കൺവീനർ), P. ജയപ്രകാശ്,
വാർത്താവിനിയം	:	P.V. ജോയിക്കുട്ടി, K.K. ചന്ദ്രശേഖരൻ നായർ, A.C. മോഹൻ
ഭവനനിർമ്മാണം	:	ലാലി അലക്സ് (കൺവീനർ), T.K. തമ്പി, N.G.
ക്ഷേമപ്രവർത്തനം	:	നാരായണപിള്ള , K.K. രാജു
സംസ്ക്കാരം	:	ബേബി ചാണ്ടി (കൺവീനർ), V.P. വിനോദ് കുമാർ
വനിത	:	ലാലി അലക്സ് (കൺവീനർ), ഉഷാ വിക്രമൻ
സഹകരണമേഖല	:	ബാബു വലിയവീടൻ (കൺവീനർ), വേണുഗോപാൽ,M.C. ശശി.
പട്ടിക ജാതി-	:	M.K. ചെല്ലപ്പൻ (കൺവീനർ), M.C. ശശി,
പട്ടിക വർഗ്ഗക്ഷേമം	:	K A. കുഞ്ഞുമോൻ
വിഭവ സമാഹരണം	:	ലാലി അലക്സ് (കൺവീനർ), P.K. വേണുഗോപാൽ, N.K. ശശികുമാർ

Cover Printed at St. George Offset Edathua

THALAVADY GRAMA PANCHAYAT



NOT TO SCALE